# സുരക്ഷാമുൻകരുതലുകൾ സംബന്ധിച്ച സുരക്ഷാ നടപടിക്രമങ്ങളുടെ നോട്ടീസ്

അവസാനമായി അപ്ഡേറ്റ് ചെയ്തത് 10/16/18

*ശ്രദ്ധയ്ക്ക് ഈ ഡോക്യുമെൻറ് ഉപയോഗിക്കാനുള്ള എളുപ്പത്തിനായി മിഷിഗണ് ഡിപ്പാർട്ട്മെൻറ് ഓഫ് എജ്യുക്കേഷൻ ഡിപ്പാർട്ട്മെൻറിൻറെ ആദർശപ്രകാരം നിജപ്പെടുത്തിയിരിക്കുന്നു ഉള്ളടക്കത്തില് മറ്റു മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.*

MICHIGAN Department of Education

മിഷിഗണ്ഡിപ്പാർട്ട്മെൻറ് ഓഫ് എജ്യുക്കേഷൻ

പ്രത്യേക വിദ്യാഭ്യാസത്തിൻറെ ഓഫീസ്

**സ്റ്റേറ്റ് ബോർഡ് ഓഫ് എജ്യുക്കേഷൻ**

Casandra E. Ulbrich, കോ-പ്രസിഡൻറ്

Richard Zeile, കോ-പ്രസിഡൻറ്

Michelle Fecteau, സെക്രട്ടറി

Tom McMillin, ട്രെഷറർ

Nikki Snyder, NASBE ഡെലിഗേറ്റ്

Pamela Pugh
Lupe Ramos-Montigny
Eileen Lappin Weiser

**എക്സ്-ഓഫീസിയോ**

Rick Snyder, ഗവർണർ

Rick Snyder, ഇടക്കാല സ്റ്റേറ്റ് സൂപ്രണ്ട്

**മിഷിഗണ് ഡിപ്പാർട്ട്മെൻറ് ഓഫ് എജ്യുക്കേഷൻ** ***[Michigan Department of Education (MDE)]***

പ്രത്യേക വിദ്യാഭ്യാസത്തിൻറെ ഓഫീസ്

608 West Allegan Street
P.O. Box 30008
Lansing, MI 48909
517-241-7075
*MDE* വെബ്സൈറ്റ് (*www.michigan.gov/MDE*)

വികലാംഗരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച ഫെഡറല്‌നിയമം ഇൻഡ്യുജ്വല്സ് വിത്ത് ഡിസെബിലിറ്റീസ് എജ്യുക്കേഷൻ ആക്റ്റ് *[Individuals with Disabilities Act (IDEA)]* പ്രകാരം വികലാംഗരായ മാതാപിതാക്കൾക്ക് U.S ഡിപ്പാർട്ട്മെൻറ് ഓഫ് എജ്യുക്കേഷൻ റെഗുലേഷൻസും *IDEA* യും ചേർന്ന് നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാമുൻകരുതലുകൾ സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കുന്ന തരത്തിലുള്ള നോട്ടീസ് ലഭ്യമാക്കിയിരിക്കണം. ഈ നോട്ടാസിൻറെ ഒരു പകർപ്പ് രക്ഷിതാക്കൾക്ക് ഒരു അദ്ധ്യയനവർഷത്തില്ഒരിക്കലെങ്കിലും കൈമാറേണ്ടതാണ്, അല്ലാത്ത പക്ഷം ഒരു പകർപ്പ് രക്ഷിതാക്കൾക്ക് കൊടുക്കേണ്ടതാണ്; (1) രക്ഷിതാവിൻറെ പുനർമൂല്യനിർണയത്തിനുള്ള അപേക്ഷപ്രകാരം അല്ലെങ്കില് ആദ്യത്തെ ശുപാർശ പ്രകാരം; (2) ഒരു അദ്ധ്യയനവർഷത്തില് സെക്ഷൻ 34 *CFR* §§300.131151 വഴി സെക്ഷൻ 300.153 പ്രകാരം സ്റ്റേറ്റിൻറെ പരാതി ലഭിക്കുന്ന പക്ഷവും സെക്ഷൻ §300.507 പ്രകാരം പദ്ധതിയുടെ കാലതാമസത്തിൻമേലുള്ള പരാതിയും; (3) ശിക്ഷണനടപടിയുടെ ഭാഗമായും (4) രക്ഷിതാവിൻറെ നിർദ്ദേശപ്രകാരവും സ്ഥലം മാറുന്നതുമായി സംബന്ധിച്ച തീരുമാനങ്ങളെടുക്കേണ്ടി വരുമ്പോൾ[34 *CFR* §300 504 (a)]

സുരക്ഷാമുൻകരുതലുകളെക്കുറിച്ചുള്ള നോട്ടീസില് സെക്ഷൻ §300.148 (പൊതു ചിലവില്സ്വകാര്യ സ്കൂളിലുകളിലുള്ള ഏകപക്ഷമായ നിയമനം), സെക്ഷൻ §§300.151 വഴി 300.153(സ്റ്റേറ്റ് പരാതി നടപടിക്രമങ്ങൾ), സെക്ഷൻ §300.300 (അനുമതി), §§300.502 വഴി 300.503, §§300.505 വഴി 300.518, §§300.530 വഴി 300.536 (പാർട്ട് B റഗുലേഷൻസിലെ സബ് പാർട്ട് E യിലെ സുരക്ഷാമുൻകരുതലുകളെക്കുറിച്ചുള്ള നടപടിക്രമങ്ങൾ), §§300.610 വഴി 300.625 (സബ്പാർട്ട് F – ല്ലൊടുത്ത വിവരങ്ങളുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കേണ്ടതിനെപ്പറ്റി) എന്നിവ പ്രകാരമുള്ള സുരക്ഷാമുൻകരുതലുകളുടെ നടപടികളെക്കുറിച്ചുള്ള എല്ലാ വിശദവിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കണം.

താഴെക്കൊടുത്തിരിക്കുന്ന ചുരുക്കെഴുത്തുകൾ ഈ ഡോക്യുമെൻറിലുടനീളം ഉപയോഗിച്ചിരിക്കുന്നു.

| | |
|---|---|
| ALJ | അഡ്മിനിസ്ട്രേറ്റീവ് ലോ ജഡ്ജി *[Administrative Law Judge]* |
| BIP | സ്വഭാവ രൂപീകരണ പദ്ധതി *[Behavioral Intervention Plan]* |
| FAPE | സൌജന്യ അനുയോജ്യ പൊതു വിദ്യാഭ്യാസം *[Free Appropriate Public Education]* |
| FERPA | കുടുംബ വിദ്യാഭ്യാസ അവകാശങ്ങളും സ്വകാര്യതയും സംബന്ധിച്ച നിയമം *[Family Educational Rights and Privacy Act]* |
| FBA | നിർവ്വഹണപരമായ സ്വഭാവ നിർണ്ണയം *[Functional Behavioral Assessment]* |
| IDEA | വൈകല്യമുള്ള കുട്ടികളെ സംബന്ധിച്ച വിദ്യാഭ്യാസ നിയമം *[Individuals with Disabilities Education Act]* |
| IEE | സ്വതന്ത്ര വിദ്യാഭ്യാസ മൂല്യനിർണ്ണയം *[Independent Educational Evaluation]* |
| IEP | വ്യക്തിഗത വിദ്യാഭ്യാസ പദ്ധതി *[Individualized Education Program]* |
| MDE | മിഷിഗണ്വിദ്യാഭ്യാസ വകുപ്പ് *[Michigan Department of Education]* |
| OSE | പ്രത്യേക വിദ്യാഭ്യാസത്തിൻറെ ഓഫീസ് *[Office of Special Education]* |
| SOAHR | അഡ്മിനിസ്ട്രേറ്റീവ് വാദം കേൾക്കലുകളുടേയും നിയമങ്ങളുടേയും സ്റ്റേറ്റ് ഓഫീസ് [State Office of Administrative Hearings and Rules] |

## *ഉള്ളടക്കം*

സുരക്ഷാമുൻകരുതലുകൾ സംബന്ധിച്ച സുരക്ഷാ നടപടിക്രമങ്ങളുടെ നോട്ടീസ്....................13

പൊതു വിവരങ്ങൾ....................13

മുന്നറിയിപ്പ്....................13

*34 CFR §300.503*....................13

നോട്ടീസ്....................13

നോട്ടീസിൻറെ ഉള്ളടക്കം....................13

നോട്ടീസ് പ്രകാരമുള്ള വ്യക്തിഗത വിദ്യാഭ്യാസ പദ്ധതിയുടെ ഉപയോഗം....................14

നോട്ടീസ് ലളിതമായ ഭാഷയിലുള്ളതായിരിക്കണം....................14

മാതൃഭാഷ....................15

*34 CFR §300.29*....................15

ഇലക്ട്രോണിക് മെയില്....................15

*34 CFR §300.505*....................15

രക്ഷിതാവിൻറെ അനുവാദം- നിർവ്വചനം....................16

*34 CFR §300.9*....................16

അനുവാദം ....................16

രക്ഷിതാവിൻറെ അനുമതി....................16

*34 CFR §300.300*....................16

പ്രാരംഭ മൂല്യനിർണ്ണയത്തിനുള്ള അനുമതി....................16

സ്റ്റേറ്റിൻറെ ആശ്രിതരുടെ പ്രാരംഭമൂല്യനിർണ്ണയത്തെ സംബന്ധിച്ച പ്രത്യേകനിയമങ്ങൾ....................17

അനുബന്ധസേവനങ്ങൾക്കായി വേണ്ട രക്ഷിതാവിൻറെ അനുമതി....................18

രക്ഷിതാവിൻറെ അനുമതി തിരിച്ചെടുക്കല്....................19

പുനർമൂല്യനിർണ്ണയത്തിനായുള്ള രക്ഷിതാവിൻറെ അനുമതി....................................20

രക്ഷിതാവിൻറെ അനുമതി വാങ്ങുന്നതിനുള്ള യുക്തമായ ശ്രമങ്ങളുടെ രേഖപ്പെടുത്തല്.........................................................................................20

അനുമതിയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ.........................................................21

സ്വതന്ത്ര വിദ്യാഭ്യാസമൂല്യനിർണ്ണയങ്ങൾ..................................................................21

*34 CFR §300.502*.............................................................................................21

പൊതുവായത് ...................................................................................................21

നിർവ്വചനങ്ങൾ....................................................................................................22

പൊതുചിലവിവല്മല്യനിർണ്ണയംനടത്തുവാനുള്ള രക്ഷിതാവിൻറെ അവകാശം .....22

രക്ഷിതാവ് മുൻകയ്യെടുത്ത് നടത്തുന്ന മൂല്യനിർണ്ണയങ്ങൾ.......................................23

മൂല്യനിർണ്ണയത്തിനായി ഭരണാധികാര നിയമ ജഡ്ജി മുഖാന്തിരമുള്ള അപേക്ഷകൾ ...............................................................................................................................23

സ്കൂൾ ജില്ലാ മാനദണ്ഡങ്ങൾ ..........................................................................23

വിവരങ്ങളുടെ രഹസ്യസ്വഭാവം..................................................................................24

നിർവ്വചനങ്ങൾ.......................................................................................................24

*34 CFR §300.611*.............................................................................................24

വ്യക്തിഗത തിരിച്ചറിയല്വിവരങ്ങൾ ....................................................................24

*34 CFR §300.32*...............................................................................................24

രക്ഷിതാക്കൾക്കുള്ള നോട്ടീസ്...................................................................................25

*34 CFR §300.612*.............................................................................................25

വിവരം പരിശോധിക്കാനുള്ള അവകാശങ്ങൾ...........................................................26

*34 CFR §300.613*.............................................................................................26

വിവരങ്ങൾ പരിശോധിക്കുന്നതിൻറെ രേഖകൾ........................................................27

*34 CFR §300.614*.............................................................................................27

ഒന്നില്കൂടുതല്കുട്ടികളുടെരേഖകൾ ....................27
*34 CFR §300.615*....................27
വിവരങ്ങളുടെ ഇനങ്ങളുടേയും സ്ഥലങ്ങളുടേയും പട്ടിക....................27
*34 CFR §300.616*....................27
ഫീസ്....................27
*34 CFR §300.617*....................27
രക്ഷിതാവിൻറെ അപേക്ഷപ്രകാരം രേഖകകളില്വരുത്തുന്നഭേദഗതി ....................28
*34 CFR §300.618*....................28
വിചാരണയ്ക്കുള്ള അവസരം....................28
*34 CFR §300.619*....................28
വാദം കേൾക്കല്നടപടി ക്രമങ്ങൾ ....................28
*34 CFR §300.621*....................28
വാദം കേൾക്കലിൻറെ ഫലം ....................29
*34 CFR §300.620*....................29
വ്യക്തിഗത തിരിച്ചറിയല്വിവരങ്ങൾവെളിപ്പെടുത്തുവാനുള്ള അനുമതി ....................29
*34 CFR §300.622*....................29
സുരക്ഷാമുൻകരുതലുകൾ....................30
*34 CFR §300.623*....................30
വിവരങ്ങളുടെ നശീകരണം....................30
*34 CFR §300.624*....................30
വിദ്യാർത്ഥികളുടെ അവകാശങ്ങൾ....................31
*34 CFR §300.625*....................31
മദ്ധ്യസ്ഥത....................32
മദ്ധ്യസ്ഥത ....................32
*34 CFR §300.506*....................32

പൊതുവായത്........................................................................................................32
ആവശ്യമായവ......................................................................................................32
മദ്ധ്യസ്ഥത വഹിക്കുന്ന ആളിൻറെ നിഷ്പക്ഷത.......................................................34
സ്റ്റേറ്റിൻറെ പരാതി നടപടി ക്രമങ്ങൾ..............................................................................35
കാലതാമസത്തിൻമേലുള്ള പരാതിയുടെ നടപടി ക്രമങ്ങളും സ്റ്റേറ്റിൻറെ പരാതി നടപടിക്രമങ്ങളും തമ്മിലുള്ള വ്യത്യാസം ......................................................................35
സ്റ്റേറ്റിൻറെ പരാതി നടപടി ക്രമങ്ങൾ സ്വീകരിക്കല്.........................................................35
*34 CFR §300.151*.......................................................................................................35
പൊതുവായത്........................................................................................................35
ആവശ്യമായ സേവനം കിട്ടാതെ വരുമ്പോഴുള്ള പ്രതിവിധികൾ...............................36
മിനിമം സ്റ്റേറ്റ് കംപ്ലയിൻറ് നടപടിക്രമങ്ങൾ.........................................................................36
*34 CFR §300.152*.......................................................................................................36
കാലാവധി; മിനിമം നടപടിക്രമങ്ങൾ.......................................................................36
കാലാവധി നീട്ടിവെയ്ക്കല്; അന്തിമതീർപ്പ്; നടപ്പിലാക്കല് ...........................................37
സ്റ്റേറ്റ് കംപ്ലയിൻറും മുറപ്രകാരമുള്ള വാദം കേൾക്കലും ........................................37
സ്റ്റേറ്റ് കംപ്ലയിൻറ് ഫയല്ചെയ്യുന്നവിധം ....................................................................38
*34 CFR §300.153*.......................................................................................................38
മുറപ്രകാരമുള്ള പരാതിയുടെ നടപടിക്രമങ്ങൾ..................................................................40
മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യുന്നവിധം ..............................................................40
*34 CFR §300.507*.......................................................................................................40
പൊതുവായത്........................................................................................................40
രക്ഷിതാക്കൾക്കുള്ള വിവരങ്ങൾ..............................................................................40
മുറപ്രകാരമുള്ള പരാതി ......................................................................................................40

*34 CFR §300.508*.....40
പൊതുവായത്.....40
പരാതിയിലെ ഉള്ളടക്കം.....41
മുറപ്രാരമുള്ള പരാതിയില്വാദംകേൾക്കലിനു മുമ്പ് ആവശ്യമുള്ള നോട്ടീസ് .....41
പരാതിയുടെ കാര്യക്ഷമത.....41
പരാതിയുടെ ഭേദഗതി.....42
മുറപ്രകാരമുള്ള പരാതിയോടുള്ള സ്കൂൾ ജില്ലയുടെ പ്രതികരണം.....42
മുറപ്രകാരമുള്ള പരാതിയോടുള്ള മറ്റേ കക്ഷിയുടെ പ്രതികരണം.....43
മാതൃകാ ഫോറങ്ങൾ .....43
*34 CFR §300.509*.....43
മുറപ്രകാരമുള്ള പരാതിയും വാദം കേൾക്കലും നടന്നുകൊണ്ടിരിക്കുമ്പോൾ കുട്ടിയുടെ സ്ഥാനം .....43
*34 CFR §300.518*.....43
നിർണ്ണയ പ്രക്രിയ.....44
*34 CFR §300.510*.....44
കാരണം കാണിക്കല്കൂടിക്കാഴ്ച്.....44
നിർണ്ണയത്തിനുള്ള കാലാവധി.....45
30 കലണ്ടർ ദിവസങ്ങളുടെ സമയക്രമത്തില്നല്കുന്നഇളവുകൾ .....46
രേഖാമൂലമുള്ള ഒത്തുതീർപ്പ് സമ്മതിപത്രം.....47
സമ്മതപത്രം പുനരവലോകനം നടത്തുന്നതിനുള്ള സമയപരിധി.....47
മുറപ്രകാരമുള്ള പരാതികളിലെ വാദം കേൾക്കല്.....48
നിഷ്പക്ഷമായ മുറപ്രകാരമുള്ള വാദം കേൾക്കല് .....48
*34 CFR §300.511*.....48

പൊതുവായത്.....48
നിഷപക്ഷനായ അഡ്മിനിസ്ട്രേറ്റീവ് ലോ ജഡ്ജി.....48
മുറപ്രകാരമുള്ള വാദം കേൾക്കലിൻറെ വിഷയം.....49
വാദം കേൾക്കലിന് അപേക്ഷിക്കുന്നതിനുള്ള സമയക്രമം.....49
സമയക്രമത്തിനുള്ള ഇളവുകൾ.....49
വാദം കേൾക്കലിനുള്ള അവകാശം .....49
*34 CFR §300.512*.....49
പൊതുവായത്.....49
വിരങ്ങളുടെ അധികമുള്ള രേഖപ്പെടുത്തലുകൾ.....50
വാദം കേൾക്കലില്രക്ഷിതാവിനുള്ളഅവകാശങ്ങൾ .....50
വാദം കേൾക്കലിലെ തീരുമാനങ്ങൾ .....50
*34 CFR §300.513*.....50
അഡ്മിനിസ്ട്രേറ്റീവ് ലോ ജഡ്ജിയുടെ തീരുമാനം.....50
നിർമ്മിതി നിബന്ധന.....51
മുറപ്രകാരമുള്ള വാദം കേൾക്കലിനുള്ള പ്രത്യേക അപേക്ഷ .....51
ഉപദേശക സമിതിയ്ക്കും പൊതു ജനത്തിനായും ഉള്ള കണ്ടെത്തലുകളും തീർപ്പുകളും 51
അപ്പീലുകൾ .....52
തീർപ്പ്; അപ്പീല്; നിഷ്പക്ഷമായ പരിശോധന എന്നിവയുടെ അന്തിമനില .....52
*34 CFR §300.514*.....52
വാദം കേൾക്കലിൻറെ തീർപ്പിൻറെ അന്തിമനില .....52
വാദം കേൾക്കലുകളുടെ സമയക്രമവും സൌകര്യവും .....52
*34 CFR §300.515*.....52
സിവില്ആക്ഷനുകളുംആ ആക്ഷനുകൾ ഫയല്ചെയ്യുന്നതിനുള്ളസമയക്രമങ്ങളും .....53

*34 CFR §300.516*......53
പൊതുവായത്......53
സമയ പരിധി......53
അധികമായുള്ള നടപടിക്രമങ്ങൾ ......53
ജില്ലാ കോടതികളുടെ അധികാര പരിധി......53
നിർമ്മിതിയുടെ നിയമം......53
വക്കീല്ഫീസ്......54
*34 CFR §300.517*......54
പൊതുവായത്......54
ഫീസ് നല്കല്......55
വൈകല്യമുള്ള കുട്ടികളെ അച്ചടക്കം പരിശീലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ......57
സ്കൂൾ ജീവനക്കാരുടെ അധികാരം......57
*34 CFR §300.530*......57
കേസ്-ബൈ-കേസ് തീരുമാനമെടുക്കല്......57
പൊതുവായത്......57
അധികമുള്ള അധികാരം......57
സേവനങ്ങൾ......58
വൈകല്യങ്ങളുടെ ആവിർഭാവം തീരുമാനിക്കല്......59
കുട്ടിയുടെ വൈകല്യത്തിൻറെ ആവിർഭാവമായിരുന്നു ആ സ്വഭാവം എന്ന് തീരുമാനിക്കല്......60
പ്രത്യേക സാഹചര്യങ്ങൾ......60
നിർവ്വചനങ്ങൾ ......61

വിജ്ഞാപനം....61

അച്ചടക്ക നടപടിയുടെ ഭാഗമായുള്ള സ്ഥലം മാറ്റലുകൾ....61

*34 CFR §300.536*....61

സംവിധാനത്തിൻറെ തീരുമാനം....62

*34 CFR §300.531*....62

അപ്പീല്....62

*34 CFR §300.532*....62

പൊതുവായത്....62

അഡ്മിനിസ്ട്രേറ്റീവ് ലോ ജഡ്ജിയുടെ അധികാരം....63

അപ്പീലിൻറെ സമയത്തെ കുട്ടിയുടെ സ്ഥാനം....64

*34 CFR §300.533*....64

പ്രത്യേക വിദ്യാഭ്യാസത്തിനും അനുബന്ധ സേവനങ്ങൾക്കും ഇനിയും അർഹരായിട്ടില്ലാത്ത കുട്ടികളുടെ സംരക്ഷണം....64

*34 CFR §300.534*....64

പൊതുവായത്....64

അച്ചടക്ക നടപടികളിലെ വിവരങ്ങളുടെ അടിസ്ഥാനം....64

ആക്ഷേപങ്ങൾ....65

അടിസ്ഥാനമായ വിവരങ്ങളില്ലെങ്കില്ബാധകമാവുന്നനിബന്ധനകൾ ....65

നിയമ നിർവ്വഹണ സമിതിയുടേയും നിയമ അധികൃതരുടേയും നടപടികളും തിരിച്ചയയ്ക്കലും ....66

*34 CFR §300.535*....66

റെക്കോർഡുകൾ അയയ്ക്കല്....66

ഏകപക്ഷീയമായ കുട്ടിയെ പൊതു ചിലവില്സ്വകാര്യസ്കൂളുകളില്ചേർക്കുന്നതിനുള്ളള്ള ആവശ്യകതകൾ....67

പൊതുവായത് ....67

*34 CFR §300.148*......67
സ്വകാര്യ സ്കൂളില്ചേരുവാൻചിലവായ പണം നല്കല് ......67
ചിലവായ പണം നല്കുന്നതിനുള്ളപരിധി ......67
പ്രായപൂർത്തിയാകുമ്പോൾ രക്ഷിതാവിൻറെ അവകാശം കൈമാറുന്നത് ......68
*34 CFR §300.520*......68
അനുബന്ധം A- ഫെഡറല്നിർവ്വചനങ്ങൾ......69
മാരകമായ ശാരീരിക പരിക്ക്......69
*18 USC 1365(h)*......69
ആയുധം......69

# സുരക്ഷാമുൻകരുതലുകൾ സംബന്ധിച്ച സുരക്ഷാ നടപടിക്രമങ്ങളുടെ നോട്ടീസ്

## പൊതു വിവരങ്ങൾ

### മുന്നറിയിപ്പ്

**34 *CFR* §300.503**

**നോട്ടീസ്**

നിങ്ങളുടെ സ്കൂൾ ജില്ല(നോട്ടീസിലെ സ്കൂൾ ജില്ല എന്ന പദം പബ്ലിക് സ്കൂൾ അക്കാദമിയെയാണ് സൂചിപ്പിക്കുന്നത്) താഴെപ്പറയുന്ന സാഹചര്യങ്ങളില്നിങ്ങൾക്ക് എഴുതിതയ്യാറാക്കിയ നോട്ടീസ് നല്കേണ്ടതാണ്.:

1. നിങ്ങളുടെ കുട്ടിയുടെ തിരിച്ചറിയല്, മൂല്യനിർണയം, അല്ലെങ്കില്വിദ്യാഭ്യാസ നിയമനം അല്ലെങ്കില്സൌജന്യപൊതുവിദ്യാഭ്യാസത്തിനുള്ള പദ്ധതി *[Free Appropriate Public Education (FAPE)]* എന്നീ കാര്യങ്ങളിലേതിലെങ്കിലും തീരുമാനമെടുക്കുമ്പോഴോ അല്ലെങ്കില്മാറ്റം വരുത്താനുദ്ദേശിക്കുമ്പോഴോ
2. നിങ്ങളുടെ കുട്ടിയുടെ തിരിച്ചറിയല്, മൂല്യനിർണയം, അല്ലെങ്കില് വിദ്യാഭ്യാസ നിയമനം അല്ലെങ്കില്സൌജന്യപൊതുവിദ്യാഭ്യാസത്തിനുള്ള പദ്ധതി *[Free Appropriate Public Education (FAPE)]* എന്നീ കാര്യങ്ങളിലേതിലെങ്കിലും തീരുമാനമെടുക്കുന്നത് നിരസിക്കാനിടയാവുന്ന സാഹചര്യങ്ങളില്

**നോട്ടീസിൻറെ ഉള്ളടക്കം**

എഴുതിതയ്യാറാക്കിയ നോട്ടീസ് തീർച്ചയായും:

1. സ്കൂൾ ജില്ല മുന്നോട്ടുവെയ്ക്കുന്നതോ നിരസിക്കുന്നതോ ആയ പ്രവൃത്തിയെ വിശദീകരിക്കണം;
2. എന്തുകൊണ്ടാണ് സ്കൂൾ ജില്ല ആ പ്രവൃത്തി നിരസിക്കുന്നത്, അല്ലെങ്കില്മുന്നോട്ടുവെയ്ക്കുന്നത്;
3. ആ പ്രവൃത്തി നിരസിക്കുവാനോ മുന്നോട്ടുവെയ്ക്കാനോ കാരണമായി സ്കൂൾ ജില്ല മുന്നോട്ടുവെച്ച ഓരോ മൂല്യനിർണയപ്രക്രിയയുടേയും നിർണയത്തിൻറെയും റെക്കോഡിൻറെയും അല്ലെങ്കില്റിപ്പോർട്ടിൻറെയും വിശദാംശങ്ങൾ വിശദീകരിക്കണം.

4. വൈകല്യമുള്ള കുട്ടികളെ സംബന്ധിച്ച വിദ്യാഭ്യാസ നിയമപ്രകാരം *[Individuals with Disabilities Education Act (IDEA)]* സുരക്ഷാമുൻകരുതലുകൾ സംബന്ധിച്ച നടപടിക്രമങ്ങൾ പാർട്ട് B-യില്പറയുന്നതനുസരിച്ചുള്ള സംരക്ഷണം നിങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നുറപ്പുവരുത്തിക്കൊണ്ടുള്ള പ്രസ്താവന അടങ്ങിയിരിക്കണം;
5. നിങ്ങളുടെ സ്കൂൾ ജില്ല നിരസിക്കുന്നതോ മുന്നോട്ടുവെയ്ക്കുന്നതോ ആയ പ്രവൃത്തി മൂല്യനിർണയത്തിനുള്ള ആദ്യ ശുപാർശയല്ലാത്ത പക്ഷം എങ്ങിനെ നിങ്ങൾക്ക് സുരക്ഷാ മുൻകരുതലുകളെക്കുറിച്ചുള്ള നടപടിക്രമങ്ങളുടെ വിശദീകരണം ലഭ്യമാവും എന്ന് പറഞ്ഞിരിക്കണം;
6. *IDEA* യിലെ പാർട്ട് B മനസ്സിലാക്കാൻ ബുദ്ധിമുട്ട് നേരിടുന്ന പക്ഷം സഹായം നേടുന്നതിനായി ബന്ധപ്പെടേണ്ട മറ്റുപാധികൾ
7. നിങ്ങളുടെ കുട്ടിയുടെ വ്യക്തിഗത വിദ്യാഭ്യാസ പദ്ധതി *[Individualized Education Program (IEP)]* ടീം കുട്ടിയ്ക്കായി നിർദ്ദേശിച്ച മറ്റു പദ്ധതികളും അവ നിരസിക്കാനുണ്ടായ കാരണങ്ങളും;
8. നിങ്ങളുടെ സ്കൂൾ ജില്ല നിരസിക്കുവാനോ മുന്നോട്ടുവെയ്ക്കുവാനോ ഉണ്ടായ മറ്റു കാരണങ്ങളുടെ വിശദീകരണം.

**നോട്ടീസ് പ്രകാരമുള്ള വ്യക്തിഗത വിദ്യാഭ്യാസ പദ്ധതിയുടെ ഉപയോഗം**

ഒരു പൊതു ഏജൻസിക്ക് മുൻകൂർ എഴുതിതയ്യാറാക്കിയ നോട്ടീസ് പ്രകാരം *IEP* ഉപയോഗിക്കാവുന്നതാണ്, ഇതിനായി രക്ഷിതാവിന് ലഭിക്കുന്ന ഡോക്യുമെൻറ് §300.503 ലെ വ്യവസ്ഥകൾക്ക് ബാധകമായിരിക്കും.

**നോട്ടീസ് ലളിതമായ ഭാഷയിലുള്ളതായിരിക്കണം**

നോട്ടീസ് തീർച്ചയായും:

1. സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിലുള്ളതായിരിക്കണം;
2. നിങ്ങളുടെ മാതൃഭാഷയിലോ അല്ലെങ്കില്നിങ്ങൾ വിനിമയത്തിനായി ഉപയോഗിക്കുന്ന മറ്റുരീതികളിലോ ആയിരിക്കണം, നിങ്ങളുടെ വിനിമയോപാധികളില്അതിനുള്ള സൌകര്യമില്ലെങ്കില്മാത്രമേ മറ്റുപാധികൾ തേടാവൂ.

നിങ്ങളുടെ മാതൃഭാഷ അല്ലെങ്കില്മറ്റു വിനിമയരീതികൾ എവുതപ്പെടുന്ന ഒരു ഭാഷ അല്ലാത്ത പക്ഷം, നിങ്ങളുടെ സ്കൂൾ ജില്ല ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ:

1. നോട്ടീസ് നിങ്ങൾക്കായി നിങ്ങളുടെ മാതൃഭാഷയിലേയ്ക്ക് വാചികമായോ മറ്റു വിനിമയരീതികളിലേയ്ക്കോ വിവർത്തനം ചെയ്തു നല്കണം;

2. നിങ്ങൾക്ക് നോട്ടീസിൻറെ ഉള്ളടക്കം പൂർണ്ണമായും മനസ്സിലാക്കിയെന്നുറപ്പുവരുത്തണം;
3. 1 ഉം 2 ഉം കാര്യങ്ങൾ നടപ്പിലായി എന്നതിന് രേഖപ്പെടുത്തിയ തെളിവ്.

### മാതൃഭാഷ

**34 *CFR* §300.29**
ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം കുറഞ്ഞ ആളുകളുടെ അടുത്ത് പ്രയോഗിക്കുമ്പോൾ, മാതൃഭാഷ എന്നതുകൊണ്ടുദ്ദേശിക്കുന്നത് താഴെക്കൊടുത്തവയാണ്:

1. അയാൾ സാധാരണയായി ഉപയോഗിക്കുന്ന ഭാഷ, അല്ലെങ്കില്, കുട്ടിയുടെ കാര്യത്തില്കുട്ടിയുടെ രക്ഷിതാക്കൾ ഉപയോഗിക്കുന്ന ഭാഷ;
2. കുട്ടിയുമായി നേരിട്ട് സംവദിക്കുമ്പോഴെല്ലാം ഉപയോഗിക്കുന്ന ഭാഷ(കുട്ടിയുടെ മൂല്യനിർണ്ണയമുൾപ്പടെ), കുട്ടി സാധാരണയായി വീട്ടിലോ പഠിക്കുന്ന സാഹചര്യങ്ങളിലോ ഉപയോഗിക്കുന്ന ഭാഷ.

കാഴ്ചാവൈകല്യമോ ശ്രവണവൈകല്യമോ ഉള്ള വ്യക്തിയാണെങ്കില്, അല്ലെങ്കില്എഴുതപ്പെട്ട ഭാഷയില്ലാത്ത വ്യക്തിയാണെങ്കില്ആ വ്യക്തി സ്ഥിരമായി ഉപയോഗിക്കുന്ന വിനിമയരീതിയിലായിരിക്കണം ആശയവിനിമയം നടത്തേണ്ടത്. (ചിഹ്നഭാഷ. ബ്രൈല്ലിപി, വാചികവിനിമയം എന്നിങ്ങനെ)

### ഇലക്ട്രോണിക് മെയില്

**34 *CFR* §300.505**
നിങ്ങളുടെ സ്കൂൾ ജില്ല രക്ഷിതാവിന് ഡോക്യുമെൻറുകൾ ഇ-മെയില്വഴി സ്വീകരിക്കുവാനുള്ള സൌകര്യമൊരുക്കുന്നുണ്ടെങ്കില്നിങ്ങൾക്ക് താഴെക്കൊടുത്തവ ഇ-മെയില്വഴി സ്വീകരിക്കാവുന്നതാണ്:

1. മുൻകൂർ എഴുതിതയ്യാറാക്കിയ നോട്ടീസ്;
2. സുരക്ഷാ മുൻകരുതല് നടപടിക്രമനോട്ടീസ്;
3. പദ്ധതികളുടെ കാലതാമസം സംബന്ധിച്ച പരാതിയുമായ ബന്ധപ്പെട്ട നോട്ടീസുകൾ

രക്ഷിതാവിൻറെ അനുവാദം- നിർവ്വചനം

**34 *CFR* §300.9**

**അനുവാദം**

അനുവാദം എന്നതു കൊണ്ടുദ്ദേശിക്കുന്നത്:

1. നിങ്ങൾ അനുമതി കൊടുക്കുന്ന പ്രവൃത്തിയുടെ വിവരങ്ങളെപ്പറ്റിയുള്ള പൂർണ്ണവിവരങ്ങൾ നിങ്ങളുടെ മാതൃഭാഷയിലോ അല്ലെങ്കില്മറ്റു വിനിമയോപാധികളിലൂടെയോ (ചിഹ്നഭാഷ ബ്രെയില്ലിപി, വാചികവിനിമയം തുടങ്ങിയവ) നിങ്ങളെ പൂർണ്ണമായും ബോദ്ധ്യപ്പെടുത്തിയിരിക്കണം.
2. നിങ്ങൾ ആ പ്രവൃത്തിയെപ്പറ്റി മനസ്സിലാക്കുകയും സമ്മതിക്കുകയും അനുമതിപത്രത്തില്പ്രവൃത്തയെപ്പറ്റിയുള്ള വിശദീകരണവും അനുബന്ധരേഖകളും അത് സമർപ്പിക്കുന്ന ആളുകളുടെ വിവരം;
3. നിങ്ങളുടെ സ്വമേധയാലുള്ള അനുമതിയാണതെന്നും അത് നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതാണെന്നും നിങ്ങൾ മനസ്സിലാക്കിയിരിക്കണം.

നിങ്ങൾ അനുമതി പിൻ വലിക്കുന്ന പക്ഷം മുൻപ് അനുമതി കൊടുത്തതും നടന്നുകഴിഞ്ഞതുമായ പ്രവൃത്തിയ്ക്ക് മാറ്റം വരുന്നതായിരിക്കില്ല.

**രക്ഷിതാവിൻറെ അനുമതി**

**34 *CFR* §300.300**

**പ്രാരംഭ മൂല്യനിർണ്ണയത്തിനുള്ള അനുമതി**

**രക്ഷിതാവിൻറെ അനുവാദം — നിർവ്വചനം** എന്ന ഭാഗത്ത് കൊടുത്തിട്ടുള്ള പ്രകാരം നിങ്ങൾക്ക്മുൻകൂർ എഴുതിതയ്യാറാക്കിയ നോട്ടീസ് നല്കി നിങ്ങളുടെ അനുമതി വാങ്ങിയല്ലാതെ നിങ്ങളുടെ സ്കൂൾ ജില്ലയ്ക്ക് നിങ്ങളുടെ കുട്ടിയ്ക്ക് *IDEA* യിലെ പാർട്ട് B പ്രകാരം സ്പെഷല്എജ്യുക്കേഷനോ അനുബന്ധആനുകൂല്യങ്ങളോ നേടാൻ അർഹതയുണ്ടോ എന്ന് പരിശോധിക്കുവാൻ പ്രാരംഭമൂല്യനിർണ്ണയം നടത്തുവാൻ സാധിക്കുകയില്ല.

നിങ്ങളുടെ കുട്ടിയ്ക്ക് എന്തെങ്കിലും തരത്തിലുള്ള വൈകല്യമുണ്ടന്ന് തെളിയിക്കാൻ പ്രാരംഭമൂല്യനിർണ്ണയം നടത്തുന്നതിന് നിങ്ങളുടെ അനുമതി നേടുന്നതിനായി സ്കൂൾ ജില്ല യുക്തമായ നടപടികൾ സ്വീകരിച്ചിരിക്കണം.

പ്രാരംഭമൂല്യനിർണ്ണയത്തിനായുള്ള നിങ്ങളുടെ അനുമതി കുട്ടിയ്ക്ക് പ്രത്യേകവിദ്യാഭ്യാസവും അനുബന്ധസേവനങ്ങളും ലഭ്യമാക്കുന്നതിനായി സ്കൂൾ ജില്ലയ്ക്ക് നൽകുന്ന അനുമതിയായി കണക്കാക്കാനാവുന്നത് *അല്ല*.

നിങ്ങളുടെ കുട്ടി പബ്ലിക് സ്കൂളിലാണ് പേരു ചേർത്തിട്ടുള്ളതെങ്കില്, അല്ലെങ്കില്പബ്ലിക് സ്കൂളില്പേര് ചേർക്കാനുദ്ദേശിക്കുന്നുണ്ടെങ്കില്, പ്രാരംഭമൂല്യനിർണ്ണയത്തിന് നിങ്ങൾ അനുമതി നിരസിച്ചാലോ അല്ലെങ്കില്അപേക്ഷയ്ക്ക് അനുമതിയ്ക്കുള്ള അപേക്ഷയ്ക്ക് മറുപടി നല്കാൻ നിങ്ങൾക്ക് സാധിക്കാതിരിക്കുകയോ ചെയ്താല്നിങ്ങളുടെ സ്കൂൾ ജില്ലയ്ക്ക് നിയമത്തിൻറെ മദ്ധ്യസ്ഥത പ്രകാരമോ അല്ലെങ്കില്പദ്ധതി നടപ്പിലാകുന്നതിൻറെ കാലതാമസം സംബന്ധിച്ച പരാതി, കാരണം കാണിക്കല്കൂടിക്കാഴ്ച, പക്ഷഭേദമില്ലാതെ പരാതിയുടെ ഹിയറിങ് എന്നിവയ്ക്കുശേഷം നിങ്ങളുടെ കുട്ടിയ്ക്ക് പ്രാരംഭമൂല്യനിർണ്ണയം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. സ്ഥലം തിരിച്ചറിയാതിരിക്കല്, തിരിച്ചറിയാതിരിക്കല്എന്നീ കാരണങ്ങളാല്കുട്ടിയുടെ മൂല്യനിർണ്ണയം നടപ്പിലാകാത്ത പക്ഷം സ്കൂൾ ജില്ല സ്ഥലം തിരിച്ചറിയല്, തിരിച്ചറിയല്, മൂല്യനിർണ്ണയം എന്നീ ബാദ്ധ്യതകളെ പിന്തുടരുന്നതാണ്.

**സ്റ്റേറ്റിൻറെ ആശ്രിതരുടെ പ്രാരംഭമൂല്യനിർണ്ണയത്തെ സംബന്ധിച്ച പ്രത്യേകനിയമങ്ങൾ**

ഒരു കുട്ടി സ്റ്റേറ്റിൻറെ ആശ്രിതനായിരിക്കുകയും രക്ഷിതാക്കളുടെ ഒപ്പം അല്ല താമസിക്കുന്നതെങ്കിലും -

കുട്ടിയ്ക്ക് വൈകല്യമുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രാരംഭമൂല്യനിർണ്ണയത്തിന് താഴെക്കൊടുക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തില് രക്ഷിതാക്കളുടെ അനുവാദം വങ്ങേണ്ടതില്ല:

1. യുക്തമായ പരിശ്രമങ്ങളുടെ ശേഷവും സ്കൂൾ ജില്ലയ്ക്ക് കുട്ടിയുടെ രക്ഷിതാവിനെ കണ്ടെത്താൻ സാധിച്ചില്ലെങ്കില്;
2. സ്റ്റേറ്റിൻറെ നിയമപ്രകാരം രക്ഷിതാവിൻറെ അവകാശങ്ങൾ നീക്കം ചെയ്യപ്പെട്ടിട്ടുണ്ടെങ്കില്;
3. കുട്ടിയുടെ പരിപാലനത്തിനുള്ള ചുമതലയുള്ള ഒരു ജഡ്ജിയോ ഉത്തരവാദപ്പെട്ട ഒരു പൊതു ഏജൻസിയോ വിദ്യാഭ്യാസസംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നതിനും പ്രാരംഭമൂല്യനിർണ്ണയത്തിന് അനുമതി നല്കുന്നതിനും രക്ഷിതാവ് അല്ലാതെ മറ്റൊരു വ്യക്തിയ്ക്ക് ചുമതല നല്കിയിട്ടുണ്ടെങ്കില്

*IDEA* യില്കൊടുത്തിട്ടുള്ളതുപ്രകാരം*സ്റ്റേറ്റിൻറെ ആശ്രിതൻ*, എന്നതുകൊണ്ടുദ്ദേശിക്കുന്നത്, ഒരു കുട്ടി:

1. ഒരു ദത്തു പുത്രൻ/പുത്രി, കുട്ടിയുടെ പരിപാലനത്തിനുള്ള ചുമതലയുള്ള ഒരു ജഡ്ജിയോ ഉത്തരവാദപ്പെട്ട ഒരു പൊതു ഏജൻസിയോ കുട്ടിയുടെ വിദ്യാഭ്യാസസംബന്ധമായ തീരുമാനങ്ങളെടുക്കുവാനായി ദത്തെടുത്ത് വളർത്തുന്ന രക്ഷിതാവിനെ ഏല്പ്പിച്ചിട്ടില്ലെങ്കില്;
2. സ്റ്റേറ്റിൻറെ നിയമപ്രകാരം സ്റ്റേറ്റിൻറെ ആശ്രിതനായി കണക്കാക്കപ്പെടുന്നുവെങ്കില്;
3. സ്റ്റേറ്റിൻറെ നിയമപ്രകാരം കോടതിയുടെ ആശ്രിതനായി കരുതുന്നുവെങ്കില്;
4. ഒരു പൊതു ബാല സംരക്ഷണ ഏജൻസിയുടെ കീഴിലാണെങ്കില്.

**അനുബന്ധസേവനങ്ങൾക്കായി വേണ്ട രക്ഷിതാവിൻറെ അനുമതി**

നിങ്ങളുടെ കുട്ടിയ്ക്ക് പ്രത്യേകവിദ്യാഭ്യാസസഹായവും അനുബന്ധസഹായങ്ങളും ആദ്യമായി ലഭ്യമാക്കുന്ന സമയം സ്കൂൾ ജില്ല അത് നിങ്ങളെ അറിയിച്ച് പൂർണ്ണസമ്മതം വാങ്ങിയിരിക്കണം, അതിനായി യുക്തമായ കാര്യങ്ങൾ സ്കൂൾ ജില്ല ചെയ്യേണ്ടതുമാണ്.

നിങ്ങൾ നിങ്ങളുടെ കുട്ടിയ്ക്ക് ആദ്യമായി പ്രത്യേകവിദ്യാഭ്യാസം നേടുന്നതിനും അനുബന്ധസേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉള്ള സമ്മതത്തിനായി അപേക്ഷയ്ക്ക് പ്രതികരിക്കാതിരിക്കുകയോ അല്ലെങ്കില്നിരസിക്കുകയോ ചെയ്താല്നിങ്ങളുടെ സ്കൂൾ ജില്ല സുരക്ഷാമുൻകരുതലുകൾക്കുള്ള നടപടിക്രമങ്ങളുപയോഗിച്ച് (മദ്ധ്യസ്ഥം വഴി, പദ്ധതി നടപ്പിലാകുന്നതിനുള്ള കാലതാമസം, കാരണം കാണിക്കല്കൂടിക്കാഴ്ച, അല്ലെങ്കില്പക്ഷഭേദമില്ലാത്ത വിചാരണ) സമ്മതം വാങ്ങുവാനോ അല്ലെങ്കില്കുട്ടിയുടെ *IEP*

ടീമിൻറെ നിർദ്ദേശപ്രകാരം പ്രത്യേകവിദ്യാഭ്യാസവും അനുബന്ധസേവനങ്ങളും നിങ്ങളുടെ സമ്മതിയില്ലാതെ കുട്ടിയ്ക്ക് നല്കാൻ ഉത്തരവോ നല്കാൻ പാടുള്ളതല്ല.

നിങ്ങൾ നിങ്ങളുടെ കുട്ടിയ്ക്ക് ആദ്യമായി പ്രത്യേകവിദ്യാഭ്യാസം നേടുന്നതിനും അനുബന്ധസേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉള്ള സമ്മതത്തിനായി അപേക്ഷ നിരസിക്കുകയോ അതിന് പ്രതികരിക്കാതിരിക്കുകയോ ചെയ്യുകയും നിങ്ങളുടെ സ്കൂൾ ജില്ല നിങ്ങളുടെ സമ്മതമില്ലാത്തതുകൊണ്ട് പ്രത്യേകവിദ്യാഭ്യാസത്തിനുള്ള സൌകര്യം ഒരുക്കാതിരിക്കുകയും ചെയ്താല്നിങ്ങളുടെ സ്കൂൾ ജില്ല:

1. *FAPE* സംവിധാനം നിങ്ങളുടെ കുട്ടിയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളൊരുക്കുന്നതില്പരാജയപ്പെട്ടുവെങ്കില്പ്പോലും നിയമലംഘനത്തിൻറെ പരിധിയില്പെടുകയില്ല; കൂടാതെ

2. *IEP* കൂടിക്കാഴ്ച നടത്തുകയോ നിങ്ങളുടെ അനുമതി വേണ്ടതായിട്ടുള്ള കുട്ടിയുടെ പ്രത്യേകവിദ്യാഭ്യാസത്തിനും അനുബന്ധസേവനങ്ങൾക്കുമായി *IEP* വികസിപ്പിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല.

**രക്ഷിതാവിൻറെ അനുമതി തിരിച്ചെടുക്കല്**

നിങ്ങൾ നിങ്ങളുടെ സ്കൂൾ ജില്ലയെ നിങ്ങൾ സ്കൂൾ ജില്ലയ്ക്ക് നിങ്ങളുടെ കുട്ടിയുടെ പ്രത്യേകവിദ്യാഭ്യാസത്തിനും അനുബന്ധസേവനങ്ങൾക്കുമായി നല്കിയിട്ടുള്ള അനുമതി തിരിച്ചെടുക്കുയാണെന്ന് എഴുതി അറിയിക്കുകയാണെങ്കില്, നിങ്ങളുടെ സ്കൂൾ ജില്ല:

1. പ്രത്യേകവിദ്യാഭ്യാസവും അനുബന്ധസേവനങ്ങളും നിങ്ങളുടെ കുട്ടിയ്ക്ക് നല്കുന്നത് തുടരണമെന്നില്ല.
2. നിങ്ങളുടെ അനുമതി റദ്ദാക്കുന്ന കുറിപ്പ് ലഭിക്കുന്ന പക്ഷം *IDEA* റെഗുലേഷൻസിലെ §300.503 വകുപ്പനുസരിച്ച് പ്രത്യേകവിദ്യാഭ്യാസവും അനുബന്ധ സേവനങ്ങളും നിർത്തലാക്കുന്നതിനുള്ള മുൻകൂർ എഴുതിതയ്യാറാക്കിയ നോട്ടീസ് നിങ്ങൾക്ക് ലഭ്യമാക്കിയിരിക്കണം;
3. പദ്ധതിയുടെ കാലതാമസത്തിൻമേലുള്ള നടപടികൾ, (മദ്ധ്യസ്ഥം, കാരണം കാണിക്കല്കൂടിക്കാഴ്ച, നിക്ഷപക്ഷമായ വിചാരണ) പ്രത്യേകവിദ്യാഭ്യാസവും മറ്റാനുകൂല്യങ്ങളും തുടരുന്നതിനുള്ള സമ്മതിക്കുവേണ്ടിയോ നിയമഭേദഗതിയ്ക്കുവേണ്ടിയോ, ഉപയോഗിക്കുവാൻ പാടുള്ളതല്ല;
4. *FAPE* സംവിധാനം നിങ്ങളുടെ കുട്ടിയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളൊരുക്കുന്നതില്പരാജയപ്പെട്ടുവെങ്കില്പ്പോലും നിയമലംഘനത്തിൻറെ പരിധിയില്പെടുകയില്ല;
5. *IEP* കൂടിക്കാഴ്ച നടത്തുകയോ നിങ്ങളുടെ അനുമതി വേണ്ടതായിട്ടുള്ള കുട്ടിയുടെ പ്രത്യേകവിദ്യാഭ്യാസത്തിനും അനുബന്ധസേവനങ്ങൾക്കുമായി *IEP* വികസിപ്പിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല; കൂടാതെ
6. നിങ്ങൾ അനുമതി റദ്ദാക്കുന്ന സാഹചര്യത്തില്നിങ്ങളുടെ കുട്ടിയ്ക്ക് പ്രത്യേകവിദ്യാഭ്യാസവും അനുബന്ധസേവനങ്ങളും ലഭ്യമാക്കിയതിനുള്ള സൂചനകൾ നീക്കം ചെയ്യുന്നതിനായി നിങ്ങളുടെ കുട്ടിയുടെ വിദ്യാഭ്യാസരേഖകളില്ഭേദഗതി വരുത്തേണ്ടതില്ല.

**പുനർമൂല്യനിർണ്ണയത്തിനായുള്ള രക്ഷിതാവിൻറെ അനുമതി**

താഴെക്കൊടുത്ത കാര്യങ്ങൾ നിങ്ങളെ ബോദ്ധ്യപ്പെടുത്താത്ത പക്ഷം നിങ്ങളുടെ സ്കൂൾ ജില്ല കുട്ടിയുടെ പുനർമൂല്യനിർണ്ണയത്തിനായി നിങ്ങളുടെ അറിവോടെയുള്ള സമ്മതം വാങ്ങേണ്ടതാണ്.

1. സ്കൂൾ ജില്ല കുട്ടിയുടെ പുനർമൂല്യനിർണ്ണയം നടത്തുന്നതിന് നിങ്ങളുടെ സമ്മതം വാങ്ങുന്നതിനായി യുക്തമായ നടപടികളെടുക്കുകയും
2. നിങ്ങൾ പ്രതികരിക്കാതിരിക്കുകയും ചെയ്തു.

നിങ്ങൾ നിങ്ങളുടെ കുട്ടിയുടെ പുനർമൂല്യനിർണ്ണയത്തിന് അനുമതി കൊടുക്കാതിരിക്കുകയാണെങ്കില് സ്കൂൾ ജില്ലയ്ക്ക് വേണമെങ്കില്, മദ്ധ്യസ്ഥം, പദ്ധതിയുടെ കാലതാമസത്തിലുള്ള പരാതിയിൻമേലുള്ള നടപടികൾ, എന്നിവ വഴി നിങ്ങളുടെ വിസമ്മതിയെ മറികടന്ന് നിങ്ങളുടെ കുട്ടിയ്ക്ക് പുനർമൂല്യനിർണ്ണയത്തിനുള്ള സമ്മതം നേടിയെടുക്കാവുന്നതാണ്. പ്രാരംഭമൂല്യനിർണ്ണയത്തിൻറെ കാര്യത്തിലുള്ളതുപോലെത്തന്നെ നിങ്ങളുടെ സ്കൂൾ ജില്ല നിങ്ങളുടെ കുട്ടിയ്ക്ക് പുനർമൂല്യനിർണ്ണയം നടത്തുവാനുള്ള സമ്മതം ഇവ്വിധം വാങ്ങുന്നില്ലയെങ്കില്അത് *IDEA* യിലെ പാർട്ട് B പ്രകാരമുള്ള കടമയുടെ ലംഘനമാവുന്നില്ല.

**രക്ഷിതാവിൻറെ അനുമതി വാങ്ങുന്നതിനുള്ള യുക്തമായ ശ്രമങ്ങളുടെ രേഖപ്പെടുത്തല്**

പ്രാരംഭമൂല്യനിർണ്ണയത്തിനായുള്ള രക്ഷിതാവിൻറെ സമ്മതം, ആദ്യമായി പ്രത്യേകവിദ്യാഭ്യാസം നേടുന്നതിനും അനുബന്ധസേവനങ്ങൾക്കുമുള്ള അനുവാദം, പുനർമൂല്യനിർണ്ണയത്തിനുള്ള അനുവാദം, സ്റ്റേറ്റിൻറെ ആശ്രിതരുടെ രക്ഷിതാക്കളെ പ്രാരംഭമൂല്യനിർണ്ണയത്തിനുള്ള അനുമതി

വാങ്ങുന്നതിനായി കണ്ടെത്തുക എന്നിവയ്ക്ക് യുക്തമായ ശ്രമങ്ങൾ നടത്തിയതിൻറെ രേഖകൾ നിങ്ങളുടെ സ്കൂൾ സൂക്ഷിച്ചിരിക്കണം. ഈ രേഖപ്പെടുത്തല്പ്രക്രിയയില്സ്കൂൾ ജില്ല ഈ കാര്യങ്ങളില്നടത്തിയിട്ടുള്ള കൊടുത്തിട്ടുള്ള തരത്തിലുള്ള പരിശ്രമങ്ങൾ ഉൾക്കൊള്ളിച്ചിരിക്കണം:

1. നടത്തിയതോ ശ്രമിച്ചതോ ആയ ടെലിഫോണ്കോളുകളുടെയും ആ കോളുകളുടെ പരിണിതഫലങ്ങളും;
2. രക്ഷിതാക്കളുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകളും അവയുടെ മറുപടികളും; കൂടാതെ
3. രക്ഷിതാവിൻറെ വീട്ടിലേയ്ക്കോ ജോലിസ്ഥലത്തേയ്ക്കോ നടത്തിയ സന്ദർശനങ്ങളുടെ രേഖകളും, ആ സന്ദർശനങ്ങളുടെ പരിണതഫലങ്ങളും

### അനുമതിയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ

നിങ്ങളുടെ സ്കൂൾ ജില്ലയ്ക്ക് താഴെ കൊടുത്ത സാഹചര്യങ്ങളില്നിങ്ങളുടെ അനുമതിയ്ക്കായി കാത്തുനില്ക്കേണ്ടതില്ല:

1. മൂല്യനിർണ്ണയത്തിൻരെയോ പുനർമൂല്യനിർണ്ണയത്തിൻരെയോ ഭാഗമായി നിലവിലുള്ള വിവരങ്ങളുടെ പരിശോധന; അല്ലെങ്കില്
2. രക്ഷിതാക്കളുടെ സമ്മതം ആവശ്യമില്ലാത്ത മറ്റു കുട്ടികൾക്കെല്ലാം നടത്തുന്ന ഒരു പരീക്ഷയോ മറ്റു മൂല്യനിർണ്ണയോപാധികളോ നിങ്ങളുടെ കുട്ടിയ്ക്കും നടത്തുമ്പോൾ.

ഏതെങ്കിലും ഒരു സേവനത്തിനോ പ്രവൃത്തിയ്ക്കോ നല്കുന്നതിന് നിങ്ങൾ അനുവാദം നല്കാതിരിക്കുകയാണെങ്കില്അതുകാരണം മറ്റു സേവനങ്ങൾ കൈക്കൊള്ളുന്നതില്നിന്നും കുട്ടിയെ നിങ്ങളുടെ സ്കൂൾ തടയാൻ പാടില്ല.

നിങ്ങളുടെ കുട്ടിയെ നിങ്ങളുടെ സ്വന്തം ചിലവില്ഒരു സ്വകാര്യ സ്കൂളില്ചേർക്കുകയോ അല്ലെങ്കില്നിങ്ങൾ വീട്ടിലിരുത്തി കുട്ടിയെ പഠിപ്പിക്കുകയോ ചെയ്യുകയും കുട്ടിയുടെ പ്രാരംഭമൂല്യനിർണ്ണയത്തിനോ പുനർമൂല്യനിർണ്ണയത്തിനോ നിങ്ങൾ അനുമതി നല്കാതിരിക്കുകയോ അനുമതിയ്ക്കുള്ള അപേക്ഷയ്ക്ക് മറുപടി നല്കാതിരിക്കുകയോ ചെയ്താല്നിങ്ങളുടെ സ്കൂൾ ജില്ല അതിൻറെ അനുമതി അസാധുവാക്കല്നടപടിപ്രകാരം(മദ്ധ്യസ്ഥം, പദ്ധതിയുടെ കാലതാമസത്തിൻമേലുള്ള പരാതി, കാരണം കാണിക്കല്കൂടിക്കാഴ്ച അല്ലെങ്കില്നിഷ്പക്ഷമായ വിചാരണ) നീങ്ങേണ്ടതില്ല. കൂടാതെ നിങ്ങളുടെ കുട്ടിയെ ഉചിതമായ സേവനങ്ങൾക്ക്(രക്ഷിതാക്കൾ

സ്വകാര്യസ്കൂളുകളില്ചേർത്തിട്ടുള്ള വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയിട്ടുള്ള സേവനങ്ങൾ) അർഹമായതായും കണക്കാക്കേണ്ടതില്ല.

## സ്വതന്ത്ര വിദ്യാഭ്യാസമൂല്യനിർണ്ണയങ്ങൾ

**34 *CFR* §300.502**

### പൊതുവായത്

നിങ്ങളുടെ സ്കൂൾ ജില്ല നടത്തിയ, കുട്ടിയുടെ മൂല്യനിർണ്ണയത്തില്നിങ്ങൾ അസംതൃപ്തനാണെങ്കില്താഴെ വിശദീകരിച്ചതുപ്രകാരം നിങ്ങളുടെ കുട്ടിയ്ക്ക് സ്വതന്ത്ര വിദ്യാഭ്യാസമൂല്യനിർണ്ണയം *[Independent Educational Evaluation (IEE)]* നേടുന്നതിനായി നിങ്ങൾക്ക് അവകാശമുണ്ട്.

നിങ്ങൾ *IEE* യ്ക്ക് വേണ്ടി അപേക്ഷിക്കുകയാണെങ്കില്നിങ്ങളുടെ സ്കൂൾ ജില്ല *IEE* എവിടെ ലഭിക്കുമെന്നതിനെക്കുറിച്ചും അതിന് അപേക്ഷിക്കുന്നതിനായുള്ള സ്കൂൾ ജില്ലയുടെ നടപടിക്രമങ്ങളും മറ്റു വിവരങ്ങളും നിങ്ങൾക്ക് നല്കിയിരിക്കണം.

**നിർവ്വചനങ്ങൾ**

*IEE* എന്നുദ്ദേശിക്കുന്നത് നിങ്ങളുടെ കുട്ടിയുടെ വിദ്യാഭ്യാസത്തിൻറെ ചുമതലയുള്ള സ്കൂൾ ജില്ല നിയമിച്ചതല്ലാത്തതും നിർദ്ദിഷ്ട യോഗ്യതകളുള്ളതും ആയ ഒരു പരിശോധകനെക്കൊണ്ട് മൂല്യനിർണ്ണയം നടത്തിക്കുക എന്നാണ്.

പൊതു ചിലവ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് സ്കൂൾ ജില്ല മൂല്യനിർണ്ണയത്തിൻറെ മുഴുവൻ ഉത്തരവാദിത്വവും എടുക്കുകയോ *IDEA* യിലെ പാർട്ട് B പ്രകാരം ഓരോ സ്റ്റേറ്റിനും സ്റ്റേറ്റില്നിന്നോ ഫെഡറലില്നിന്നോ തദ്ദേശീയമായതോ അല്ലെങ്കില്സ്വകാര്യ മാർഗ്ഗങ്ങളില്നിന്നോ അങ്ങിനെ ഏതൊക്കെ വരുമാനമാർഗ്ഗങ്ങളില്നിന്നായാലും നിയമത്തിൻറെ പാർട്ട് B യിലെ ആവശ്യങ്ങൾ നിറവേറ്റുവാനായി സഹായം സ്വീകരിച്ച് നിങ്ങൾക്ക് ചിലവില്ലാത്ത തരത്തില്മൂല്യനിർണ്ണയം നടത്തുക എന്നതാണ്.

**പൊതുചിലവിവല്മൂല്യനിർണ്ണയം നടത്തുവാനുള്ള രക്ഷിതാവിൻറെ അവകാശം**

നിങ്ങളുടെ സ്കൂൾ ജില്ല നടത്തിയ മൂല്യനിർണ്ണയത്തില്നിങ്ങൾക്ക് അസംതൃപ്തിയുണ്ടങ്കില്താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരം നിങ്ങൾക്ക് പൊതുചിലവില്*IEE* നടത്തുവാനുള്ള അവകാശമുണ്ട്:

1. നിങ്ങൾ നിങ്ങളുടെ കുട്ടിയ്ക്ക് *IEE* പൊതുചിലവില്നടത്തുവാനായി അപേക്ഷ സമർപ്പിച്ചാല്അത് ലഭിച്ചതിനുശേഷം സ്കൂൾ ജില്ല ഏഴ് കലണ്ടർ ദിവസങ്ങൾക്കുള്ളില്അതിൻറെ ഉദ്ദേശ്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഒന്നുകില്(a)പൊതുചിലവില്*IEE* നടത്തിത്തരണം, അല്ലെങ്കില്(b) പദ്ധതിയുടെ കാലതാമസത്തിലുള്ള പരാതി പ്രകാരം വിചാരണയ്ക്കായി അപേക്ഷ കൊടുത്ത് സ്കൂൾ ജില്ലയുടെ മൂല്യനിർണ്ണയം ശരിയായ രീതിയിലായിരുന്നുവെന്ന് സമർത്ഥിക്കണം.
2. നിങ്ങളുടെ സ്കൂൾ ജില്ല വിചാരണയ്ക്കായി അപേക്ഷ കൊടുക്കുകും നിങ്ങളുടെ കുട്ടിയുടെ മൂല്യനിർണ്ണയം ശരിയായ രീതിയിലായിരുന്നുവെന്ന് സമർത്ഥിക്കുകയും ചെയ്താല്നിങ്ങൾക്ക് പൊതുചിലവിലല്ലാതെ *IEE* നടത്തിക്കിട്ടുവാനുള്ള അവകാശമുണ്ട്.
3. നിങ്ങൾ നിങ്ങളുടെ കുട്ടിയ്ക്ക് *IEE* യ്ക്ക് അപേക്ഷ കൊടുക്കുകയാണെങ്കില്സ്കൂൾ ജില്ല എന്തുകൊണ്ടാണ് നിങ്ങൾ കുട്ടിയുടെ സ്കൂൾ ജില്ല നടത്തിയ മൂല്യനിർണ്ണയത്തെ അനുകൂലിക്കാത്തത് എന്നു ചോദിച്ചേക്കാം. എന്നിരുന്നാലും നിങ്ങളുടെ സ്കൂൾ ജില്ല വിശദീകരണം ചോദിക്കാനോ കാരണമില്ലാതെ കുട്ടിയുടെ പൊതുചിലവിലുള്ള *IEE* നടപടികളെ വൈകിക്കുവാനോ പദ്ധതിയുടെ കാലതാമസത്തില്ഉള്ള പരാതിപ്രകാരം സ്കൂൾ ജില്ലയെ ന്യായീകരിക്കുവാൻ വിചാരണയ്ക്ക് അപേക്ഷിക്കുവാനോ പാടുള്ളതല്ല.

4. നിങ്ങൾ നേടിയെടുക്കുന്ന *IEE* സ്കൂൾ ജില്ലയുടെ മാനദണ്ഡങ്ങൾക്ക് നിരക്കാത്തതാണെങ്കില്സ്കൂൾ ജില്ലയ്ക്ക് പദ്ധതിയുടെ കാലതാമസത്തിന്മേലുള്ള പരാതി പ്രകാരം വിചരണയ്ക്ക് അപേക്ഷിക്കാം. വിചാരണയിലുണ്ടാകുന്ന അവസാനതീർപ്പില്മൂല്യനിർണ്ണയം സ്കൂൾ ജില്ലയുടെ മാനദണ്ഡങ്ങൾക്ക് നിരക്കാത്തതാണെന്ന് കണ്ടെത്തിയാല്നിങ്ങളുടെ *IEE* യ്ക്ക് ചിലവായ തുക പൊതു ചിലവില്നിന്നും നിങ്ങൾക്ക് തിരികെ ലഭിക്കില്ല.

നിങ്ങളുടെ സ്കൂൾ ജില്ല ഓരോ തവണ മൂല്യനിർണ്ണയം നടത്തുമ്പോഴും നിങ്ങൾക്ക് അസംതൃപ്തി തോന്നുന്ന പക്ഷം ഒരു തവണ മാത്രമേ പൊതുചിലവില് *IEE* നടത്തുവാനുള്ള അർഹതയുള്ളൂ.

**രക്ഷിതാവ് മുൻകയ്യെടുത്ത് നടത്തുന്ന മൂല്യനിർണ്ണയങ്ങൾ**

നിങ്ങൾ പൊതുചിലവിലോ അല്ലെങ്കില്നിങ്ങളുടെ സ്വകാര്യചിലവില്മൂല്യനിർണ്ണയം നടത്തി സ്കൂൾ ജില്ലയുമായി ചിലവ് പങ്കുവെച്ചോ *IEE* നേടുകയാണെങ്കില്;

1. നിങ്ങളുടെ സ്കൂൾ ജില്ല പുനർമൂല്യനിർണ്ണയത്തിൻറെ ആ റിസൾട്ടുകളും, അവ സ്കൂൾ ജില്ലയുടെ *IEE* മാനദണ്ഡങ്ങൾക്കനുസരിച്ചാണെങ്കില്, *FAPE* അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഏതൊരു തീരുമാനത്തിനും ബാധകമാവുന്ന തരത്തില്, അംഗീകരിക്കണം; കൂടാതെ
2. നിങ്ങൾക്കോ നിങ്ങളുടെ സ്കൂൾ ജില്ലയ്ക്കോ ആ മൂല്യനിർണയം പദ്ധതിയുടെ കാലതാമസവുമായി ബന്ധപ്പെട്ട വിചാരണയില്തെളിവായി സമർപ്പിക്കാവുന്നതാണ്.

**മൂല്യനിർണ്ണയത്തിനായി ഭരണാധികാര നിയമ ജഡ്ജി മുഖാന്തിരമുള്ള അപേക്ഷകൾ**

ഒരു ഭരണാധികാര നിയമ ജഡ്ജി *[Administrative Law Judge (ALJ)]* പദ്ധതിയുടെ കാലതാമസത്തിൻമേലുള്ള പരാതിയുടെ വിചാരണയുടെ ഭാഗമായി നിങ്ങളുടെ കുട്ടിയ്ക്ക് *IEE* നടത്താൻ പറയുകയാണെങ്കില്മൂല്യനിർണ്ണയത്തിൻറെ ചിലവ് പൊതുചിലവിലായിരിക്കണം.

**സ്കൂൾ ജില്ലാ മാനദണ്ഡങ്ങൾ**

പൊതുചിലവില്ഒരു *IEE* നടത്തുകയാണെങ്കില്, മൂല്യനിർണ്ണയം നടന്ന സ്ഥലവും പരിശോധകൻറെ യോഗ്യതയുമുൾപ്പടെ മൂല്യനിർണ്ണയം നടന്ന മാനദണ്ഡം, സ്കൂൾ ജില്ല മൂല്യനിർണ്ണയത്തിന് അനുമതി കൊടുക്കുമ്പോഴുള്ള മാനദണ്ഡങ്ങൾക്ക് സമാനമായിരിക്കണം. (നിങ്ങളുടെ *IEE* നേടാനുള്ള അവകാശത്തെ ആ മാനദണ്ഡങ്ങൾ ലംഘിക്കാത്തിടത്തോളം)

മുകളില്പറഞ്ഞ മാനദണ്ഡങ്ങൾക്കുപുറമേ മറ്റു വ്യവസ്ഥകളോ സമയപരിധിയോ *IEE* നേടാനായി നിങ്ങളില്അടിച്ചേല്പ്പിക്കാൻ പാടുള്ളതല്ല.

## വിവരങ്ങളുടെ രഹസ്യസ്വഭാവം

### നിർവ്വചനങ്ങൾ

**34 *CFR* §300.611**
**വിവരങ്ങളുടെ രഹസ്യസ്വഭാവം**ഈ തലക്കെട്ടിനടിയില് വിവരിച്ചിട്ടുള്ളതുപോലെ:

- *നാശനഷ്ടം* ഉദ്ദേശിക്കുന്നത് ഭൌതികമായ നാശനഷ്ടങ്ങളോ അല്ലെങ്കില്വ്യക്തികളെ തിരിച്ചറിയുന്നതിനുള്ള കാര്യങ്ങൾ വിവരങ്ങളില്നിന്നും നീക്കം ചെയ്യലോ കാരണം വിവരങ്ങൾ പിന്നീട് തിരിച്ചറിയാൻ കഴിയാതെ വരിക.
- വിദ്യാഭ്യാസ രേഖകൾ എന്നത് കൊണ്ടുദ്ദേശിക്കുന്നത് 34 *CFR* പാർട്ട് 99 ലെ നിർവ്വചനങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ രേഖകളില്പെടുന്ന രേഖകളാണ്.(1974 ലെ, കുടുംബപരമായ വിദ്യാഭ്യാസ അവകാശങ്ങളും സ്വകാര്യതയുടെ അവകാശങ്ങളും സംരക്ഷിക്കുന്ന നിയമപ്രകാരം 20 U.S.C. 1232g *[Family Educational Rights and Privacy Act (FERPA)]* യിലെ നിർദ്ദേശങ്ങൾ] *FERPA* വിദ്യാഭ്യാസരേഖകൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഒരു വിദ്യാഭ്യാസ ഏജൻസിയോ അല്ലെങ്കില്ഏജൻസിയ്ക്കായി പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സ്ഥാപനമോ കാത്തുസൂക്ഷിക്കുന്ന വിദ്യാർത്ഥിയുമായി നേരിട്ട് ബന്ധപ്പെട്ട രേഖകളാണ്.
- *സഹകരിക്കുന്ന ഏജൻസി* എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഏതൊരു സ്കൂൾ ജില്ലയോ ശേഖരിക്കുന്നതോ കാത്തുസൂക്ഷിക്കുന്നതോ ഉപയോഗിക്കുന്നതോ ആയ വ്യക്തിഗത തിരിച്ചറിയല്വിവരങ്ങളോ അല്ലെങ്കില്*IDEA* യിലെ പാർട്ട് B പ്രകാരം ശേഖരിച്ച വിവരങ്ങളോ ആണ്.

### വ്യക്തിഗത തിരിച്ചറിയല് വിവരങ്ങൾ

**34 *CFR* §300.32**
*വ്യക്തിഗത തിരിച്ചറിയല്* എന്നുദ്ദേശിക്കുന്നത് താഴെക്കൊടുത്ത തരം വിവരങ്ങളാണ്:

a. നിങ്ങളുടെ കുട്ടിയുടെ പേര്, രക്ഷിതാവിൻറെ സ്ഥാനത്ത് നിങ്ങളുടെ പേര്, അല്ലെങ്കില്മറ്റൊരു കുടുംബാംഗത്തിൻറെ പേര്;
b. നിങ്ങളുടെ കുട്ടിയുടെ വിലാസം;
c. കുട്ടിയുടെ സോഷ്യല്സെക്യൂരിറ്റി നമ്പറോ സ്റ്റുഡൻറ് നമ്പറോ പോലെയുള്ള ഒരു തിരിച്ചറിയല്രേഖ; അല്ലെങ്കില്
d. നിങ്ങളുടെ കുട്ടിയെ വ്യക്തമായി തിരിച്ചറിയാനുതകുന്ന വ്യക്തിഗത വിവരങ്ങളോ മറ്റു വിവരങ്ങളോ ഉൾപ്പെടുന്ന ഒരു ലിസ്റ്റ്.

## രക്ഷിതാക്കൾക്കുള്ള നോട്ടീസ്

**34 *CFR* §300.612**

മിഷിഗൺ വിദ്യാഭ്യാസ വകുപ്പ് *[Michigan Department of Education (MDE)]*, *MDE* യുടെ നടപടികളും നയങ്ങളും വ്യക്തമാക്കുന്ന നോട്ടീസ് രക്ഷിതാക്കൾക്ക് നൽകേണ്ടതാണ് . ഈ നോട്ടീസിൽ വ്യക്തിഗത തിരിച്ചറിയൽ വിവരങ്ങളുടെ സ്വകാര്യതയെ സംരക്ഷിക്കുന്ന തരത്തിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കണം:

1. വിവിധ തരം ജനതകളുള്ള സ്റ്റേറ്റിൽ ഏതൊക്കെ ഭാഷകളാണ് നോട്ടീസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനെപ്പറ്റിയുള്ള വിശദീകരണം;
2. വ്യക്തിഗതവിവരങ്ങൾ കാത്തുസൂക്ഷിക്കാനുദ്ദേശിക്കുന്ന കുട്ടികളുടെ വിശദവിവരങ്ങൾ, എന്തൊക്കെ തരം വിവരങ്ങളാണ് ആവശ്യം, സ്റ്റേറ്റ് ഇത്തരം മാർഗ്ഗങ്ങൾ ശേഖരിക്കാനുപയോഗിക്കുന്ന മാർഗ്ഗങ്ങൾ(വിവരങ്ങൾ ശേഖരിക്കുന്ന സ്രോതസ്സുകളുൾപ്പടെ), വിവരങ്ങളുടെ ഉപയോഗം എന്നിവ;
3. വ്യക്തിഗത തിരിച്ചറിയൽ വിവരങ്ങളുടെ സ്വകാര്യത, തേർഡ് പാർട്ടി ഡിസ്ക്ലോഷർ, ശേഖരണം, കാത്തുസൂക്ഷിക്കൽ, നശീകരണം, എന്നിവ സംബന്ധിച്ച് സഹകരിക്കുന്ന ഏജൻസികൾ പിന്തുടരേണ്ട നയങ്ങളുടേയും നടപടികളുടേയും സംഗ്രഹം; കൂടാതെ
4. *FERPA* പ്രകാരമുള്ള അവകാശങ്ങളും അതുമായി ബന്ധപ്പെട്ട പാർട്ട് 99 ലെ 34 *CFR* ചട്ടങ്ങളും ഉൾപ്പടെ ഈ വിവരങ്ങളെ സംബന്ധിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കുമുള്ള അവകാശങ്ങളെ സംബന്ധിച്ച ഒരു വിശദീകരണം.

ഏതെങ്കിലും പ്രധാന തിരിച്ചറിയൽ, സ്ഥലം അല്ലെങ്കിൽ മൂല്യനിർണ്ണയപ്രക്രിയ (കുട്ടിയെ കണ്ടെത്തുക എന്നും അറിയപ്പെടുന്നു) നടത്തുന്നതിനുമുൻപ് നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയോ സ്റ്റേറ്റിലെ എല്ലാ രക്ഷിതാക്കൾക്കും പ്രത്യേക മൂല്യനിർണ്ണയത്തിൻറെയും അനുബന്ധസേവനങ്ങളുടേയും ഭാഗമായി പ്രവൃത്തിയുടെ സ്ഥലം, തിരിച്ചറിയൽ, മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ അറിയത്തക്കരീതിയിൽ പത്രത്തിലോ മറ്റുമാധ്യമത്തിലോ അല്ലെങ്കിൽ രണ്ടിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

## വിവരം പരിശോധിക്കാനുള്ള അവകാശങ്ങൾ

**34 *CFR* §300.613**

സഹകരിക്കുന്ന ഏജൻസി നിങ്ങളുടെ കുട്ടിയുമായി ബന്ധപ്പെട്ട് ഏജൻസി *IDEA* യിലെ പാർട്ട് B പ്രകാരം സേഖരിച്ചിട്ടുള്ളതും സൂക്ഷിക്കുന്നതുമായ ഏതൊരു വിദ്യാഭ്യാസരേഖയും നിങ്ങൾക്ക് പരിശോധിക്കാൻ അനുവാദം തരേണ്ടതാണ്. സഹകരണ ഏജൻസി നിങ്ങളുടെ കുട്ടിയുടെ വിദ്യാഭ്യാസരേഖകൾ പരിശോധിക്കാനും വിലയിരുത്തുവാനും ഉള്ള നിങ്ങളുടെ അപേക്ഷ അനാവശ്യമായ കാലതാമസം കൂടാതെ *IEP* യുമായി ബന്ധപ്പെട്ട എന്തെങ്കിലും കൂടിക്കാഴ്ചയ്ക്കോ അല്ലെങ്കില്പദ്ധതിയുടെ കാലതാമസത്തിൻമേലുള്ള നിഷപക്ഷമായ വിചാരണയ്ക്കോ(കാരണം കാണിക്കല്കൂടിക്കാഴ്ചയും അച്ചടക്കനടപടികളുമുൾപ്പടെ) മുൻപും എന്തു കാരണവശാലും നിങ്ങൾ അപേക്ഷിച്ചുകഴിഞ്ഞ് 45 കലണ്ടർ ദിവസങ്ങൾക്കുള്ളില്അനുവദിക്കേണ്ടതാണ്.

വിദ്യാഭ്യാസരേഖകൾ പരിശോധിക്കുവാനും വിലയിരുത്തുവാനുമുള്ള നിങ്ങളുടെ അവകാശം ഉൾക്കൊള്ളുന്നത്:

1. രേഖകളുടെ വിശദീകരണങ്ങൾക്കും വിലയിരുത്തലുകൾക്കുമുള്ള നിങ്ങളുടെ യുക്തമായ അപേക്ഷകളുടെ അടിസ്ഥാനത്തില്നിങ്ങൾക്ക് സഹകരണ ഏജൻസിയില്നിന്ന് ലഭിക്കാനവകാശമുള്ള മറുപടി;
2. നിങ്ങൾക്ക് രേഖകളുടെ പകർപ്പുകൾ ലഭിക്കാത്ത പക്ഷം ശരിയായി രേഖകൾ പരിശോധിക്കുവാനോ വിലയിരുത്തുവാനോ സാധിക്കില്ല എന്നപക്ഷം സഹകരണ ഏന്ധൻസിയില്നിന്നും പകർപ്പുകൾക്ക് അപേക്ഷിക്കാനുള്ള അവകാശം; കൂടാതെ
3. നിങ്ങളുടെ പ്രതിനിധിയ്ക്ക് രേഖകൾ പരിശോധിക്കുവാനും വിലയിരുത്തുവാനും ഉള്ള അവകാശം.

രക്ഷാകർതൃത്വം, വിവാഹമോചനം എന്നിങ്ങനെയുള്ള കാര്യങ്ങളില്സ്റ്റേറ്റിൻറെ നിയമങ്ങൾ നിങ്ങളെ കുട്ടിയുടെ മേലുള്ള അധികാരത്തില്നിന്ന് വിലക്കിയിട്ടില്ലെങ്കില്നിങ്ങൾക്ക് കുട്ടിയുടെ രേഖകൾ പരിശോധിക്കുവാനും വിലയിരുത്തുവാനുമുള്ള അധികാരമുണ്ടായിരിക്കുമെന്ന് സഹകരണ ഏജൻസിയ്ക്ക് ബോദ്ധ്യമുണ്ടായിരിക്കണം.

## വിവരങ്ങൾ പരിശോധിക്കുന്നതിൻറെ രേഖകൾ

**34 *CFR* §300.614**
ഓരോ സഹകരണ ഏജൻസിയും വിദ്യാഭ്യാസരേഖകൾ ശേഖരിക്കുന്ന, സൂക്ഷിച്ചുവെയ്ക്കുന്ന അല്ലെങ്കില്*IDEA* യിലെ പാർട്ട് B പ്രകാരം ഉപയോഗിക്കുന്ന കക്ഷികളുടെ (രക്ഷിതാക്കളും സഹകരണ ഏജൻസിയിലെ ചുമതലപ്പെട്ട വ്യക്തികളുമൊഴികെ) പേര്, പരിശോധിച്ച തിയ്യതി, രേഖകൾ പരിശോധിച്ചതിൻറെ ഉദ്ദേശം എന്നിവയുൾപ്പെടുന്ന വിവരങ്ങളുടെ രേഖ സൂക്ഷിച്ചുവെയ്ക്കേണ്ടതാണ്.

## ഒന്നില്കൂടുതല്കുട്ടികളുടെ രേഖകൾ

**34 *CFR* §300.615**
ഏതെങ്കിലും വിദ്യാഭ്യാസരേഖയില് ഒന്നില്കൂടുതല്കുട്ടികളുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കില്ആ കുട്ടികളുടെ രക്ഷിതാക്കൾക്ക് അവരുടെ കുട്ടിയുടേതുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിക്കാനും വിലയിരുത്തുവാനും ഉള്ള അവകാശം മാത്രമേയുള്ളൂ.

## വിവരങ്ങളുടെ ഇനങ്ങളുടേയും സ്ഥലങ്ങളുടേയും പട്ടിക

**34 *CFR* §300.616**
അപേക്ഷിക്കുകയാണെങ്കില്ഓരോ ഏജൻസിയും നിങ്ങൾക്ക് ഏജൻസി ശേഖരിച്ചതും കാത്തുസൂക്ഷിക്കുന്നതുമായ വിദ്യാഭ്യാസരേഖകളുടെ ഇനങ്ങളുടേയും സ്ഥലങ്ങളുടേയും പട്ടിക നിങ്ങൾക്ക് അനുവദിച്ചുതരേണ്ടതാണ്.

## ഫീസ്

**34 *CFR* §300.617**
*IDEA* യിലെ പാർട്ട് B പ്രകാരം നിങ്ങൾക്ക് വേണ്ടി എടുത്ത വിദ്യാഭ്യാസരേഖകളുടെ പകർപ്പുകൾക്ക് നിങ്ങളെ ആ രേഖകൾ നിങ്ങൾ പരിശോധിക്കുന്നതില്നിന്നും തടയാത്ത രീതിയിലുള്ള ഫീസ് ഈടാക്കാവുന്നതാണ്.

*IDEA* യിലെ പാർട്ട് B പ്രകാരം വിവരങ്ങൾ തിരയുന്നതിനോ എടുക്കുന്നതിനോ സഹകരണ ഏജൻസി ഫീസ് നിങ്ങളില്നിന്നും ഈടാക്കുവാൻ പാടുള്ളതല്ല.

## രക്ഷിതാവിൻറെ അപേക്ഷപ്രകാരം രേഖകകളില്വരുത്തുന്ന ഭേദഗതി

**34 *CFR* §300.618**
നിങ്ങളുടെ കുട്ടിയുമായി ബന്ധപ്പെട്ട് *IDEA* യിലെ പാർട്ട് B പ്രകാരം ഉപയോഗിക്കുന്നതും ശേഖരിച്ചതും സൂക്ഷിക്കുന്നതുമായ വിദ്യാഭ്യാസ രേഖകളിലെ വിവരങ്ങൾ തെറ്റായോ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലോ അല്ലെങ്കില്നിങ്ങളുടെ കുട്ടിയുടെ സ്വകാര്യതയെയോ മറ്റവകാശങ്ങളെയോ ലംഘിക്കുന്നുണ്ടെന്നു കണ്ടാല്സഹകരണഏജൻസിയോട് നിങ്ങൾക്ക് ആ വിവരങ്ങളില്മാറ്റം വരുത്തുവാനപേക്ഷിക്കാവുന്നതാണ്.

നിങ്ങളുടെ അപേക്ഷ സ്വീകരിച്ചതിനുശേഷം നിശ്ചിതകാലയളവിനുള്ളില്ആ വിവരങ്ങളില്മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് സഹകരണ ഏജൻസി തീരുമാനിക്കേണ്ടതുണ്ട്.

സഹകരണ ഏജൻസി നിങ്ങളുടെ അപേക്ഷപ്രകാരം വിവരങ്ങളില്മാറ്റം വരുത്താൻ തയ്യാറാകാത്ത പക്ഷം നിരസിച്ച വിവരവും വിചാരണയ്ക്കുള്ള അവസരം എന്ന തലക്കെട്ടിനടിയില്പറഞ്ഞപ്രകാരം നിങ്ങളുടെ വിചാരണയ്ക്കുള്ള അവകാശവും നിങ്ങളെ അറിയിക്കേണ്ടതാണ്.

## വിചാരണയ്ക്കുള്ള അവസരം

**34 *CFR* §300.619**
നിങ്ങളുടെ കുട്ടിയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ രേകളിലെ വിവരങ്ങൾ തെറ്റായതോ തെറ്റിദ്ധരിപ്പിക്കുന്നതോ കുട്ടിയുടെ സ്വകാര്യതയേയോ മറ്റവകാശങ്ങളെയോ ലംഘിക്കുന്നില്ലെന്നുറപ്പുവരുത്തുവാൻ അപേക്ഷിക്കുന്ന മുറയ്ക്ക് നിങ്ങൾക്ക് അതില്പറയുന്ന കാര്യങ്ങളെ വെല്ലുവിളിക്കാൻ വാദം കേൾക്കുവാനുള്ള അവസരം ഒരുക്കിത്തരേണ്ടതാണ്.

## വാദം കേൾക്കല് നടപടി ക്രമങ്ങൾ

**34 *CFR* §300.621**
വിദ്യാഭ്യാസരേഖകളിലെ വിവരങ്ങളെ വെല്ലുവിളിക്കുവാൻ *FERPA* യുടെ നിയമങ്ങൾക്കനുസൃതമായി വാദം കേൾക്കല് നടത്തേണ്ടതാണ്.

## വാദം കേൾക്കലിൻറെ ഫലം

**34 *CFR* §300.620**
വിചാരണയുടെ ഫലം തെളിയിക്കുന്നത് നിങ്ങളുടെ കുട്ടിയെപ്പറ്റിയുള്ള വിവരങ്ങൾ തെറ്റുള്ളതോ തെറ്റിദ്ധാരണ ജനിപ്പിക്കുന്നതോ അല്ലെങ്കില്സ്വകാര്യതയുടേയോ മറ്റവകാശങ്ങളുടേയോ ലംഘനമാണെന്നോ ആണെങ്കില്സഹകരണ ഏജൻസി വിവരം തിരുത്തേണ്ടതും അത് നിങ്ങളെ എഴുതി അറിയിക്കേണ്ടതുമാണ്.

വിചാരണയുടെ ഫലം തെളിയിക്കുന്നത് നിങ്ങളുടെ കുട്ടിയെപ്പറ്റിയുള്ള വിവരങ്ങൾ തെറ്റുള്ളതോ തെറ്റിദ്ധാരണ ജനിപ്പിക്കുന്നതോ അല്ലെങ്കില്സ്വകാര്യതയുടേയോ മറ്റവകാശങ്ങളുടേയോ ലംഘനമോ അല്ലെന്നാണെങ്കില് നിങ്ങൾക്ക് കുട്ടിയുടെ വിവരങ്ങളില്ഇടപെടാനുള്ള അവകാശം കാണിച്ചുകൊണ്ടുതന്നെ വിവരങ്ങളോടൊപ്പം സൂക്ഷിക്കുവാൻ സ്റ്റേറ്റ്മെൻറോ നിങ്ങളുടെ വിസമ്മതത്തിൻറെ കാരണം അറിയിക്കുവാനുള്ള സഹകരണ ഏജൻസിയുടെ തീരുമാനമോ നിങ്ങളെ അറിയിക്കേണ്ടതാണ്.

നിങ്ങളുടെ കുട്ടിയുടെ വിവരങ്ങൾക്കൊപ്പം സൂക്ഷിച്ചിരിക്കുന്ന അത്തരമൊരു വിശദീകരണം:

1. നിങ്ങൾ ആക്ഷേപമുന്നയിക്കുന്ന വിദ്യാഭ്യാസരേഖയിലെ വിവരങ്ങളോടൊപ്പം തന്നെ സഹകരണ ഏജൻസി അത് കാത്തുസൂക്ഷിക്കുന്നിടത്തോളം സൂക്ഷിക്കേണ്ടതാണ്; കൂടാതെ
2. സഹകരണ ഏജൻസി ആ വിവരങ്ങൾ മറ്റേതെങ്കിലും കക്ഷിയ്ക്ക് സമർപ്പിക്കുമ്പോൾ നിങ്ങളുടെ വിശദീകരണക്കുറിപ്പും ഒപ്പം ആ കക്ഷിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## വ്യക്തിഗത തിരിച്ചറിയല്വിവരങ്ങൾ വെളിപ്പെടുത്തുവാനുള്ള അനുമതി

**34 *CFR* §300.622**
*FERPA* യുടെ കീഴില്അധികാരപ്പെട്ട വിദ്യാഭ്യാസരേഖകളിലെ വ്യക്തിഗത തിരിച്ചറിയല്വിവരങ്ങളുടെ വെളിപ്പെടുത്തലുകളല്ലാതെ (രക്ഷിതാക്കളുടെ അനുവാദം കൂടാതെ) സഹകരണ ഏജൻസികളുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കൊഴികെ മറ്റു കക്ഷികൾക്ക് വ്യക്തിഗത തിരിച്ചറിയല്രേഖകൾ വെളിപ്പെടുത്തുന്നതിനു മുൻപ് നിങ്ങളുടെ അനുവാദം വാങ്ങിയിരിക്കണം. താഴെ പറയുന്ന സാഹചര്യങ്ങളിലല്ലാതെ വ്യക്തിഗത തിരിച്ചറിയല്വിവരങ്ങൾ *IDEA* യുടെ പാർട്ട് B പ്രകാരമുള്ള കൂടിക്കാഴ്ചകളുടെ ആവശ്യങ്ങൾക്കായി സഹകരണ ഏജൻസികളുടെ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നതിന് നിങ്ങളുടെ സമ്മതം ആവശ്യമില്ല.

വ്യക്തിഗത തിരിച്ചറിയല്വിവരങ്ങൾ പരിവർത്തന സേവനങ്ങൾ നല്കുന്നതോ അതിന് പണം നല്കുന്നതോ ആയ സഹകരണ ഏജൻസിയുടെ ഉദ്യോഗസ്ഥർക്ക് കൊടുക്കുന്നതിനു മുൻപ് നിങ്ങളുടെ സമ്മതമോ അല്ലെങ്കില്സ്റ്റേറ്റിൻറെ നിയമപ്രകാരം പ്രായപൂർത്തിയായതോ ആയ യോഗ്യതയുള്ള ഒരു കുട്ടിയുടെ സമ്മതമോ വാങ്ങേണ്ടതാണ്.

നിങ്ങളുടെ കുട്ടി നിങ്ങൾ താമസിക്കുന്നതിനപ്പുറമുള്ള സ്കൂൾ ഒരു സ്വകാര്യ സ്കൂളില്ചേരുകയോ അല്ലെങ്കില്ചേരുവാനുദ്ദേശിക്കുകയോ ചെയ്യുന്നുണ്ടങ്കില്നിങ്ങൾ താമസിക്കുന്ന സ്കൂൾ ജില്ലയിലെ ഉദ്യോഗസ്ഥർക്കും നിങ്ങളുടെ കുട്ടി ചേരുന്ന സ്വകാര്യ സ്കൂളിലെ കുട്ടികൾക്കും ഇടയില്നിങ്ങളുടെ കുട്ടിയുടെ വ്യക്തിഗത തിരിച്ചറിയല്വിവരങ്ങൾ കൈമാറുന്നതിനുമുമ്പ് നിങ്ങളുടെ അനുവാദം വാങ്ങിയിരിക്കണം.

## സുരക്ഷാമുൻകരുതലുകൾ

**34 *CFR* §300.623**
ഓരോ സഹകരണ ഏജൻസിയും വ്യക്തിഗത തിരിച്ചറിയല്വിവരങ്ങളുടെ സ്വകാര്യത ശേഖരിക്കുന്ന സമയത്തും സൂക്ഷിക്കുന്ന സമയത്തും വെളിപ്പെടുത്തുന്ന സമയത്തും അത് നശിപ്പിക്കുന്ന സമയത്തും കാത്തു സൂക്ഷിക്കേണ്ടതാണ്.

ഓരോ സഹകരണ ഏജൻസിയും വ്യക്തിഗത തിരിച്ചറിയല്വിവരങ്ങളുടെ സ്വകാര്യത സംരക്ഷിക്കുവാൻ ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

വ്യക്തിഗത തിരിച്ചരിയല്വിവരങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാവരും *IDEA* യിലെ പാർട്ട് B യും *FERPA* യും പ്രകാരമുള്ള സ്വകാര്യതയെ സംബന്ധിച്ച മിഷിഗണ് നയങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച പരിശീലനം സിദ്ധിച്ചവരായിരിക്കണം.

പൊതു പരിശോധനയ്ക്കായി ഓരോ ഏജൻസിയും വ്യക്തിഗത തിരിച്ചറിയല്വിവരങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പേരുകളും സ്ഥാനമാനങ്ങളും സൂക്ഷിക്കേണ്ടതാണ്.

## വിവരങ്ങളുടെ നശീകരണം

**34 *CFR* §300.624**
നിങ്ങളുടെ സ്കൂൾ ജില്ല സേഖരിച്ചതോ സൂക്ഷിച്ചതോ അല്ലെങ്കില് *IDEA* യിലെ പാർട്ട് B പ്രാകരം ഉപയോഗിച്ചതോ ആയ വ്യക്തിഗത തിരിച്ചറിയല്വിവരങ്ങൾ നിങ്ങളുടെ കുട്ടിയ്ക്ക് വിദ്യാഭ്യാസസേവനങ്ങൾ നല്കുവാനായി ആവശ്യമില്ലാത്ത ഘട്ടം വരുമ്പോൾ നിങ്ങളെ അറിയിക്കേണ്ടതാണ്.

നിങ്ങളുടെ ആവശ്യപ്രകാരം വിവരങ്ങൾ നശിപ്പിക്കപ്പെടും. എന്നിരുന്നാലും നിങ്ങളുടെ കുട്ടിയുടെ പേര്, വിലാസം ഫോൺനമ്പർ, കുട്ടിയുടെ ഗ്രേഡ്, അറ്റൻഡൻസ്, അറ്റൻഡ് ചെയ്ത ക്ലാസ്സുകൾ, പൂർത്തിയാക്കിയ ഗ്രേഡ് നിലവാരം, പഠനം പൂർത്തിയാക്കിയ വർഷം എന്നിവയുടെ രേഖ കാലപരിധിയില്ലാതെ സ്ഥിരമായി സൂക്ഷിക്കാവുന്നതാണ്.

## വിദ്യാർത്ഥികളുടെ അവകാശങ്ങൾ

**34 *CFR* §300.625**
*FERPA* യുടെ വ്യവസ്ഥകൾ പ്രകാരംവിദ്യാഞത്ഥികളുടെ വിദ്യാഭ്യാസം സംബന്ധിച്ച രക്ഷിതാക്കളുടെ അവകാശങ്ങൾ 18 വയസ്സാവുന്ന മുറയ്ക്ക് വിദ്യാർത്ഥികളിലേയ്ക്ക് കൈമാറപ്പെടുന്നതാണ്.

*IDEA* യിലെ പാർട്ട് B പ്രകാരം വിദ്യാഭ്യാസ രേഖകളെ സംബന്ധിച്ച രക്ഷിതാക്കളുടെ അവകാശവും 18 വയസ്സിലിവിദ്യാർത്ഥിയ്ക്ക് ലഭിക്കുന്നതാണ്. എന്നിരുന്നാലും *IDEA* യിലെ പാർട്ട് B പ്രകാരമുള്ള നോട്ടീസ് വിദ്യാർത്ഥിയ്ക്കും രക്ഷിതാക്കൾക്കും സഹകരണ ഏജൻസി നല്കേണ്ടതാണ്.

## മദ്ധ്യസ്ഥത

### മദ്ധ്യസ്ഥത

**34 *CFR* §300.506**

**പൊതുവായത്**

*IDEA* യിലെ പാർട്ട് B അല്ലെങ്കില്പാർട്ട് C പ്രകാരമുള്ള കാര്യങ്ങളില് നിങ്ങളും സ്കൂൾ ജില്ലയും തമ്മിലുള്ള തർക്കങ്ങൾ സ്റ്റേറ്റ് കംപ്ലയിൻറോ കാലതാമസപരാതിയോ ആവുന്നതിനു മുമ്പ് പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ *MDE* ക്രമീകരിച്ചിട്ടുണ്ട്. അപ്രകാരം, *IDEA* യിലെ പാർട്ട് B അല്ലെങ്കില്പാർട്ട് C യ്ക്ക് കീഴിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി **പദ്ധതിയുടെ കാലതാമസത്തിൻമേലുള്ള ഒരു പരാതി ഫയല്ചെയ്യുന്ന വിധം** എന്ന തലക്കെട്ടിനടിയിലുള്ള പ്രകാരം നിങ്ങൾ വിചാരണയ്ക്കായി പരാതിപ്പെട്ടാലും ഇല്ലെങ്കിലും മദ്ധ്യസ്ഥസേവനം ലഭിക്കുന്നതായിരിക്കും.

**ആവശ്യമായവ**

മദ്ധ്യസ്ഥ പ്രക്രിയയുടെ നടപടികൾ ഉറപ്പു വരുത്തുന്നത്:

1. നിങ്ങളുടേയും സ്കൂൾ ജില്ലയുടേയും പൂർണ്ണ സമ്മതത്തോടെയാണ് അത് നടക്കുന്നത്;
2. *IDEA* യിലെ പാർട്ട് B അല്ലെങ്കില്പാർട്ട് C പ്രകാരമുള്ള കാര്യങ്ങളില് വിചാരണയ്ക്കായി പരാതി കൊടുക്കുന്നതില്നിന്നോ മറ്റവകാശങ്ങളില്നിന്നോ അത് നിങ്ങളെ വിലക്കുന്നില്ല;
3. ഫലപ്രദമായ മദ്ധ്യസ്ഥ സങ്കേതങ്ങളില്പരിശീലനം സിദ്ധിച്ചതും നിർദ്ദിഷ്ട യോഗ്യതകളുള്ളതും നിഷ്പക്ഷവും ആയ മദ്ധ്യസ്ഥൻ വഴിയായിരിക്കണം മദ്ധ്യസ്ഥത നിർവ്വഹിക്കേണ്ടത്.

മദ്ധ്യസ്ഥ പ്രക്രിയയ്ക്കു പകരം നിങ്ങൾക്ക് സൌകര്യപ്രദമായ ഒരു സ്ഥലവും സന്ദർഭവും നിശ്ചയിച്ച് തത്പരകക്ഷിയല്ലാത്ത ഒരാളുടെ സാന്നിദ്ധ്യത്തില്തർക്കങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള നടപടികൾ വികസിപ്പിക്കാവുന്നതാണ്:

1. മേല്സൂചിപ്പിച്ച കക്ഷി യോജ്യമായ മറ്റൊരു തർക്ക പരിഹാര സ്ഥാപനവുമായോ രക്ഷിതാക്കൾക്ക് പരിശീലനവും വിവരങ്ങളും നല്കുന്ന കേന്ദ്രവുമായോ സ്റ്റേറ്റിലെ കമ്യൂണിറ്റി റിസോഴ്സ് കേന്ദ്രവുമായോ കരാറിലേർപ്പെട്ട ആളായിരിക്കണം; കൂടാതെ

2. മദ്ധ്യസ്ഥ പ്രക്രിയയുടെ ആനുകൂല്യങ്ങൾ നിങ്ങളെ പറഞ്ഞു മനസ്സിലാക്കി അതുപയോഗിക്കിൻ പ്രേരിപ്പിക്കണം.

പ്രത്യേക വിദ്യാഭ്യാസവും അനുബന്ധസേവനങ്ങളും സംബന്ധിച്ച നിയമങ്ങളും ക്രമീകരണങ്ങളും അറിയുന്ന യോഗ്യതയുള്ള മദ്ധ്യസ്ഥരുടെ പട്ടിക *MDE* സൂക്ഷിക്കേണ്ടതാണ്. റൊട്ടേഷൻ രീതിയിലോ റാൻഡം രീതിയിലോ അല്ലെങ്കില് നിഷ്പക്ഷമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ ആയിരിക്കണം *MDE* മദ്ധ്യസ്ഥരെ തിരഞ്ഞെടുക്കേണ്ടത്.

കൂടിക്കാഴ്ചകളുടെ ചിലവുൾപ്പടെ മദ്ധ്യസ്ഥ പ്രക്രിയയുടെ മുഴുവൻ ചിലവും സ്റ്റേറ്റ് വഹിക്കേണ്ടതാണ്. ഈ സേവനങ്ങൾ നല്കുന്നത് പ്രത്യേക വിദ്യാഭ്യാസ മദ്ധ്യസ്ഥ സേവനങ്ങൾ *[Special Education Mediation Services]* മുഖാന്തിരമാണ്. *(http://MiKids1st.org)*

മദ്ധ്യസ്ഥ പ്രക്രിയയിലെ ഓരോ കൂടിക്കാഴ്ചയും നിങ്ങൾക്കും സ്കൂൾ ജില്ലയ്ക്കും സൌകര്യപ്രദമായ രീതിയില്സമയബന്ധിതമായി വേണം നടത്താൻ.

നിങ്ങളും സ്കൂൾ ജില്ലയും തമ്മിലുള്ള തർക്കം മദ്ധ്യസ്ഥ പ്രക്രിയയിലൂടെ പരിഹരിക്കുകയാണെങ്കില്രണ്ടു കക്ഷികളും നിയമപരമായി നിലനില്ക്കുന്ന വ്യവസ്ഥകളോടെ സമ്മതപത്രം തയ്യാറാക്കണം. അതില്:

1. മദ്ധ്യസ്ഥ പ്രക്രിയയുടെ ഭാഗമായി നടന്നിട്ടുള്ള ചർച്ചകളെല്ലാം രഹസ്യമായിരിക്കുമെന്നും തുടർന്നുള്ള കാലതാമസപരാതിയൻമേലുള്ള വിചാരണയിലോ ഏതെങ്കിലും സിവില്പരാതികളിലോ തെളിവായി ഉപയോഗിക്കുകയില്ല;
2. നിങ്ങളും സ്കൂൾ ജില്ല ചുമതലപ്പെടുത്തിയ അതിൻറെ പ്രതിനിധിയും അതില്ഒപ്പു വെച്ചിരിക്കണം.

എഴുതി തയ്യാറാക്കിയ ഒപ്പു വെച്ച മദ്ധ്യസ്ഥ സമ്മതപത്രം ഏത് അധികാര പരിധിസ്റ്റേറ്റ് കോടതിയിലും(ഇപ്രകാരമുള്ള കേസുകളിലെ വാദം കേൾക്കാനധികാരമുള്ള കോടതി) യുണൈറ്റഡ് സ്റ്റേറ്റിലെ ജില്ലാ കോടതിയിലും സാധുവാണ്.

മദ്ധ്യസ്ഥപ്രക്രിയയുടെ സമയത്ത് നടന്ന ചർച്ചകളെല്ലാം രഹസ്യമായിരിക്കണം. *IDEA* യിലെ പാർട്ട് B അല്ലെങ്കില്പാർട്ട് C പ്രകാരമുള്ള കാര്യങ്ങളില്സഹായം സ്വീകരിക്കുന്ന സ്റ്റേറ്റിലെ സ്റ്റേറ്റ് കോടതിയോ ഫെഡറല്കോടതിയോ സിവില്നടപടികളിലോ, കാലതാമസത്തിൻമേലുള്ള പരാതിയുടെ വിചാരണാ സമയത്തോ, ഭാവിയില് ഇവ തെളിവായി സ്വീകരിക്കരുത്.

**മദ്ധ്യസ്ഥത വഹിക്കുന്ന ആളിൻറെ നിഷ്പക്ഷത**

മദ്ധ്യസ്ഥത വഹിക്കുന്ന ആൾ:

1. *MDE* യുടേയോ നിങ്ങളുടെ കുട്ടിയുടെ വിദ്യാഭ്യാസ ചുമതലയുള്ള സ്കൂൾ ജില്ലയുടേയോ ഉദ്യോഗസ്ഥനായിരിക്കരുത്; കൂടാതെ
2. വ്യക്തിപരമായോ ഔദ്യോഗികമായോ മദ്ധ്യസ്ഥൻറെ വസ്തുനിഷഠതയെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള താല്പര്യങ്ങളുള്ള ആളായിരിക്കരുത്.

മറ്റൊരു തരത്തില് പറഞ്ഞാല് മദ്ധ്യസ്ഥനായിരിക്കാൻ യോഗ്യതയുള്ളയാൾ ഏജൻസിയോ സ്കൂൾ ജില്ലയോ അയാളുടെ സേവനങ്ങൾക്ക് പ്രതിഫലം നല്കുന്നതിനാല് സ്റ്റേറ്റ് ഏജൻസിയുടേയോ സ്കൂൾ ജില്ലയുടേയോ മാത്രം ഉദ്യോഗസ്ഥനായിരിക്കുകയില്ല.

## സ്റ്റേറ്റിൻറെ പരാതി നടപടി ക്രമങ്ങൾ

### കാലതാമസത്തിൻമേലുള്ള പരാതിയുടെ നടപടി ക്രമങ്ങളും സ്റ്റേറ്റിൻറെ പരാതി നടപടിക്രമങ്ങളും തമ്മിലുള്ള വ്യത്യാസം

*IDEA* യിലെ പാർട്ട് B യിലെ വ്യവസ്ഥകൾ പ്രകാരം സ്റ്റേറ്റ് പരാതികൾക്കും മുറപ്രകാരമുള്ള പരാതികൾക്കും വാദം കേൾക്കലുകൾക്കും വെവ്വേറെ നടപടിക്രമങ്ങളാണുള്ളത്. താഴെ വിശദീകരിച്ചിരിക്കുന്നതുപോലെ, ഏതൊരു വ്യക്തിയക്കോ സ്ഥാപനത്തിനോ പാർട്ട് B യോ C യോ പ്രകാരമുള്ള കാര്യങ്ങളില്സ്കൂൾ ജില്ലയോ *MDE* യോ അല്ലെങ്കില്മറ്റേതെങ്കിലും പൊതു ഏജൻസിയോ വീഴ്ച വരുത്തിയെന്നു കാണിച്ച് സ്റ്റേറ് കംപ്ലയിൻറ് ഫയല്ചെയ്യാവുന്നതാണ്. കുട്ടിയ്ക്ക് *FAPE* ലഭ്യമാക്കുക, വൈകല്യമുള്ള കുട്ടിയുടെ വിദ്യാഭ്യാസസ്ഥലം മാറ്റമോ പുനർമൂല്യനിർണ്ണയമോ, തിരിച്ചറിയല്രേഖയിലെ മാറ്റം, ഏതെങ്കിലും കാര്യത്തില്അപേക്ഷ നിരസിക്കലോ തുടങ്ങിയ കാര്യങ്ങളില്മുറപ്രകാരമുള്ള പരാതി നിങ്ങൾക്കോ അല്ലെങ്കില്ഒരു സ്കൂൾ ജില്ലയ്ക്കോ മാത്രമേ നല്കാനാവൂ. കാലാവധി മുറപ്രകാരം നീട്ടിയിട്ടില്ലെങ്കില്, *MDE* യിലെ സ്റ്റാഫ് പരാതി 60 കലണ്ടർ ദിവസങ്ങൾക്കുള്ളില്തീർത്തു കൊടുക്കേണ്ടതും, ഒരു *ALJ* മുറപ്രകാരമുള്ള പരാതിയില് വാദം കേൾക്കേണ്ടതും(കാരണം കാണിക്കല്കൂടിക്കാഴ്ചയിലും മദ്ധ്യസ്ഥതയിലും പരിഹരിക്കപ്പെട്ടില്ലെങ്കില്), **റെസൊല്യൂഷൻ  പ്രക്രിയ** എന്ന തലക്കെട്ടില് കൊടുത്തതുപോലെ, നിങ്ങളുടെ അപേക്ഷയോ അല്ലെങ്കില്സ്കൂൾ ജില്ലയുടെ അപേക്ഷയോ പ്രകാരം കാലാവധി നീട്ടിയിട്ടില്ലെങ്കില്, റെസോല്യൂഷൻ കാലാവധിയ്ക്കു ശേഷം 45 കലണ്ടർ ദിവസങ്ങൾക്കുള്ളില് തീർപ്പ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. സ്റ്റേറ്റ് കംപ്ലയിൻറ്, മുറപ്രകാരമുള്ള പരാതി, കാരണം കാണിക്കല്, വാദം കേൾക്കല്നടപടികൾ എന്നിവ വിശദമായി താഴെക്കൊടുത്തിരിക്കുന്നു.

സ്റ്റേറ്റിൻറെ പരാതി നടപടി ക്രമങ്ങൾ സ്വീകരിക്കല്

**34 *CFR* §300.151**

### പൊതുവായത്

*MDE* യ്ക്ക്  താഴെക്കൊടുത്തകാര്യങ്ങളില്  എഴുതപ്പെട്ട നടപടിക്രമങ്ങളുണ്ടായിരിക്കണം (പ്രത്യേക വിദ്യാഭ്യാസത്തിൻറെ അഡ്മിനിസ്ട്രേറ്റീവ് റൂൾസിലെ റൂൾ  340.1701a, 340.1851-1853 എന്നിവ നോക്കുക):

1. മറ്റൊരു സ്റ്റേറ്റിലെ ഒരു സ്ഥാപനമോ വ്യക്തിയോ ഉൾപ്പടെ നല്കുന്ന ഏതൊരു സ്റ്റേറ്റ് കംപ്ലയിൻറും പരിഹരിക്കുന്നതില്;

2. പരാതി ഫയല്ചെയ്യുന്നതില്.
3. സ്റ്റേറ്റിൻറെ പരാതി നടപടിക്രമങ്ങൾ രക്ഷിതാക്കൾക്കും പാരൻറ് ട്രെയിനിങ്ങ് & ഇൻഫർമേഷൻ സെൻറർ തുടങ്ങിയ മറ്റു തത്പരകക്ഷികൾക്കും നിയമപരിരക്ഷ-നിയമോപദേശ ഏജൻസികൾക്കും സ്വതന്ത്ര സ്വീകരണകേന്ദ്രങ്ങൾക്കും മറ്റു ഉചിതവ്യക്തികൾക്കും പരക്കെ വിതരണം ചെയ്യുന്നതില്.

### ആവശ്യമായ സേവനം കിട്ടാതെ വരുമ്പോഴുള്ള പ്രതിവിധികൾ

ഒരു സ്റ്റേറ്റ് കംപ്ലയിൻറ് പരിഹരിക്കുമ്പോൾ *MDE* ആവശ്യമായ സേവനങ്ങൾ നല്കുവാൻ പരാജയപ്പെട്ടു എന്ന് കണ്ടെത്തുകയാണെങ്കില്അഭിമുഖീകരിക്കേണ്ടത്:

1. കുട്ടിയുടെ ആവശ്യത്തിനനുസരിച്ച് തെറ്റുതിരുത്തുന്നതിനുള്ള നടപടികൾ ഉൾപ്പടെ ആവശ്യമായ സേവനങ്ങൾ നല്കുന്നതില്വന്ന വീഴ്ച;
2. വികലാംഗരായ എല്ലാ കുട്ടികൾക്കും അവശ്യമായ സേവനങ്ങൾ ഭാവിയില് ഉറപ്പുവരുത്തുന്നത്.

## മിനിമം സ്റ്റേറ്റ് കംപ്ലയിൻറ് നടപടിക്രമങ്ങൾ

### 34 *CFR* §300.152

### കാലാവധി; മിനിമം നടപടിക്രമങ്ങൾ

പ്രത്യേക വിദ്യാഭ്യാസത്തിൻറെ ഓഫീസ് *[Office of Special Education (OSE)]* വഴി *MDE* അതിൻറെ സ്റ്റേറ്റ് കംപ്ലയിൻറ് നടപടിക്രമങ്ങളില് താഴെക്കൊടുത്ത കാര്യങ്ങൾക്കായി കംപ്ലയിൻറ് ഫയല് ചെയ്തതിനുശേഷം 60 കലണ്ടർ ദിവസങ്ങളുടെ കാലാവധി കൊടുക്കും:

1. *MDE* അന്വേഷണം അത്യാവശ്യമാണെന്ന് തീരുമാനിച്ചാല്സ്വതന്ത്രവും നേരിട്ടുള്ളതുമായ അന്വേഷണം നടത്തുവാൻ;
2. പരാതി കൊടുത്തയാൾക്ക് കൂടുതല് വിവരങ്ങൾ രേഖാമൂലമായോ വാമൊഴിയായോ പരാതിയിലെ ആരോപണങ്ങളെക്കുറിച്ച് കൂടുതല്വിവരങ്ങൾ സമർപ്പിക്കുവാനുള്ള അവസരം ലഭിക്കുവാൻ;
3. സ്കൂൾ ജില്ലയ്ക്കോ മറ്റു പൊതു ഏജൻസിയ്ക്കോ പരാതിയ്ക്ക് ഏറ്റവും കുറഞ്ഞത് പ്രതികരിക്കാനുള്ള സമയം കൊടുക്കുക: (a) ഏജൻസിയുടെ ഹിതപ്രകാരം പരാതി പരിഹരിക്കാനുള്ള നിർദ്ദേശം മുന്നോട്ട് വെയ്ക്കാം; (b) പരാതി ഫയല് ചെയ്ത രക്ഷിതാവും ഏജൻസിയും തമ്മില് മദ്ധ്യസ്ഥതയ്ക്ക് സമ്മതിക്കുവാൻ അവസരം കൊടുക്കുക;

4. നിർണ്ണായകമായ വിവരങ്ങളെല്ലാം വിലയിരുത്തുവാനും സ്കൂൾ ജില്ലയോ പബ്ലിക് ഏജൻസിയോ *IDEA* യുടെ പാർട്ട് B പ്രകാരമുള്ള ആവശ്യകതകൾ നടപ്പിലാക്കുന്നതില് വീഴ്ച വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ; കൂടാതെ
5. (a) കണ്ടെത്തിയ വസ്തുതകളും നിഗമനങ്ങളും (b) *MDE* യുടെ അന്തിമതീരുമാനത്തിൻറെ കാരണങ്ങളുമുൾപ്പടെ പരാതിയിലുള്ള ഓരോ ആരോപണത്തിനുമുള്ള എഴുതപ്പെട്ട മറുപടി പരാതിക്കാരന് ലഭ്യമാക്കുവാൻ.

**കാലാവധി നീട്ടിവെയ്ക്കല്; അന്തിമതീർപ്പ്; നടപ്പിലാക്കല്**

മുകളില്വിശദീകരിച്ച *MDE* യുടെ നടപടിക്രമങ്ങളില്ഉറപ്പായും:

1. ഇനി കൊടുക്കുന്ന കാരണങ്ങളാല് മാത്രം 60-കലണ്ടർ ദിവസങ്ങളില്നിന്ന് കാലാവധി നീട്ടാനനുമതി നല്കാം: (a) സ്റ്റേറ്റ് കംപ്ലയിൻറുമായി ബന്ധപ്പെട്ട് അസാധാരണമായ സാഹചര്യങ്ങൾ നിലനില്ക്കുന്നു; അല്ലെങ്കില്(b) രക്ഷിതാവും ഏജൻസിയോ സ്കൂൾ ജില്ലയോ തമ്മില്പരസ്പരധാരണയോടെ മദ്ധ്യസ്ഥതയിലൂടെ പ്രശ്നം പരിഹരിക്കുന്നതിനായി സമയം നീട്ടാം.
2. സാങ്കേതിക സഹായപ്രവർത്തനങ്ങൾ; ഉടമ്പടികൾ പരിഹാരത്തിനായി വേണ്ട പ്രതിവിധികൾ എന്നിവ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ ആവശ്യമെങ്കില്*MDE* യുടെ അന്തിമതീർപ്പിൻറെ ഫലപ്രദമായ നടത്തിപ്പിനായി ഒപ്പം ചേർക്കാവുന്നതാണ്.

**സ്റ്റേറ്റ് കംപ്ലയിൻറും മുറപ്രകാരമുള്ള വാദം കേൾക്കലും**

**മുറപ്രകാരരമുള്ള പരാതി ഫയല്ചെയ്യുന്ന വിധം** എന്ന തലക്കെട്ടിനടിയില് കൊടുത്ത പോലെ മുറപ്രകാരമുള്ള വാദം കേൾക്കലിനും വിധേയമാവുന്ന ഒരു എഴുതപ്പെട്ട സ്റ്റേറ്റ് കംപ്ലയിൻറ് ലഭിക്കുകയാണെങ്കില്അല്ലെങ്കില്സ്റ്റേറ്റ് കംപ്ലയിൻറില്ഒന്നിലധികം വിഷയങ്ങളും അതില്ഒന്നോ അതിലധികമോ അത്തരം വാദം കേൾക്കലിൻറെ ഭാഗമാണെങ്കില് വാദം കഴിയുന്നതുവരെ സ്റ്റേറ്റ്, സ്റ്റേറ്റ് കംപ്ലയിൻറോ സ്റ്റേറ്റ് കംപ്ലയിൻറിൻറെ ഭാഗമായ പ്രസ്തുതഭാഗമോ മാറ്റിവെയ്ക്കേണ്ടതാണ്. മുറപ്രകാരമുള്ള വാദത്തിൻറെ ഭാഗമല്ലാത്ത സ്റ്റേറ്റ് കംപ്ലയിൻറിൻറെ ഏതൊരു കാര്യവും മുകളില്കൊടുത്ത കാലാവധിക്കും നടപടികൾക്കും വിധേയമായി പരിഹരിക്കേണ്ടതാണ്.

മുറപ്രകാരമുള്ള വാദം കേൾക്കലില്ഒരേ കക്ഷികൾ തമ്മില്(നിങ്ങളും സ്കൂൾ ജില്ലയും) മുൻപ് തീർപ്പായ കാര്യം സ്റ്റേറ്റ് കംപ്ലയിൻറില്വരികയാണെങ്കില്മുറപ്രകാരമുള്ള വാദം കേൾക്കലിൻറെ തീർപ്പായിരിയ്ക്കും നിലനില്ക്കുക, പരാതിക്കാരനെ ഈ കാര്യം *MDE* അറിയിക്കേണ്ടതുമാണ്.

മുറപ്രകാരമുള്ള വാദത്തിലെ തീർപ്പ് നടപ്പാക്കുവാൻ സ്കൂൾ ജില്ലയോ പൊതു ഏജൻസിയോ പരാജയപ്പെടുന്നു എന്നാരോപിച്ചുള്ള പരാതിയില് *MDE* പരിഹാരം കാണേണ്ടതാണ്.

## സ്റ്റേറ്റ് കംപ്ലയിൻറ് ഫയല്ചെയ്യുന്ന വിധം

**34 *CFR* §300.153**
മുകളില്വിശദീകരിച്ച നടപടികൾ പ്രകാരം ഒരു വ്യക്തിയ്ക്കോ സ്ഥാപനത്തിനോ ഒപ്പിട്ട് എഴുതിയ പരാതി ഫയല്ചെയ്യാവുന്നതാണ്.

സ്റ്റേറ്റ് കംപ്ലയിൻറില്ഉൾക്കൊള്ളിക്കേണ്ടവ:

1. സ്കൂൾ ജില്ലയോ മറ്റു പൊതു ഏജൻസിയോ കൊടത്തിട്ടുള്ള കാര്യങ്ങൾ ലംഘിച്ചുവെന്ന് കാണിക്കുന്ന ഒരു പ്രസ്താവന:
   a. പ്രത്യേക വിദ്യാഭ്യാസത്തിൻറെ അഡ്മിനിസ്ട്രേറ്റീവ് നിയമങ്ങളിലേതെങ്കിലെ ഏതെങ്കിലും നിലവിലുള്ള വ്യവസ്ഥകൾ;
   b. 976 PA 451, MCL 380.1 et seq, അത് പ്രത്യേകവിദ്യാഭ്യാസ പദ്ധതിയേയും ബന്ധപ്പെട്ട സേവനങ്ങളേയും കുറിച്ചായതുകൊണ്ട്;
   c. 20 U.S.C., അധ്യായം 33, §1400 ഒപ്പം താഴെ**.** 2004 ലെ വൈകല്യമുള്ള വ്യക്തികളുടെ വിദ്യാഭ്യാസനിയമം നിയമം നടപ്പിലാക്കുവാനുണ്ടായ ക്രമീകരണങ്ങൾ, 34 C.F.R.. ഭാഗം 300, and 34 C.F.R. ഭാഗം 303 പ്രസ്താവന അടിസ്ഥാനമാക്കിയ കാരണങ്ങൾ;
   d. ഒരു ഇൻറർമീഡിയറ്റ് സ്കൂൾ ജില്ലാപദ്ധതി;
   e. ഒരു വ്യക്തിഗത വിദ്യാഭ്യാസ പദ്ധതിയുടെ ടീം റിപ്പോർട്ട്, വാദം കേൾക്കലിൻറെ ഓഫീസ് തീർപ്പ് അല്ലെങ്കില്പ്രത്യേകവിദ്യാഭ്യാസത്തേയോ അനുബന്ധസേവനങ്ങളേയോ സംബന്ധിച്ച കോടതിവിധി; അല്ലെങ്കില്
   f. *IDEA* യുടെ കീഴിലുള്ള ഫണ്ടിനു വേണ്ടിയുള്ള സ്റ്റേറ്റിൻറെ അപേക്ഷ.
2. പരാതിക്കാരനുവേണ്ടിയുള്ള ഒപ്പും ബന്ധപ്പെടാനുള്ള വിവരങ്ങളും; കൂടാതെ
3. ആരോപിക്കുന്ന ലംഘനങ്ങൾ ഒരു കുട്ടിയെ സംബന്ധിച്ചതാണെങ്കില്:
   a. കുട്ടിയുടെ പേരും കുട്ടിയുടെ വാസസ്ഥലത്തിൻറെ വിലാസവും;
   b. കുട്ടി പഠിക്കുന്ന സ്കൂളിൻറെ പേര്;
   c. വീടില്ലാത്ത കുട്ടിയോ യുവാവോ ആണെങ്കില്കുട്ടിയെപ്പറ്റിയുള്ള ലഭ്യമായ വിലാസത്തിൻറെ വിവരങ്ങളും കുട്ടി പഠിക്കുന്ന സ്കൂളിൻറെ പേരും;

d. കുട്ടി നേരിടുന്ന പ്രശനങ്ങളുടെ സ്വഭാവത്തെപ്പറ്റിയുള്ള വിശദീകരണവും കുട്ടിയെ സംബന്ധിച്ച വസ്തുതകളും; കൂടാതെ

e. പരാതി ഫയല് ചെയ്യുന്ന സമയത്തെങ്കിലും ഫയല് ചെയ്യുന്ന കക്ഷിയ്ക്ക് അറിവുള്ളതും ലഭ്യവുമായ കുട്ടിയുടെ പ്രശനത്തിനുള്ള പ്രതിവിധിസാധ്യത.

*MDE* യോ ISD യോ പരാതി സ്വീകരിക്കുന്ന സമയത്തിനും ഒരു വർഷത്തിനുള്ളില്നടന്ന ലംഘനമെങ്കിലും പരാതിയില്ഉന്നയിച്ചിരിക്കണം.

സ്റ്റേറ്റ് കംപ്ലയിൻറ് ഫയല്ചെയ്യുന്ന വ്യക്തി പരാതിയുടെ പകർപ്പ് കുട്ടിയുടെ കാര്യം നോക്കുന്ന സ്കൂൾ ജില്ലയ്ക്കോ പൊതു ഏജൻസിയ്ക്കോ *OSE* യ്ക്ക് പരാതി അയയ്ക്കുന്നതിനൊപ്പം തന്നെ അയയ്ക്കേണ്ടതാണ്.

സ്റ്റേറ്റ് കംപ്ലയിൻറ് ഫയല്ചെയ്യുന്നതിന് സഹായകമായി *MDE* ഒരു മാതൃകാഫോറം തയ്യാറാക്കിയിട്ടുണ്ട്. മാതൃകാ ഫോറം [*OSE* വെബ്സൈറ്റ്](www.michigan.gov/specialeducation) ല്ലഭ്യമാണ് (*www.michigan.gov/specialeducation*). നിങ്ങൾക്ക് മാതൃകാഫോറം ഉപയോഗിക്കേണ്ട ആവശ്യമില്ല. എന്നിരുന്നാലും, പരാതിയില്സ്റ്റേറ്റ് കംപ്ലയിൻറ് ഫയല് ചെയ്യാനാവശ്യമായ എല്ലാ അവശ്യ വിവരങ്ങളും അടങ്ങിയിരിക്കണം. (മുകളിലെ 1-4 നോക്കുക.)

# മുറപ്രകാരമുള്ള പരാതിയുടെ നടപടിക്രമങ്ങൾ

## മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യുന്ന വിധം

**34 *CFR* §300.507**

**പൊതുവായത്**

നിങ്ങൾക്കോ നിങ്ങളുടെ സ്കൂൾ ജില്ലയ്ക്കോ *FAPE* നിങ്ങളുടെ കുട്ടിയ്ക്ക് നല്കുന്നതുമായോ കുട്ടിയുടെ വിദ്യാഭ്യാസ സ്ഥാനനിർണ്ണയമോ പുനർമൂല്യനിർണ്ണയമോ, തിരിച്ചറിയല്രേഖയിലെ മാറ്റമോ സംബന്ധിച്ച ഏതൊരു അഭിപ്രായമോ നിരസിക്കലോ സംബന്ധിച്ച കാര്യങ്ങളില്മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യാവുന്നതാണ്.

മുറപ്രകാരമുള്ള പരാതിയില്ആരോപിച്ചിരിക്കുന്ന ലംഘനം നിങ്ങളുടേയോ നിങ്ങളുടെ സ്കൂൾ ജില്ലയുടേയോ അറിവില്രണ്ടുവർഷത്തിനുള്ളല്നടന്നിട്ടുള്ളതായിരിക്കണം.

താഴെക്കൊടുത്ത കാരണങ്ങളാല്നിങ്ങൾക്ക് മുകളില്പറഞ്ഞ കാലയളവിനുള്ളില്മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യാൻ സാധിച്ചില്ലയെങ്കില്സമയപരിധി ബാധകമായിരിക്കില്ല:

1. സ്കൂൾ ജില്ല കൃത്യമായി പരാതിയില്പറഞ്ഞ കാര്യങ്ങൾ പരിഹരിച്ചുവെന്ന് തെറ്റിദ്ധരിപ്പിച്ചു; അല്ലെങ്കില്
2. *IDEA* പാർട്ട് B യും പാർട്ട് C യും പ്രകാരം നിങ്ങൾക്ക് ലഭിക്കേണ്ട വിവരങ്ങൾ നിങ്ങൾക്ക് തരാതിരുന്നു.

**രക്ഷിതാക്കൾക്കുള്ള വിവരങ്ങൾ**

നിങ്ങളോ സ്കൂൾ ജില്ലയോ മുറപ്രകാരമുള്ള പരാതി ഫയല്ചെയ്താലോ വിവരങ്ങൾക്കായി അപേക്ഷിച്ചാലോ സ്ഥലത്ത് ലഭ്യമായ സൌജന്യമോ ചെലവുകുറഞ്ഞതോ ആയ നിയമസേവനങ്ങളേയും മറ്റ് അനുബന്ധ സേവനങ്ങളെപ്പറ്റിയും നിങ്ങളെ അറിയിക്കേണ്ടതാണ്.

## മുറപ്രകാരമുള്ള പരാതി

**34 *CFR* §300.508**

**പൊതുവായത്**

ഒരു വാദം കേൾക്കല്ആവശ്യപ്പെടുന്നതിനായി നിങ്ങളോ നിങ്ങളുടെ സ്കൂൾ ജില്ലയോ(അല്ലെങ്കില്നിങ്ങളുടേയോ സ്കൂൾ ജില്ലയുടേയോ അറ്റോണി) *MDE* യില്മുറപ്രകാരമുള്ള

പരാതി ഫയല്ചെയ്ത് പകർപ്പ് മറ്റേ കക്ഷിയ്ക്ക് കൈമാറേണ്ടതാണ്. പരാതിയില്താഴെപ്പറയുന്ന കാര്യങ്ങളുണ്ടായിരിക്കുകയും രഹസ്യമായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

**പരാതിയിലെ ഉള്ളടക്കം**

മുറപ്രകാരമുള്ള പരാതിയില്ഉറപ്പായും ഉണ്ടായിരിക്കേണ്ടവ:

1. കുട്ടിയുടെ പേര്;
2. കുട്ടി താമസിക്കുന്ന സ്ഥലത്തിൻറെ വിലാസം;
3. കുട്ടിയുടെ സ്കൂളിൻറെ പേര്;
4. കുട്ടി വീടില്ലാത്ത കുട്ടിയോ യുവാവോ ആണെങ്കില്കുട്ടിയെ ബന്ധപ്പെടാനുള്ള വിലാസവും കുട്ടിയുടെ സ്കൂളിൻറെ പേരും;
5. കുട്ടി നേരിടുന്ന പ്രശനങ്ങളുടെ സ്വഭാവത്തെപ്പറ്റിയുള്ള വിശദീകരണവും കുട്ടിയെ സംബന്ധിച്ച വസ്തുതകളും; കൂടാതെ
6. പരാതി ഫയല്ചെയ്യുന്ന സമയത്തെങ്കിലും, ഫയല്ചെയ്യുന്ന കക്ഷിയ്ക്ക് അറിവുള്ളതും ലഭ്യവുമായ, കുട്ടിയുടെ പ്രശനത്തിനുള്ള പ്രതിവിധി സാധ്യത.

**മുറപ്രാരമുള്ള പരാതിയില്വാദം കേൾക്കലിനു മുമ്പ് ആവശ്യമുള്ള നോട്ടീസ്**

മുകളില്പറഞ്ഞ വിവരങ്ങളുൾപ്പെടുത്തി ശരിയായ രീതിയില്മുറപ്രകാരമുള്ള പരാതി നിങ്ങളോ നിങ്ങളുടെ സ്കൂൾ ജില്ലയോ(അല്ലെങ്കില്നിങ്ങളുടേയോ നിങ്ങളുടെ സ്കൂൾ ജില്ലയുടേയോ അറ്റോർണി) ഫയല്ചെയ്താലല്ലാതെ മുറപ്രകാരമുള്ള വാദം കേൾക്കല്നിങ്ങൾക്കോ സ്കൂൾ ജില്ലയ്ക്കോ ലഭിക്കുന്നതല്ല. *MDE* യ്ക്കും മറ്റേ കക്ഷിയ്ക്കും പരാതി ലഭിക്കുമ്പോഴാണ് മുറപ്രകാരമുള്ള പരാതി ശരിയായി ഫയല്ചെയ്യപ്പെടുന്നത്.

**പരാതിയുടെ കാര്യക്ഷമത**

മുറപ്രകാരമുള്ള പരാതി മുന്നോട്ട് നീങ്ങണമെങ്കില്അത് കാര്യക്ഷമമായിരിക്കണം. കക്ഷിയ്ക്ക് മുറപ്രകാരമുള്ള പരാതി ലഭിക്കുകയും(നിങ്ങളോ നിങ്ങളുടെ സ്കൂൾ ജില്ലയോ) *ALJ* യേയും എതിർകക്ഷിയേയും പരാതി ലഭിച്ച് 15 കലണ്ടർ ദിവസങ്ങൾക്കുള്ളില് രേഖാമൂലം അറിയിക്കുകയും പരാതി സ്വീകരിക്കുന്ന കക്ഷി മുറപ്രകാരമുള്ള പരാതി മുകളിലില്കൊടുത്ത ആവശ്യകതകൾ പാലിക്കുന്നു എന്നും ഉറപ്പായാല്മുറപ്രകാരമുള്ള പരാതി കാര്യക്ഷമമെന്ന്(ഉള്ളടക്കത്തില്മുകളില്കൊടുത്ത ആവശ്യകതകൾ പാലിക്കുന്ന പക്ഷം) കരുതാം.

പ്രസ്താവന സ്വീകരിച്ച് അഞ്ച് കലണ്ടർ ദിവസങ്ങൾക്കുള്ളില്സ്വീകരിക്കുന്ന കക്ഷി(നിങ്ങളോ നിങ്ങളുടെ സ്കൂൾ ജില്ലയോ) മുറപ്രകാരമുള്ള പരാതി അപര്യാപ്തമാണെന്ന് കരുതുനിന പക്ഷം

*ALJ* പരാതി പരിശോധിച്ച് മുകളില്‌കൊടുത്ത കാര്യങ്ങൾ പരിശോധിച്ച ഉറപ്പു വരുത്തി നിങ്ങളേയും സ്കൂൾ ജില്ലയേയും എത്രയും പെട്ടെന്ന് രേഖാമൂലം അറിയിക്കേണ്ടതാണ്.

**പരാതിയുടെ ഭേദഗതി**

താഴെക്കൊടുക്കുന്ന കാരണങ്ങൾ കൊണ്ട് മാത്രം നിങ്ങൾക്കോ സ്കൂൾ ജില്ലയ്ക്കോ പരാതിയില്‌മാറ്റങ്ങൾ വരുത്താവുന്നതാണ്:

1. മറ്റേ കക്ഷി മാറ്റങ്ങൾ രേഖാമൂലം അനുവദിക്കുകയും മുറപ്രകാരമുള്ള പരാതി താഴെ കൊടുത്ത പോലെ കാരണം കാണിക്കല്‌കൂടിക്കാഴ്ചയിലൂടെ പരിഹരിക്കാനുള്ള അവസരമൊരുക്കുകും ചെയ്താല്; അല്ലെങ്കില്
2. മുറപ്രകാരമുള്ള പരാതിയില്‌വാദം കേൾക്കുന്നതിന് അഞ്ച് ദിവസമെങ്കിലും മുമ്പ് *ALJ* മാറ്റങ്ങൾക്ക് അനുമതി നല്കേണ്ടതാണ്.

പരാതി നല്കുന്ന കക്ഷി(നിങ്ങളോ സ്കൂൾ ജില്ലയോ) മുറപ്രകാരമുള്ള പരാതിയില്‌മാറ്റം വരുത്തുകയാണെങ്കില്‌കാരണം കൂടിക്കാഴ്ചയ്ക്കുള്ള സമയക്രമവും(പരാതി സ്വീകരിച്ച് 15 ദിവസങ്ങൾക്കുള്ളില്) പരിഹാരത്തിനുള്ള സമയപരിധിയും(പരാതി സ്വീകരിച്ച് 30 കലണ്ടർ ദിവസങ്ങൾക്കുള്ളില്)ഭേദഗതി വരുത്തിയ പരാതി ഫയല്‌ചെയ്ത ദിവസം തൊട്ട് വീണ്ടും തുടങ്ങുന്നതാണ്.

**മുറപ്രകാരമുള്ള പരാതിയോടുള്ള സ്കൂൾ ജില്ലയുടെ പ്രതികരണം**

**മുൻകൂർ നോട്ടീസ്** എന്ന തലക്കെട്ടിനടിയില്‌വിശദീകരിച്ചതുപോലെ സ്കൂൾ ജില്ല നിങ്ങളുടെ മുറപ്രകാരമുള്ള പരാതിയിലെ കാരണത്തെപ്പറ്റി മുൻകൂർ നോട്ടീസ് അയച്ചിട്ടില്ലെങ്കില്, പരാതി സ്വീകരിച്ച് 10 കലണ്ടർ ദിവസങ്ങൾക്കുള്ളില്‌താഴെക്കൊടുത്ത കാര്യങ്ങളുൾപ്പടെ ഒരു പ്രതികരണം നിങ്ങൾക്ക് അയച്ചിരിക്കേണ്ടതാണ്:

1. എന്തുകൊണ്ടാണ് പരാതിയില്‌ആരോപിച്ചിരിക്കുന്ന കാര്യങ്ങളില്‌മതിയായ തീരുമാനം എടുക്കാതിരുന്നത് എന്നതിനെപ്പറ്റിയുള്ള വിശദീകരണം;
2. നിങ്ങളുടെ കുട്ടിയുടെ *IEP* ടീം പരിഗണിച്ചിരുന്ന മറ്റു മാർഗ്ഗങ്ങളെപ്പറ്റിയുള്ള വിശദീകരണവും നിങ്ങൾ അത് നിരസിക്കാനുണ്ടായ കാരണവും;
3. സ്കൂൾ ജില്ല അടിസ്ഥാനമായി മുന്നോട്ട് വെച്ചതോ നിരസിച്ചതോ ആയ പ്രവൃത്തിയുടെ മൂല്യനിർണ്ണയപ്രക്രിയ, റെക്കോർഡ്, അല്ലെങ്കില്‌സ്കൂൾ റിപ്പോർട്ട് എന്നിവയുടെ വിശദീകരണം;
4. സ്കൂൾ ജില്ല മുന്നോട്ട് വെയ്ക്കാനോ നിരസിക്കാനോ കാരണമായതില്‌പ്രധാനപ്പെട്ട മറ്റു കാര്യങ്ങളുടെ വിശദീകരണം.

മുകളിലെ 1-4 വരെയുള്ള വിവരങ്ങൾ നിങ്ങളുടെ സ്കൂൾ ജില്ലയ്ക്ക് നിങ്ങളുടെ പരാതി അപര്യാപ്തമാണെന്ന് തെളിയിക്കുന്നതിന് തടസ്സമാവില്ല.

**മുറപ്രകാരമുള്ള പരാതിയോടുള്ള മറ്റേ കക്ഷിയുടെ പ്രതികരണം**

**മുറപ്രകാരമുള്ള പരാതിയോടുള്ള സ്കൂൾ ജില്ലയുടെ പ്രതികരണം** എന്ന തലക്കെട്ടിനടിയിലുള്ളതുപോലെയല്ലാതെ, ഒരു മുറപ്രകാരമുള്ള പരാതി ലഭിക്കുന്ന കക്ഷി പരാതി ലഭിച്ച് 10 കലണ്ടർ ദിവസങ്ങൾക്കുള്ളില്പരാതിയിലെ ഓരോ കാര്യങ്ങളെയും വ്യക്തമായി പരിഗണിക്കുന്ന രീതിയിലുള്ള ഒരു പ്രതികരണം അയയ്ക്കണം.

**മാതൃകാ ഫോറങ്ങൾ**

**34 *CFR* §300.509**

*MDE* മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യുന്നതിനായി ഒരു മാതൃകാ ഫോറം നിങ്ങളെ സഹായിക്കാൻ തയ്യാറാക്കിയിട്ടുണ്ട്. നിങ്ങൾ *MDE* മാതൃകാഫോറം ഉപയോഗിക്കേണ്ട ആവശ്യമില്ല. എന്നിരുന്നാലും മുറപ്രകാരമുള്ള പരാതിയില്ആവശ്യമായ വിവരങ്ങളെല്ലാം ഉണ്ടായിരിക്കണം. മാതൃകാ ഫോറം *OSE* വെബ്സൈറ്റ് ല്ലഭ്യമാണ് *(www.michigan.gov/specialeducation)*

(ശ്രദ്ധയ്ക്ക് മോഡല്ഫോം ഉപയോഗിച്ചതുകൊണ്ട് മറ്റേ കക്ഷി പരാതിയുടെ കാര്യക്ഷമതയെ ചോദ്യം ചെയ്താലും *ALJ* പരാതി കാര്യക്ഷമമായി കണക്കാക്കുമെന്ന് ഉറപ്പുനല്കുന്നില്ല.

## മുറപ്രകാരമുള്ള പരാതിയും വാദം കേൾക്കലും നടന്നുകൊണ്ടിരിക്കുമ്പോൾ കുട്ടിയുടെ സ്ഥാനം

**34 *CFR* §300.518**

**വൈകല്യമുള്ള കുട്ടികളെ അച്ചടക്കം ശീലിപ്പിക്കുമ്പോൾ എന്ന** തലക്കെട്ടിനടിയിലേതുപോലെയുള്ള കാര്യങ്ങളിലൊഴികെ *MDE* യുടെ അടുത്ത് മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യുകയും മറ്റേ കക്ഷി പരാതി സ്വീകരിക്കുകയും ചെയ്ത് കഴിഞ്ഞാല്നിങ്ങളുടെ കുട്ടി കുട്ടിയുടെ നിലവിലെ വിദ്യാഭ്യാസസ്ഥിതിയില്തന്നെ പരിഹാര പ്രക്രിയ കാലാവധിയില്തന്നെ തുടരേണ്ടതാണ്. കൂടാതെ നിങ്ങളും സ്റ്റേറ്റോ അല്ലെങ്കില്സ്കൂൾ ജില്ലയോ മറ്റു തരത്തില്സമ്മതിക്കാത്ത പക്ഷം നിഷ്പക്ഷമായ വാദം കേൾക്കലിൻറെ സമയത്തോ കോടതി നടപടികളുടെ സമയത്തും അങ്ങിനെ തന്നെ തുടരേണ്ടതാണ്.

മുറപ്രകാരമുള്ള പരാതിയില്പബ്ലിക് സ്കൂളിലേയ്ക്കുള്ള അപേക്ഷയും അടങ്ങിയിട്ടുണ്ടെങ്കില്നിങ്ങളുടെ കുട്ടി നിങ്ങളുടെ അനുവാദത്തോടുകൂടി റെഗുലർ പബ്ലിക് സ്കൂൾ പ്രോഗ്രാമില്ആ നടപടികൾ തീരുന്നതുവരെ ചേരേണ്ടതാണ്.

മുറപ്രകാരമുള്ള പരാതിയില്നിലവില് *IDEA* യിലെ പാർട്ട് C പ്രകാരമുള്ള സേവനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നതും കുട്ടിയ്ക്ക് മൂന്ന് വയസ്സായതിനാല്, പാർട്ട് B പ്രകാരമുള്ള പ്രാരംഭസേവനങ്ങളിലേയ്ക്ക് മാറുന്നതിനായുള്ള ഒരു അപേക്ഷ ഉൾക്കൊള്ളുന്നുവെങ്കില്സ്കൂൾ ജില്ല തുടർന്നും പാർട്ട് C പ്രകാരമുള്ള സേവനങ്ങൾ നല്കേണ്ട ആവശ്യമില്ല. *IDEA* യുടെ പാർട്ട് B പ്രകാരമുള്ള സേവനങ്ങൾ കുട്ടിയ്ക്ക് അർഹമാണെന്ന് കണ്ടെത്തുകയും നിങ്ങൾ കുട്ടിയ്ക്ക് പ്രത്യേകവിദ്യാഭ്യാസത്തിനും അനുബന്ധസേവനങ്ങൾക്കും ആദ്യമായി അനുമതി നല്കുകയും ചെയ്താല്നടപടികളുടെ ഫലത്തിനു കാക്കാതെ കുട്ടിയ്ക്ക് തർക്കം ഇല്ലാത്ത(നിങ്ങളും സ്കൂൾ ജില്ലയും പൊതുവില്സമ്മതിച്ച) പ്രത്യേകവിദ്യാഭ്യാസവും മറ്റ് ആനുകൂല്യങ്ങളും കുട്ടിയ്ക്ക് നല്കേണ്ടതാണ്.

## നിർണ്ണയ പ്രക്രിയ

**34 *CFR* §300.510**

### കാരണം കാണിക്കല്കൂടിക്കാഴ്ച്

മുറപ്രകാരമുള്ള പരാതിയിലെ വിവരങ്ങളെപ്പറ്റി വ്യക്തമായ ധാരണയുള്ള *IEP* ടീമിലെ മെമ്പർമാരോ മെമ്പറോ, നിങ്ങൾ എന്നിവരുൾപ്പടെ സ്കൂൾ ജില്ല ഒരു കാരണം കാണിക്കല്കൂടിക്കാഴ്ച ഒരുക്കേണ്ടതാണ്. *MDE* യില്പരാതി ഫയല്ചെയ്തതിനും സ്കൂൾ ജില്ല അത് സ്വീകരിച്ചതിനും ശേഷം 15 കലണ്ടർ ദിവസങ്ങൾക്കുള്ളില്സ്കൂൾ ജില്ല കാരണം കാണിക്കല്കൂടിക്കാഴ്ച ഒരുക്കേണ്ടതാണ്. കാരണം കാണിക്കല്കൂടിക്കാഴ്ച

നടത്തിയതിനുശേഷം മാത്രമേ മുറപ്രകാരമുള്ള പരാതിയില്വാദം കേൾക്കല്തുടങ്ങുകയുള്ളൂ. കൂടിക്കാഴ്ചയില്:

1. സ്കൂൾ ജില്ലയുടെ ഭാഗത്തുനിന്നും തീരുമാനങ്ങളെടുക്കുവാൻ അധികാരമുള്ള ഒരു പ്രതിനിധി ഉണ്ടായിരിക്കണം; കൂടാതെ
2. നിങ്ങൾ ഒരു വക്കീലിനെ കൂടെ കൂട്ടാത്ത പക്ഷം സ്കൂൾ ജില്ലയും വക്കീലിനെ കൂട്ടാൻ പാടുള്ളതല്ല.

നിങ്ങളും നിങ്ങലുടെ സ്കൂൾ ജില്ലയും തീരുമാനിക്കുന്നത് പ്രകാരമുള്ള *IEP* മെമ്പർമാർ.

ഈ കൂടിക്കാഴ്ചയുടെ ഉദ്ദേശം നിങ്ങളുടെ പരാതിയും അതിൻറെ അടിസ്ഥാന കാരണങ്ങളും ചർച്ച ചെയ്യുകയും അതു വഴി സ്കൂൾ ജില്ലയ്ക്ക് പരാതി പരിഹരിക്കുന്നതിനുള്ള അവസരമൊരുക്കലുമാണ്.

താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ട് കാരണം കാണിക്കല്കൂടിക്കാഴ്ച വേണ്ടെന്ന് വെയ്ക്കാവുന്നതാണ്.

1. നിങ്ങളും സ്കൂൾ ജില്ലയും രേഖാമൂലം കൂടിക്കാഴ്ച വേണ്ടെന്ന് വെയ്ക്കുകയാണെങ്കില്; അല്ലെങ്കില്
2. **മദ്ധ്യസ്ഥം** എന്ന തലക്കെട്ടിനടിയില്വിശദീകരിച്ചതുപോലെ നിങ്ങളും സ്കൂൾ ജില്ലയും മദ്ധ്യസ്ഥതയ്ക്ക് സമ്മതിച്ചാല്.

**നിർണ്ണയത്തിനുള്ള കാലാവധി**

നിങ്ങൾക്ക് സംതൃപ്തി നല്കുന്ന വിധത്തില്മുറപ്രകാരമുള്ള പരാതി ലഭിച്ച് 30 കലണ്ടർ ദിവസങ്ങൾക്കുള്ളില്(നിർണ്ണയ പ്രക്രിയയുടെ കാലാവധി) മറുപടി തന്നില്ലെങ്കില്മുറപ്രകാരമുള്ള വാദം കേൾക്കല്നടക്കുനന്തായിരിക്കും.

നിർണ്ണയത്തിനുള്ള 30 കലണ്ടർ ദിവസത്തിൻറെ കാലാവധി അവസാനിക്കുമ്പോൾ 45 ദിവസത്തിൻറെ അന്തിമവിധി പ്രസ്താവിക്കുന്നതിനുള്ള കാലാവധി തുടങ്ങുന്നതാണ്. 30 ദിവസ്ത്തിൻറെ കാലാവധിയില്താഴെക്കൊടുത്ത പ്രകാരമുള്ള വ്യവസ്ഥകളോടെ ഇളവുകൾ വരുത്താവുന്നതാണ്.

നിങ്ങളും സ്കൂൾ ജില്ലയും പരസ്പരസമ്മതത്തോടെ നിർണ്ണയത്തിൻറെ കാലാവധി തള്ളിക്കളയുകയോ മദ്ധഅയസ്ഥം ഉപയോഗിക്കുകയോ അല്ലെങ്കില്കാരണം കാണിക്കല്കൂടിക്കാഴ്ചയ്ക്ക് നിങ്ങൾക്ക് ഹാജരാവാൻ പറ്റാതിരിക്കുകയോ

ചെയ്താല്നിർണ്ണയപ്രക്രിയയുടേയും നിങ്ങൾ ഹാജരാവുന്നതുവരെ വാദം കേൾക്കലിൻറേയും കാലാവധി നീളുന്നതായിരിക്കും.

യുക്തമായയ ശ്രമങ്ങൾക്കും അവ രേഖപ്പെടുത്തിയതിനും ശേഷം സ്കൂൾ ജില്ലയ്ക്ക് നിങ്ങളുടെ സാന്നിദ്ധ്യം കാരണം കാണിക്കല്കൂടീക്കാഴ്ചയില്ഉറപ്പു വരുത്തുവാൻ സാധിച്ചില്ലെങ്കില്സ്കൂൾ ജില്ലയ്ക്ക് 30 ദിവസത്തെ നിർണ്ണയ കാലാവധിയ്ക്ക് ശേഷം ഒരു *ALJ* യോട് നിങ്ങളുടെ മുറപ്രകാരമുള്ള പരാതി റദ്ദു ചെയ്യുവാൻ അപേക്ഷിക്കാവുന്നതാണ്. അത്തരം ശ്രമങ്ങളുടെ രേഖപ്പെടുത്തലില്താഴെ ക്കൊടുത്തതു പ്രകാരം പരസ്പരം സമ്മതിക്കുന്ന ഒരു സ്ഥലത്തും

സമയത്തും വെച്ച് കൂടിക്കാഴ്ച നടത്തുവാൻ സ്കൂൾ ജില്ല നടത്തിയ ശ്രമങ്ങളുടെ രേഖകൾ ഉണ്ടായിരിക്കണം.

1. നടത്തിയതോ ശ്രമിച്ചതോ ആയ ടെലിഫോണ്കോളുകളുടെയും ആ കോളുകളുടെ പരിണിതഫലങ്ങളും;
2. നിങ്ങൾക്കയച്ചതും മറുപടികളും ആയ കത്തിടപാടുകളുടെ പകർപ്പ്; കൂടാതെ
3. നിങ്ങളുടെ വാസസ്ഥലത്തേയ്ക്കോ ജോലിസ്ഥലത്തേയ്ക്കോ നടത്തിയ സന്ദർശനങ്ങളുടെ രേഖകളും ആ സന്ദർശനങ്ങളുടെ പരിണതഫലങ്ങളും.

നിങ്ങളുടെ മുറപ്രകാരമുള്ള പരാതിയുടെ നോട്ടീസ് സ്വീകരിച്ച് 15 കലണ്ടർ ദിവസങ്ങൾക്കുള്ളില്കാരണം കാണിക്കല്കൂടിക്കാഴ്ച നടത്തുവാൻ സ്കൂൾ ജില്ലയ്ക്ക് സാധിക്കാതെ വരികയാണെങ്കില്അല്ലെങ്കില്കാരണം കാണിക്കല്കൂടിക്കാഴ്ചയില്പങ്കെടുക്കുവാൻ സാധിക്കാതെ വരികയാണെങ്കില് 45 കലണ്ടർ ദിവസത്തെ മുറപ്രകാരമുള്ള വാദം കേൾക്കല്സമയക്രമം തുടങ്ങുവാനായി *ALJ* യോട് അപേക്ഷിക്കാവുന്നതാണ്.

**30 കലണ്ടർ ദിവസങ്ങളുടെ സമയക്രമത്തില്നല്കുന്ന ഇളവുകൾ**

നിങ്ങളും നിങ്ങളുടെ സ്കൂൾ ജില്ലയും കാരണം കാണിക്കല്കൂടിക്കാഴ്ച രേഖാമൂലം ഉപേക്ഷിക്കുകയാണെങ്കില്മുറപ്രകാരമുള്ള വാദം കേൾക്കലിൻറെ 45 കലണ്ടർ ദിവസങ്ങളുടെ സമയക്രമം അടുത്ത ദിവസം മുതല്തുടങ്ങുന്നതാണ്.

മദ്ധ്യസ്ഥതയുടെ ആരംഭത്തിലോ കാരണം കാണിക്കല്കൂടിക്കാഴ്ചയ്ക്ക് ശേഷമോ 30 കലണ്ടർ ദിവസങ്ങളുടെ സമയപരിധി അവസാനിക്കുന്നതിനുമുമ്പ് നിങ്ങളും സ്കൂൾ ജില്ലയും ഒത്തുതീർപ്പ് സാദ്ധ്യമല്ല എന്ന് രേഖാമൂലം അറിയിച്ചാല്മുറപ്രകാരമുള്ള വാദം കേൾക്കലിനുള്ള 45 കലണ്ടർ ദിവസങ്ങളുടെ സമയപരിധി അടുത്ത ദിവസം മുതല്തുടങ്ങുന്നതായിരിക്കും.

30 കലണ്ടർ ദിവസങ്ങളുടെ നിർണ്ണയ സമയപരിധിയുടെ അവസാനം നിങ്ങളും സ്കൂൾ ജില്ലയും മദ്ധ്യസ്ഥത പ്രക്രിയ ഉപയോഗിക്കാൻ തീരുമാനിച്ചാല്ഒത്തുതീർപ്പാവുന്നതുവരെ മദ്ധ്യസ്ഥത പ്രക്രിയ ഉപയോഗിക്കുവാൻ രേഖാമൂലം സമ്മതിക്കാവുന്നതാണ്. എന്നിരുന്നാലും നിങ്ങളോ നിങ്ങളുടെ സ്കൂൾ ജില്ലയോ പിന്നീട് മദ്ധ്യസ്ഥ പ്രക്രിയയില്നിന്ന് പിൻമാറുകയാണെങ്കില്മുറപ്രകാരമുള്ള വാദം കേൾക്കലിൻറെ 45 കലണ്ടർ ദിവസത്തെ സമയക്രമം അടുത്ത ദിവസം തൊട്ട് തുടങ്ങുന്നതാണ്..

**രേഖാമൂലമുള്ള ഒത്തുതീർപ്പ് സമ്മതിപത്രം**

കാരണം കാണിക്കല്കൂടിക്കാഴ്ചയ്ക്കവസാനം തർക്കത്തിന് പരിഹാരം കണ്ടെത്തിയാല്താഴെക്കൊടുത്ത വിധം നിയമപരമായ സമ്മതപത്രം സ്കൂൾ ജില്ല തയ്യാറാക്കേണ്ടതാണ്:

1. അതില്നിങ്ങളും സ്കൂൾ ജില്ലയുടെ തീരുമാനങ്ങൾ എടുക്കാനധികാരമുള്ള പ്രതിനിധിയും ഒപ്പിടേണ്ടതാണ്;
2. കോടതിയുടെ അധികാരപരിധിയിലുള്ള ഏതൊരു സ്റ്റേറ്റിലും(ഇത്തരം കേസുകളില്വാദം കേൾക്കാനധികാരമുള്ള സ്റ്റേറ്റ് കോടതി) യുണൈറ്റഡ് സ്റ്റേറ്റ്സിലെ ജില്ലാകോടതിയിലും നടപ്പിലാക്കാവുന്നതായിരിക്കണം.

**സമ്മതപത്രം പുനരവലോകനം നടത്തുന്നതിനുള്ള സമയപരിധി**

കാരണം കാണിക്കല്കൂടിക്കാഴ്ചയുടെ ഫലമായി നിങ്ങളും സ്കൂൾ ജില്ലയും ഒത്തുതീർപ്പില്എത്തുകയാണെങ്കില്നിങ്ങളും സ്കൂൾ ജില്ലയും ഒപ്പിട്ടതിനുശേഷം 3 പ്രവൃത്തി ദിനങ്ങൾക്കകം സമ്മതിപത്രം റദ്ദു ചെയ്യാവുന്നതാണ്.

## മുറപ്രകാരമുള്ള പരാതികളിലെ വാദം കേൾക്കല്

### നിഷ്പക്ഷമായ മുറപ്രകാരമുള്ള വാദം കേൾക്കല്

**34 *CFR* §300.511**

**പൊതുവായത്**

എപ്പോഴൊക്കെ ഒരു മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യുന്നുവോ തർക്കത്തിലേർപ്പെട്ട നിങ്ങൾക്കോ സ്കൂൾ ജില്ലയ്ക്കോ നിഷ്പക്ഷമായ വാദം കേൾക്കലിന് **മുറപ്രകാരമുള്ള പരാതി**, **നിർണ്ണയ പ്രക്രി**യ എന്നീ ഭാഗങ്ങളില്കൊടുത്തതു പ്രകാരം അവസരം ലഭിക്കേണ്ടതാണ്.

**നിഷപക്ഷനായ അഡ്മിനിസ്ട്രേറ്റീവ് ലോ ജഡ്ജി**

ഒരു *ALJ* ഏറ്റവും കുറഞ്ഞത്:

1. കുട്ടിയുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട *MDE* യിലേയോ സ്കൂൾ ജില്ലയുടേയോ ഉദ്യോഗസ്ഥനായിരിക്കറുത്. എങ്ങഅകിലും *ALJ* ആയി സേവനമനുഷ്ഠിക്കുന്നതിന് ഏജൻസി പണം നല്കുന്നതു കൊണ്ടുമാത്രം ഒരു വ്യക്തി ആ ഏജൻസിയുടെ ഉദ്യോഗസ്ഥനാവണമെന്നില്ല;
2. *ALJ* യുടെ വ്യക്തിപരമോ ഔദ്യോഗികമോ ആയ താല്പര്യങ്ങൾ വാദം കേൾക്കലിൻറെ വസ്തുനിഷ്ഠതയെ ലംഘിക്കുന്നതാവരുത്;
3. *IDEA* യുടെ വ്യവസ്ഥകളേപ്പറ്റിയും *IDEA* യെ സംബന്ധിച്ച ഫെഡറല്, സ്റ്റേറ്റ് ചട്ടങ്ങളെപ്പറ്റിയും നിയമ വ്യാഖ്യാനങ്ങളെ സംബന്ധിച്ചും പൂർണ്ണബോദ്ധ്യമുള്ളയാളായിരിക്കണം; കൂടാതെ
4. വാദം കേൾക്കല്നടത്തുവാനും തീർപ്പുകൾ എടുക്കുവാനും എഴുതാനും നിയമക്രമങ്ങളുമായി നിരന്തരം ഇടപെടാനും ഉള്ള കഴിവുകൾ ഉള്ളയാളായിരിക്കണം.

സ്റ്റേറ്റ് ഓഫീസ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് ഹിയറിങ് ആൻറ് റൂൾസ് *[State Office of Administrative Hearings and Rules (SOAHR)]* നിയമിക്കുന്ന സ്റ്റേറ്റിൻറെ പ്രത്യേക സിവില്സർവ്വീസ് ഉദ്യോഗസ്ഥരാണ് *ALJ* മാർ. *MDE* (*SOAHR* വഴി) *ALJ* ആയി സേവനമനുഷ്ഠിക്കുന്നവരുടെ യോഗ്യതകളുടെ ഒരു വിവരണം ഉൾക്കൊള്ളുന്ന ലിസ്റ്റ് സൂക്ഷിക്കുന്നതാണ്.

### മുറപ്രകാരമുള്ള വാദം കേൾക്കലിൻറെ വിഷയം

മുറപ്രകാരമുള്ള വാദം കേൾക്കലിന് അപേക്ഷിക്കുന്ന കക്ഷി(നിങ്ങളോ സ്കൂൾ ജില്ലയോ) എതിർകക്ഷി സമ്മതിക്കാത്ത പക്ഷം മുറപ്രകാരമുള്ള പരാതിയില്ഉന്നയിക്കാത്ത കാര്യങ്ങൾ മുറപ്രകാരമുള്ള വാദം കേൾക്കലിൻറെ സമയത്തും ഉന്നയിക്കുവാൻ പാടുള്ളതല്ല.

### വാദം കേൾക്കലിന് അപേക്ഷിക്കുന്നതിനുള്ള സമയക്രമം

പരാതിയില്ഉന്നയിച്ച കാര്യത്തെപ്പറ്റി നിങ്ങലോ സ്കൂൾ ജില്ലയോ അറിഞ്ഞതിനുശേഷം രണ്ടു വർഷത്തിനകം നിങ്ങളോ സ്കൂൾ ജില്ലയോ മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യേണ്ടതാണ്.

### സമയക്രമത്തിനുള്ള ഇളവുകൾ

താഴെപ്പറയുന്ന സമയക്രമങ്ങളാല്നിങ്ങൾക്ക് മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യുവാൻ സാധിച്ചില്ലെങ്കില്മുകളില്കൊടുത്ത സമയക്രമം ബാധകമായിരിക്കയില്ല:

1. നിങ്ങളുടെ പരാതിയിലുന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ പരിഹരിച്ചുവെന്ന് സ്കൂൾ ജില്ല വ്യക്തമായും തെറ്റിദ്ധരിപ്പിച്ചുവെങ്കില്; അല്ലെങ്കില്
2. *IDEA* യിലെ പാർട്ട് B യോ പാർട്ട് C യോ പ്രകാരം നിങ്ങൾക്ക് ലഭിക്കേണ്ട വിവരങ്ങൾ സ്കൂൾ ജില്ല തടഞ്ഞുവെച്ചുവെങ്കില്.

## വാദം കേൾക്കലിനുള്ള അവകാശം

### 34 *CFR* §300.512

### പൊതുവായത്

മുറപ്രകാരമുള്ള വാദം കേൾക്കലിനുള്ള ഏതൊരു കക്ഷിയ്ക്കും(അച്ചടക്ക നടപടികൾ സംബന്ധിച്ച വാദമുൾപ്പടെ) താഴെക്കൊടുക്കുന്ന അവകാശമുണ്ട്:

1. വൈകല്യമുള്ള കുട്ടികളുടെ പ്രശനങ്ങൾ മനസ്സിലാക്കുന്നതിനുള്ള പരിജ്ഞാനമോ പരിശീലനമോ നേടിയ വ്യക്തികളെയോ നിയമോപദേശത്തിനായി വക്കീലിനെയോ കൂടെ കൂട്ടുവാനുള്ള അവകാശം;
2. തെളിവുകൾ ഹാജരാക്കുന്നതിനും അഭിമുഖീകരിക്കുന്നതിനും സാക്ഷികളുടെ സാന്നിദ്ധ്യം ആവശ്യപ്പെടുന്നതിനുമുള്ള അവകാശം;
3. വാദം കേൾക്കലിന് അഞ്ച് പ്രവൃത്തിദിനങ്ങളെങ്കിലും മുമ്പ് കക്ഷിയ്ക്ക് മുമ്പില്പറയാത്ത ഏതൊരു തെളിവ് ഹാജരാക്കുന്നതും തടയുവാനുള്ള അവകാശം;

4. വാദം കേൾക്കലിൻറെ എഴുതിയതോ അല്ലെങ്കില്നിങ്ങളുടെ അപേക്ഷപ്രകാരം ഇലക്ട്രോണിക്, അക്ഷരം പ്രതിയുള്ള റെക്കോർഡ് ലഭിക്കുന്നതിനുള്ള അവകാശം; കൂടാതെ
5. തീർപ്പിൻറെയും കണ്ടത്തലുകളുടേയും എഴുതിയതോ അല്ലെങ്കില്നിങ്ങളുടെ അപേക്ഷപ്രകാരം ഇലക്ട്രോണിക് മാദ്ധ്യമത്തിലോ ഉള്ള രേഖ.

### വിരങ്ങളുടെ അധികമുള്ള രേഖപ്പെടുത്തലുകൾ

മുറപ്രകാരമുള്ള വാദം കേൾക്കലിന് അഞ്ച് പ്രവൃത്തി ദിവസങ്ങളെങ്കിലും മുമ്പ് നിങ്ങളും സ്കൂൾ ജില്ലയും അന്നുവരെ പൂർത്തിയാക്കിയ എല്ലാ മൂല്യനിർണ്ണയങ്ങളും അതിനെ അടിസ്ഥാനമാക്കി നിങ്ങളോ സ്കൂൾ ജില്ലയോ ഉപയോഗിക്കാൻ പോകുന്ന നിർദ്ദേശങ്ങളും പരസ്പരം വെളിപ്പെടുത്തേണ്ടതാണ്.

ഈ ആവശ്യകത നിറവേറ്റാത്ത ഏതൊരു കക്ഷിയേയും പ്രാധാന്യമുള്ള മൂല്യനിർണ്ണയത്തിൻരെ വിവരങ്ങളോ നിർദ്ദേശങ്ങളോ പുതുതായി വാദം കേൾക്കലിൻറെ സമയത്ത് അവതരിപ്പിക്കുന്നതില്നിന്നും *ALJ* തടയേണ്ടതാണ്.

### വാദം കേൾക്കലില്രക്ഷിതാവിനുള്ള അവകാശങ്ങൾ

നിങ്ങൾക്ക് താഴെ പറയുന്ന അവകാശങ്ങൾ കിട്ടേണ്ടതാണ്:

1. കുട്ടിയുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നതിനുള്ള അവകാശം;
2. പൊതുജനങ്ങൾക്കും വാദം കേൾക്കല്തുറന്നുകൊടുക്കുക;
3. വാദം കേൾക്കലിൻറെയും കണ്ടെത്തലുകളുടേയും തീർപ്പുകളുടേയും രേഖ ചിലവില്ലാതെ നിങ്ങൾക്ക് ലഭിക്കുവാൻ.

## വാദം കേൾക്കലിലെ തീരുമാനങ്ങൾ

### 34 *CFR* §300.513

### അഡ്മിനിസ്ട്രേറ്റീവ് ലോ ജഡ്ജിയുടെ തീരുമാനം

നിങ്ങളുടെ കുട്ടിയ്ക്ക് *FAPE* ലബ്യമായോ എന്നതു സംബന്ധിച്ച *ALJ* യുടെ തീരുമാനം തെളിയിക്കപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കണം.

നടപടിക്രമങ്ങൾ ലംഘിച്ചുവെന്ന കാര്യങ്ങളില്താഴെപ്പറയുന്ന രീതിയില്നടപടിക്രമങ്ങളുടെ അപാകത കാരണം നിങ്ങളുടെ കുട്ടിയ്ക്ക് *FAPE* ലഭ്യമായില്ല എന്ന് *ALJ* കണ്ടെത്തിയേക്കാം.

1. *FAPE* യ്ക്കായുള്ള നിങ്ങളുടെ കുട്ടിയുടെ അവകാശങ്ങളെ ഹനിച്ചു;

2. *FAPE* പ്രകാരം കുട്ടിയെ സംബന്ധിച്ച തീരുമാനങ്ങളെടുക്കാനുള്ള നിങ്ങളുടെ അവകാശം വ്യക്തമായും ലംഘിച്ചു; അല്ലെങ്കില്
3. ഒരു വിദ്യാഭ്യാസ ആനുകൂല്യം നേടുന്നതിന് വിഘാതം സൃഷ്ടിച്ചു.

**നിർമ്മിതി നിബന്ധന**

മുകളില്പറഞ്ഞ വ്യവസ്ഥകളൊന്നും സ്കൂൾ ജില്ലയോട് *IDEA* യുടെ പാർട്ട് B പ്രകാരം *IDEA* (34 *CFR* §§300.131500 വഴി 300.536). മുൻകരുതലിനുള്ള നടപടിക്രമങ്ങൾ പ്രകാരമുള്ള ആവശ്യകതകൾ നിറവേറ്റുന്നതിനായി സ്കൂൾ ജില്ലയോട് ഉത്തരവിടുന്നതില്നിന്നും *ALJ* യെ തടയുന്ന രീതിയില്വ്യാഖ്യാനിക്കുവാനാവില്ല.

**മുറപ്രകാരമുള്ള വാദം കേൾക്കലിനുള്ള പ്രത്യേക അപേക്ഷ**

*IDEA* യുടെ പാർട്ട് B പ്രകാരം *IDEA* (34 *CFR* §§300.131500 വഴി 300.536). മുൻകരുതലിനുള്ള നടപടിക്രമങ്ങൾ എന്ന ഭാഗത്തെ ഫെഡറല്നിയന്ത്രണങ്ങളൊന്നും തന്നെ നിങ്ങളെ മുൻപ് ഫയല്ചെയ്ത മുറപ്രകാരമുള്ള പരാതിയില്നിന്ന് വ്യത്യസ്തമായി മറ്റൊരു മുറപ്രകാരമുള്ള പരാതി ഫയല്ചെയ്യുന്നത് തടയുന്ന രീതിയില്വ്യാഖ്യാനിക്കുവാൻ പാടുള്ളതല്ല.

**ഉപദേശക സമിതിയ്ക്കും പൊതു ജനത്തിനായും ഉള്ള കണ്ടെത്തലുകളും തീർപ്പുകളും**

വ്യക്തിഗത തിരിച്ചറിയല്വിവരങ്ങൾ നീക്കം ചെയ്തതിനുശഷം *MDE* തീർച്ചയായും:

1. സ്റ്റേറ്റിൻറെ പ്രത്യേക വിദ്യാഭ്യാസ ഉപദേശക സമിതിയ്ക്ക് പരാതിയിലെ കണ്ടെത്തലുകളും തീർപ്പുകളും കൈമാറേണ്ടതാണ്;
2. ആ തീർപ്പുകളും കണ്ടെത്തലുകളും പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.

## അപ്പീലുകൾ

### തീർപ്പ്; അപ്പീല്; നിഷ്പക്ഷമായ പരിശോധന എന്നിവയുടെ അന്തിമനില

**34 *CFR* §300.514**

**വാദം കേൾക്കലിൻറെ തീർപ്പിൻറെ അന്തിമനില**

വാദത്തിലുൾപ്പെട്ട ഏതെങ്കിലും കക്ഷി (നിങ്ങളോ സ്കൂൾ ജില്ലയോ) താഴെക്കൊടുത്തപോലെ സിവില്ആക്ഷൻ പ്രകാരം തീരുമാനത്തിനെതിരെ അപ്പീല്കൊടുക്കാത്ത പക്ഷം മുറപ്രകാരമുള്ള വാദം കേൾക്കലിലെ തീരുമാനം(അച്ചടക്ക നടപടിയുമായ ബന്ധപ്പെട്ട വാദം കേൾക്കലിലുൾപ്പടെ) അന്തിമമായിരിക്കും.

### വാദം കേൾക്കലുകളുടെ സമയക്രമവും സൌകര്യവും

**34 *CFR* §300.515**

കാരണം കാണിക്കല്കൂടിക്കാഴ്ചയുടെ 30 കലണ്ടർ ദിവസ സമയപരിധിയ്ക്കുശേഷം 45 കലണ്ടർ ദിവസത്തിലും വൈകാതെ, അല്ലെങ്കില് **നിർണ്ണയ സമയപരിധിയിലെ 30 കലണ്ടർ ദിവസങ്ങൾക്കുള്ള ഇളവുകൾ**: എന്ന ഭാഗത്ത് കൊടുത്തത് പ്രകാരമുള്ള ഇളവു ചെയ്ത സമയം അവസാനിച്ച് 45 കലണ്ടർ ദിവസത്തിലും വൈകാതെ *MDE* താഴെക്കൊടുത്ത കാര്യങ്ങളുറപ്പുവരുത്തണം.

1. വാദം കേൾക്കലില്അന്തിമതീരുമാനമെടുത്തുവെന്ന്; കൂടാതെ
2. തീർപ്പിൻറെ പകർപ്പ് ഓരോ കക്ഷിയ്ക്കും അയച്ചുവെന്ന്.

മുകളില്പറഞ്ഞ 45 കലണ്ടർ ദിവസ സമയപരിധിയില്നിന്നും മാറി ഓരോ കക്ഷിയ്ക്കും അപേക്ഷപ്രകാരം പ്രത്യേകമായി പരിധി നീട്ടുവാനുള്ള അധികാരം *ALJ* യ്ക്ക് ഉണ്ട്.

നിങ്ങൾക്കും കുട്ടിയ്ക്കും സൌകര്യപ്രദമായ സമയത്തും സ്ഥലത്തും വെച്ചുവേണം ഓരോ വാദം കേൾക്കലും നടപ്പിലാക്കുവാൻ.

## സിവില്ആക്ഷനുകളും ആ ആക്ഷനുകൾ ഫയല്ചെയ്യുന്നതിനുള്ള സമയക്രമങ്ങളും

**34 *CFR* §300.516**

**പൊതുവായത്**

മുറപ്രകാരമുള്ള വാദം കേൾക്കലിൻറെ(അച്ചടക്ക നടപടിയുമായ ബന്ധപ്പെട്ട വാദം കേൾക്കലിലുൾപ്പടെ) തീർപ്പിനോടും കണ്ടെത്തലുകളോടും യോജിപ്പില്ലാത്ത ഏതൊരു കക്ഷിയ്ക്കും(നിങ്ങളോ സ്കൂൾ ജില്ലയോ) മുറപ്രകാരമുള്ള വാദത്തിലെ വിഷയവുമായി ബന്ധപ്പെട്ട് സിവില്ആക്ഷൻ കൊണ്ടു വരാനുള്ള അവകാശമുണ്ട്. സ്റ്റേറ്റ് കോടതിയുടെ അധികാരപരിധിയിലോ (ഇത്തരം വാദങ്ങൾ കേൾക്കാനധികാരമുള്ള കോടതി) അല്ലെങ്കില്യുണൈറ്റഡ് സ്റ്റേറ്റ്സിലെ ജില്ലാ കോടതിയിലോ തർക്കത്തിൻറെ അളവുകൾ നോക്കാതെ ഈ ആക്ഷൻ കൊണ്ടുവരാവുന്നതാണ്.

**സമയ പരിധി**

*ALJ* യുടെ തീരുമാനത്തിനുശേഷം 90 കലണ്ടർ ദിവസങ്ങൾക്കകം കക്ഷിയ്ക്ക്(നിങ്ങളോ സ്കൂൾ ജില്ലയോ) സിവില്ആക്ഷൻ ഫയല്ചെയ്യാവുന്നതാണ്.

**അധികമായുള്ള നടപടിക്രമങ്ങൾ**

ഏതൊരു സിവില്ആക്ഷനിലും, കോടതി:

1. അഡ്മിനിസ്ട്രേറ്റീവ് നടപടിക്രമങ്ങളില്ഉള്ള റെക്കോർഡുകൾ സ്വീകരിക്കുന്നു;
2. നിങ്ങളുടേയോ സ്കൂൾ ജില്ലയുടേയോ അപേക്ഷ പ്രകാരം അധികമായുള്ള തെളിവുകൾ കേൾക്കുന്നതാണ്; കൂടാതെ
3. തെളിവുകളുടെ ആധിക്യത്തില്തീരുമാനമെടുക്കുകയും ശരിയെന്നുതോന്നുന്ന ആശ്വാസതീരുമാനം അനുവദിക്കുകയും ചെയ്യുന്നു.

**ജില്ലാ കോടതികളുടെ അധികാര പരിധി**

തർക്കത്തിൻറെ അളവ് നോക്കാതെ *IDEA* യിലെ പാർട്ട് B പ്രകാരമുള്ള ആക്ഷനുളില്തീർപ്പ് കല്പ്പിക്കുവാനുള്ള അധികാരം യുണൈറ്റഡ് സ്റ്റേറ്റ്സിലെ ജില്ലാ കോടതികൾക്കുണ്ട്.

**നിർമ്മിതിയുടെ നിയമം**

*IDEA* യുടെ പാർട്ട് B പ്രകാരമുള്ള യാതൊന്നും തന്നെ യു.എസ് ഭരണഘടനയ്ക്ക് കീഴിലുള്ള വൈകല്യമുള്ള അമേരിക്കക്കാരെ സംബന്ധിച്ച 1990 ലെ നിയമത്തിലെ 1973 ലെ പുനരധിവാസ ചട്ടം ടൈറ്റില്(സെക്ഷൻ 504) വഴിയുള്ള അവകാശങ്ങളേയോ നടപടി ക്രമങ്ങളേയോ അല്ലെങ്കില്വൈകല്യമുള്ളവരെ സംബന്ധിച്ച ഫെഡറല്നിയമങ്ങൾ വഴി

സ്ഥാപിതമായതോ ആയ അവകാശങ്ങളേയോ ലംഘിക്കുന്നില്ല. ഈ നിയമങ്ങൾ വഴി *IDEA* യുടെ പാർട്ട് B യിലും ലഭ്യമായ കാര്യങ്ങളില്ഇടക്കാല ആശ്വാസത്തിനായി സിവില്ആക്ഷൻ ഫയല്ചെയ്യുന്നതിനു മുമ്പ് മുകളില്വിശദീകരിച്ചതുപ്രകാരം അതേ പരിധി വരെ ഉപയോഗിക്കേണ്ടതാണ്. *IDEA* യുടെ കീഴില്ഉള്ള നിയമങ്ങളുമായി പിണഞ്ഞുകിടക്കുന്ന മറ്റു നിയമങ്ങൾ പ്രകാരവും പരിഹാരങ്ങൾ ലഭ്യമാണ് എന്നതാണ് ഇതു കൊണ്ടുദ്ദേശിക്കുന്നത്. എന്നാല്പൊതുവില്അത്തരം നിയമങ്ങൾ വഴി ആശ്വാസം ലഭ്യമാകണമെങ്കില്നേരിട്ട് കോടതിയില്പോകുന്നതിനുമുമ്പ് *IDEA* പ്രകാരമുള്ള മറ്റ് അഡ്മിനിസ്ട്രേറ്റീവ് പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടതാണ്(മുറപ്രകാരമുള്ള പരാതി, കാരണം കാണിക്കല്കൂടിക്കാഴ്ച, നിഷ്പക്ഷമായ വാദം കേൾക്കല്മുതലായവ)

## വക്കീല്ഫീസ്

**34 *CFR* §300.517**

**പൊതുവായത്**

*IDEA* യുടെ പാർട്ട് B പ്രകാരമുള്ള ഏതൊരു നടപടിയിലും നിങ്ങൾ വാദം ജയിക്കുകയാണങ്കില്കോടതിയ്ക്ക് അതിൻറെ വിവേചനാധികാരം വെച്ച് ചിലവുകളുടെ ഭാഗമായി ന്യായമായ വക്കീല്ഫീസ് നിങ്ങൾക്ക് നല്കാവുന്നതാണ്.

*IDEA* യുടെ പാർട്ട് B പ്രകാരമുള്ള ഏതൊരു നടപടിയിലും കോടതിയ്ക്ക് അതിൻറെ വിവേചനാധികാരം വെച്ച് ന്യായമായ വക്കീല്ഫീസ് വാദം ജയിച്ച സ്റ്റേറ്റ് വിദ്യാഭ്യാസ ഏജൻസിയ്ക്കോ സ്കൂൾ ജില്ലയ്ക്കോ നല്കാവുന്നതാണ്. ഈ തുക പറയുന്ന കാര്യങ്ങൾ നിങ്ങളുടെ വക്കീല് ചെയ്തിട്ടുണ്ടെങ്കില് വക്കീല് തന്നെ കൊടുക്കേണ്ടതാണ്: (a) അടിസ്ഥാനരഹിതവും നിസ്സാരവും യുക്തി രഹിതവുമായ പരാതി ഫയല്ചെയ്താല്; അല്ലെങ്കില് (b) വ്യവഹാരം യുക്തിരഹിതമോ അടിസ്ഥാനരഹിതമോ നിസ്സാരമോ ആണെന്ന് കണ്ടെത്തിയിട്ടും വ്യവഹാരവുമായി മുന്നോട്ട് പോയാല്.; അല്ലെങ്കില്

*IDEA* യുടെ പാർട്ട് B പ്രകാരമുള്ള ഏതൊരു നടപടിയിലും കോടതിയ്ക്ക് അതിൻറെ വിവേചനാധികാരം വെച്ച് ന്യായമായ വക്കീല്ഫീസ് വാദം ജയിച്ച സ്റ്റേറ്റ് വിദ്യാഭ്യാസ ഏജൻസിയ്ക്കോ സ്കൂൾ ജില്ലയ്ക്കോ നല്കാവുന്നതാണ്. നിങ്ങളുടെ പരാതിയോ കോടതിയിലെ കേസോ പിന്നീട് ഉപദ്രവം, അനാവശ്യമായ വൈകിക്കല്അനാവശ്യമായി ചിലവ് കൂട്ടുക എന്നിങ്ങനെ എന്തെങ്കിലും കാര്യത്തിന് ഉപയോഗിക്കുകയാണെങ്കില്നിങ്ങളോ നിങ്ങളുടെ വക്കീലോ ഈ തുക നല്കേണ്ടതാണ്.

**ഫീസ് നല്കല്**

ഒരു കോടതി ന്യായമായ വക്കീല്ഫീസ് താഴെക്കൊടുത്തതുപ്രകാരം അനുവദിച്ചുനല്കുന്നു:

1. നല്കിയ സേവനങ്ങളുടെ അടിസ്ഥാനത്തിലും വാദം കേൾക്കല്നടക്കുന്ന ഇടങ്ങളിലും നിലനില്ക്കുന്ന നിരക്ക് അനുസരിച്ചുള്ള ഫീസ്. ഫീസ് കണക്കാക്കുമ്പോൾ ബോണസോ അധികമൂല്യമോ കണക്കാക്കുവാൻ പാടില്ല.
2. *IDEA* യുടെ പാർട്ട് B പ്രകാരമുള്ള നടപടികളില്നിങ്ങൾക്ക് താഴെക്കൊടുത്തതുപ്രകാരം രേഖാമൂലം സമ്മതപത്രം നല്കിയിട്ടുണ്ടെങ്കില്ചിലവുകളോ ഫീസോ നിങ്ങൾക്ക് അനുവദിച്ചുതരേണ്ടതില്ല:
    a. സിവില്നടപടികളുടെ ഫെഡറല്നിയമത്തിലെ ചട്ടം 68 പ്രകാരമുള്ള സമയത്തിനുള്ളിലോ മുറപ്രകാരമുള്ള വാദം കേൾക്കലിൻറെ കാര്യത്തില്നടപടികൾ തുടങ്ങുന്നതിനും 10 കലണ്ടർ ദിവസങ്ങൾക്കുമുമ്പോ ആണ് വാഗ്ദാനം നടത്തിയിട്ടുള്ളതെങ്കില്;
    b. വാഗ്ദാനം 10 കലണ്ടർ ദിവസങ്ങൾക്കകം സ്വീകരിച്ചില്ലെങ്കില്;
    c. കോടതിയോ *ALJ* യോ നിങ്ങൾക്ക് ലഭിച്ച ആശ്വാസം ഒത്തുതീർപ്പ് വാഗ്ദാനത്തേക്കാളും കുറവാണെന്ന് കണ്ടെത്തിയാല്.

    ഈ തടസ്സങ്ങളൊക്കെയുണ്ടെങ്കില്പോലും നിങ്ങൾ വാദം ജയിക്കുകയും ന്യായമായി ഒത്തുതീർപ്പ് വാഗ്ദാനം നിരസിക്കുകയും ചെയ്താല്വക്കീല്ഫീസും മറ്റു ചിലവുകളും നിങ്ങൾക്ക് ലഭിക്കുന്നതാണ്.
3. *IEP* ടീമുമായുള്ള കൂടിക്കാഴ്ചയുമായി ബന്ധപ്പെട്ട ഫീസുകളൊന്നും ആ കൂടിക്കാഴ്ചകളൊന്നു കോടതി നചടപടികളുടെ ഭാഗമായിട്ടല്ലെങ്കില്ലഭിക്കുന്നതല്ല.
4. **മദ്ധ്യസ്ഥത** എന്ന തലക്കെട്ടിനടിയില്സൂചിപ്പിച്ചതുപോലെ മദ്ധ്യസഥതയ്ക്കുള്ള ഫീസുകളൊന്നും ലഭിക്കുന്നതല്ല.
5. **കാരണം കാണിക്കല്കൂടിക്കാഴ്ച** എന്ന തലക്കെട്ടിനടിയില്വിശദീകരിച്ചതുപോലെയുള്ള കാരണം കാണിക്കല്കൂടിക്കാഴ്ച കോടതി നടപടിയുടേയോ വാദം കേൾക്കലിൻറേയോ ഭാഗമായുള്ള കൂടിക്കാഴ്ചയായി കണക്കാക്കുന്നതല്ല. വക്കീല്ഫീസ് സംബന്ധിച്ചും ഇതേ നില തുടരുന്നതാണ്.

*IDEA* യുടെ പാർട്ട് B പ്രകാരം നല്കുന്ന വക്കീല്ഫീസ് ശരിയെന്നു തോന്നിയാല്താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്തിയാല്കോടതിയ്ക്ക് കുറയ്ക്കാവുന്നതാണ്:

1. നിങ്ങളോ നിങ്ങളുടെ വക്കീലോ കോടതി നടപടികൾ നടന്നുകൊണ്ടിരിക്കെ അനാവശ്യമായി തർക്കത്തിൻറെ അന്തിമവിധി വൈകിപ്പിച്ചു;

2. കൊടുക്കേണ്ട വക്കീല്ഫീസ് കമ്മ്യൂണിറ്റിയില്നിലനില്ക്കുന്ന അതേ കഴിവുകളും അനുഭവസമ്പത്തും നിലയും ഉള്ള വക്കീല്വാങ്ങുന്ന മണിക്കൂർ പ്രകാരമുള്ള നിരക്കിനേക്കാൾ അന്യായമായി കൂടുതലാണെങ്കില്;
3. നിയമസഹായങ്ങളും ചിലവഴിച്ച സമയവും നടപടിയുടെ സ്വഭാവം പരിഗണിക്കുമ്പോൾ അധികമാണെന്ന് തോന്നിയാല്;
4. **മുറപ്രകാരമുള്ള പരാതി** എന്ന ഭാഗത്തു കൊടുത്തതു പ്രകാരം നിങ്ങളുടെ വക്കീല്മുറപ്രകാരമുള്ള അപേക്ഷാ നോട്ടീസില്സ്കൂൾ ജില്ലയ്ക്ക് ആവശ്യമുള്ള വിവരങ്ങൾ നല്കിയില്ല.

എന്നിരുന്നാലും, സ്റ്റേറ്റ് അല്ലെങ്കില്സ്കൂൾ ജില്ല *IDEA* യുടെ പാർട്ട് B യിലെ മുൻകരുതല്നടപടിക്രമങ്ങളുടെ ചട്ടങ്ങൾ ലംഘിക്കുകയോ നടപടികളുടെ അന്തിമവിധി വൈകിക്കുകയോ ചെയ്താല്കോടതി ഫീസ് കുറയ്ക്കുവാൻ പാടുള്ളതല്ല.

# വൈകല്യമുള്ള കുട്ടികളെ അച്ചടക്കം പരിശീലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

## സ്കൂൾ ജീവനക്കാരുടെ അധികാരം

**34 *CFR* §300.530**

**കേസ്-ബൈ-കേസ് തീരുമാനമെടുക്കല്**

സ്ഥാനചലനത്തെപ്പറ്റിയോ അച്ചടക്ക നടപടിയെപ്പറ്റിയോ വൈകല്യമുള്ള ഒരു കുട്ടി സ്കൂളിൻറെ മര്യാദകൾ ലംഘിക്കുമ്പോഴോ കേസ്-ബൈ കേസ് പ്രകാരം ഏതെങ്കിലും സമാനമല്ലാത്ത സാഹചര്യങ്ങൾ സ്കൂൾ ജീവനക്കാർക്ക് പരിഗണിക്കാവുന്നതാണ്.

**പൊതുവായത്**

വൈകല്യമില്ലാത്ത കുട്ടികൾക്കും അച്ചടക്ക നടപടികൾ നേരിടേണ്ടി വരാറുണ്ടെന്നുറപ്പുവരുത്തി ഒറ്റയടിക്ക് പരമാവധി 10 **സ്കൂൾ ദിവസങ്ങൾ** വൈകല്യമുള്ള കുട്ടിയെ സ്കൂളിൻറെ മര്യാദ ലംഘിച്ചതിൻറെ പേരില്മറ്റു വിദ്യാഭ്യാസ സംവിധാനങ്ങളിലേയ്ക്ക് മാറ്റുവാനോ സസ്പെൻഡ് ചെയ്യുവാനോ സ്കൂൾ ജീവനക്കരന് അധികാരമുണ്ട്. ഒറ്റയടിക്ക് പരമാവധി 10 **സ്കൂൾ ദിവസങ്ങൾ** എന്നതിൻറെ കൂടെ കൂടുതല്നടപടികൾ ഒരു അദ്ധ്യയന വർഷം തന്നെ കുട്ടി ഒരേ സ്കൂളില്ഒന്നിലധികം തവണ വ്യത്യസ്ത സംഭവങ്ങളില്പ്രതിയവുന്ന പക്ഷം കൂട്ടിച്ചേർക്കാവുന്നതാണ്. എന്നാല്ഈ നടപടികൾ സ്ഥാനചലനത്തിന് കാരണമാവാൻ പാടുള്ളതല്ല. നിർവ്വചനത്തിനായി താഴെ **അച്ചടക്ക നടപടികൾ മൂലമുള്ള സ്ഥാനചലനം** എന്ന ഭാഗം നോക്കുക.

10 **സ്കൂൾ ദിവസങ്ങൾ** കുട്ടിയെ നിലവിലെ സ്ഥാനത്തുനിന്ന് ഒരേ അദ്ധ്യയന വർഷം തന്നെ മാറ്റിയാല്സ്കൂൾ ജില്ല അദ്ധ്യയന വർഷത്തിൻറെ തുടർന്നുള്ള ദിവസങ്ങളില് **സേവനങ്ങൾ** എന്നയിടത്ത് കൊടുത്തതുപ്രകാരമുള്ള സേവനങ്ങൾ കുട്ടിയ്ക്ക് നല്കേണ്ടതാണ്.

**അധികമുള്ള അധികാരം**

സ്കൂളിൻറെ മര്യാദ ലംഘിച്ച കുട്ടിയുടെ പ്രവൃത്തികുട്ടിയുടെ വൈകല്യത്തിൻറെ ആവിർഭാവമല്ലെങ്കില് (**വൈകല്യത്തിൻറെ ആവിർഭാവം തീരുമാനിക്കല്** നോക്കുക) അച്ചടക്ക നടപടിയുടെ ഭാഗമായുള്ള മാറ്റം ഒറ്റയടിക്ക് പരമാവധി 10 **സ്കൂൾ ദിവസങ്ങൾ** എന്ന

പരിധിയിലും കൂടുന്നതായിരിക്കും. സ്കൂൾ ഉദ്യോഗസ്ഥന് വൈകല്യമില്ലാത്ത കുട്ടികൾക്ക് നല്കുന്നതിന് സമാനമായ രീതിയില്തന്നെ വൈകല്യമുള്ള കുട്ടിയ്ക്കും സ്ഥാനമാറ്റം

നല്കാവുന്നതാണ്. **സേവനങ്ങൾ** എന്നയിടത്ത് കൊടുത്തതുപ്രകാരമുള്ള സേവനങ്ങൾ കുട്ടിയ്ക്ക് നല്കേണ്ടതാണ്. അത്തരം വിദ്യാഭ്യാസ സ്ഥാനമാറ്റങ്ങൾ തീരുമാനിക്കേണ്ടത് കുട്ടിയുടെ *IEP* ടീമാണ്.

**സേവനങ്ങൾ**

ഒരു വൈകല്യമുള്ള കുട്ടിയെ നിലവിലെ സ്ഥാനത്തുനിന്നും മറ്റൊരു വിദ്യാഭ്യാസ സംവിധാനത്തിലേയ്ക്ക് മാറ്റുകയാണെങ്കില്വൈകല്യമുള്ള കുട്ടികൾക്ക് കൊടുക്കുന്ന സേവനങ്ങൾ കൊടുക്കേണ്ടതാണ്.

10 സ്കൂൾ  ദിവസങ്ങളോ അതില്കുറവോ ഒരു അദ്ധ്യയന വർഷത്തില്വൈകല്യമുള്ള ഒരു കുട്ടിയെ നിലവിലെ സ്ഥാനത്തുനിന്നും നീക്കിയിട്ടുണ്ടെങ്കില്മാത്രമേ സ്കൂൾ ജില്ലയ്ക്ക്, അതേ കാരണത്താല്നീക്കം ചെയ്ത വൈകല്യമില്ലാത്ത കുട്ടിയ്ക്കും സേവനങ്ങൾ നല്കിയിട്ടുണ്ടെങ്കില്സേവനങ്ങൾ നല്കേണ്ട ആവശ്യമുള്ളൂ. അച്ചടക്ക നടപടികളാല്നീക്കം ചെയ്ത വൈകല്യമില്ലാത്ത കുട്ടികൾക്ക് സേവനങ്ങൾ നല്കേണ്ട ആവശ്യം മിഷിഗണിനില്ല.

വൈകല്യമുള്ള ഒരു കുട്ടിയെ  10 **ല്കൂടുതല്അദ്ധ്യയന** ദിവസങ്ങളില്ക്കൂടുതല്നിലവിലെ വിദ്യാഭ്യാസസ്ഥാനത്തുനിന്നും നീക്കം ചെയ്തിട്ടുണ്ടെങ്കില്:

1. മറ്റു സംവിധാനങ്ങളിലൂടെയാണെങ്കിലും പൊതു വിദ്യാഭ്യാസ പാഠ്യക്രമത്തില്തുടരുന്നതിനായും കുട്ടിയുടെ *IEP* ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായും വിദ്യാഭ്യാസ സേവനങ്ങൾ സ്വീകരിക്കുന്നത് തുടരണം; **കൂടാതെ**
2. ശരിയായ രീതിയില്നിർവ്വഹണ സ്വഭാവ നിർണ്ണയം [Functional Behavioral Assessment (*FBA*)], ഇനി സ്വാഭാവ വൈകല്യം ആവർത്തിക്കാതിരിക്കുവാനുള്ള സ്വാഭാവരൂപീകരണ സേവനങ്ങൾ, രൂപാന്തരങ്ങൾ എന്നിവ സ്വീകരിക്കണം.

**10** സ്കൂൾ ദിവസങ്ങളോ അതില്കുറവോ അതേ അദ്ധ്യയന വർഷത്തില് വൈകല്യമുള്ള ഒരു കുട്ടിയെ നിലവിലെ സ്ഥാനത്തുനിന്നും നീക്കിയിട്ടുണ്ടെങ്കില്നിലവിലെ മാറ്റം **10** സ്കൂൾ ദിവസങ്ങളോ അതില്കുറവോ (താഴെ നോക്കുക)ആണെങ്കില്, **കൂടാതെ** അത് സ്ഥലം മാറ്റമല്ലെങ്കില് കുട്ടിയുടെ ഒരു ടീച്ചറെങ്കിലുമായി ചർച്ച ചെയ്ത് മറ്റു സംവിധാനങ്ങളിലൂടെയാണെങ്കിലും പൊതു വിദ്യാഭ്യാസ പാഠ്യക്രമത്തില്തുടരുന്നതിനായും

കുട്ടിയുടെ *IEP* ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായും ഏതൊക്കെ സേവനങ്ങളാണ് തുടർന്നും നല്കേണ്ടതെന്നും തീരുമാനിക്കേണ്ടതാണ്.

നീക്കം ചെയ്യല്സ്ഥലം മാറ്റം ആണെങ്കില്(താഴെ നിർവ്വചനം നോക്കുക) മറ്റു സംവിധാനങ്ങളിലൂടെയാണെങ്കിലും പൊതു വിദ്യാഭ്യാസ പാഠ്യക്രമത്തില്തുടരുന്നതിനായും കുട്ടിയുടെ *IEP* ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായും വേണ്ട വിദ്യാഭ്യാസ സേവനങ്ങൾ കുട്ടിയുടെ *IEP* ടീം ആയിരിക്കണം തീരുമാനിക്കേണ്ടത്.

**വൈകല്യങ്ങളുടെ ആവിർഭാവം തീരുമാനിക്കല്**

വൈകല്യമുള്ള ഒരു കുട്ടിയുടെ അച്ചടക്കലംഘനവുമായി ബന്ധപ്പെട്ട സ്ഥലം മാറ്റത്തെപ്പറ്റിയുള്ള ഏതൊരു തീരുമാനത്തിനും(സ്ഥലം മാറ്റമല്ലാതെ **10** സ്കൂൾ ദിവസങ്ങളോ അതില്കുറവോ ഉള്ള അച്ചടക്ക നടപടിയല്ലാതെ) 10 **അദ്ധ്യയന ദിവസങ്ങൾ** ക്കുള്ളില്സ്കൂൾ ജില്ല, രക്ഷിതാവ്, കുട്ടിയുടെ *IEP* ടീം എന്നിവർ കുട്ടിയുടെ ഫയലിലെ പ്രധാന വിവരങ്ങളെല്ലാം പരിശോധിക്കേണ്ടതാണ്. കുട്ടിയുടെ *IEP*, ടീച്ചർമാരുടെ നിരീക്ഷണങ്ങൾ, രക്ഷിതാക്കൾ നല്കുന്ന പ്രധാനവിവരങ്ങൾ എന്നിവ പ്രകാരം രക്ഷിതാക്കൾക്ക് താഴെക്കൊടുത്ത വിധം തീരുമാനിക്കാവുന്നതാണ്:

1. ആരോപണത്തിലുന്നയിച്ചിരിക്കുന്ന കൃത്യത്തിന് നേരിട്ട് കുട്ടിയുടെ വൈകല്യവുമായി ബന്ധമുണ്ടെങ്കില്; അല്ലെങ്കില്
2. ആരോപണത്തില്പറഞ്ഞ കൃത്യം സ്കൂൾ ജില്ല കുട്ടിയില് *IEP* ശരിയായി പ്രയോഗിക്കാത്തതിൻറെ ഫലമാണെങ്കില്.

സ്കൂൾ ജില്ലയും രക്ഷിതാവും കുട്ടിയുടെ *IEP* ടീമിലെ പ്രധാന അംഗങ്ങളും ഈ കാര്യങ്ങളിലേതെങ്കിലും ഉറപ്പാക്കിയാല്ആ കൃത്യം വൈകല്യത്തിൻറെ ആവിർഭാവമായി കാണേണ്ടതാണ്.

സ്കൂൾ ജില്ലയും രക്ഷിതാവും കുട്ടിയുടെ *IEP* ടീമിലെ പ്രധാന അംഗങ്ങളും ആരോപണത്തില്പറഞ്ഞ കൃത്യം സ്കൂൾ ജില്ല കുട്ടിയില്*IEP* ശരിയായി പ്രയോഗിക്കാത്തതിൻറെ ഫലമാണെന്ന് കണ്ടെത്തിയാല്സ്കൂൾ ജില്ല അടിയന്തിരമായി അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**കുട്ടിയുടെ വൈകല്യത്തിൻറെ ആവിർഭാവമായിരുന്നു ആ സ്വഭാവം എന്ന് തീരുമാനിക്കല്**

സ്കൂൾ ജില്ലയും രക്ഷിതാവും കുട്ടിയുടെ *IEP* ടീമിലെ പ്രധാന അംഗങ്ങളും ആ കൃത്യം വൈകല്യത്തിൻറെ ആവിർഭാവമാണെന്ന് കണ്ടെത്തിയാല്*IEP* ടീം തീർച്ചയായും:

1. സ്കൂൾ ജില്ല സ്ഥലം മാറ്റം സഭവിക്കാനിടയായ സംഭവത്തിനുമുമ്പ് *FBA* നടത്തിയിട്ടില്ലെങ്കില് ഒരു *FBA* നടത്തേണ്ടതാണ്. കൂടാതെ കുട്ടിയ്ക്ക് സ്വാഭാവ രൂപീകരണ പ്രക്രിയയും *[Behavioral Intervention Plan (BIP)]* നിർദ്ദേശിക്കേണ്ടതാണ്.
2. *BIP* മുമ്പേ തന്നെ വികസിപ്പിച്ചിട്ടുണ്ടെങ്കില്അത് വിലയിരുത്തി ആവശ്യമെങ്കില്സ്വഭാവത്തെ സംബോധന ചെയ്യുന്ന തരത്തില്മെച്ചപ്പെടുത്തുക.

**പ്രത്യേക സാഹചര്യങ്ങൾ** എന്ന തലക്കെട്ടിനടിയില്കൊടുത്തതൊഴികെയുള്ള സാഹചര്യങ്ങളില്കുട്ടിയെ സ്കൂൾ ജില്ല കുട്ടിയെ ഉണ്ടായിരുന്ന സാഥാനത്തുതന്നെ രക്ഷിതാവും ജില്ലയും, *BIP* മെച്ചപ്പെടുത്തുന്നതിനായി കുട്ടിയുടെ സ്ഥാനം മാറ്റാൻ തീരുമാനിക്കാത്ത പക്ഷം, നിലനിർത്തേണ്ടതാണ്.

**പ്രത്യേക സാഹചര്യങ്ങൾ**

പെരുമാറ്റം കുട്ടിയുടെ വൈകല്യവുമായി ബന്ധപ്പെട്ടതാണെങ്കിലും അല്ലെങ്കിലും താഴെപ്പറയുന്ന കാരണങ്ങളാല്കുട്ടിയെ മറ്റൊരു വിദ്യാഭ്യാസ സംവിധാനത്തിലേയ്ക്ക് .കുട്ടിയുടെ *IEP* ടീമിൻറെ നിർദ്ദേശപ്രകാരം. 45 അദ്ധ്യയന ദിവസങ്ങൾ വരെ മാറ്റാവുന്നതാണ്:

1. സ്കൂളിലേയ്ക്ക് ആയുധം കൊണ്ടുവരികയോ *MDE* യുടെയോ സ്കൂൾ ജില്ലയുടേയോ അധികാരപരിധിയിലുള്ള സ്കൂളിലോ പരിസരത്തോ സ്കൂൾ പരിപാടികളുടെ ഇടയ്ക്കോ ആയുധം കൈവശം വെയ്ക്കല്;
2. അറിവോടെ നിയമവിരുദ്ധമായ ലഹരി പദാർത്ഥങ്ങളോ നിയന്ത്രിത പദാർത്ഥങ്ങളോ കൈവശം വെയ്ക്കുകയോ വില്ക്കുകയോ സ്കൂളിലോ *MDE* യുടെയോ സ്കൂൾ ജില്ലയുടേയോ അധികാരപരിധിയിലുള്ള സ്കൂളിലോ പരിസരത്തോ സ്കൂൾ പരിപാടികളുടെ ഇടയ്ക്കോ നടത്തുക; അല്ലെങ്കില്
3. സ്കൂളിലോ *MDE* യുടെയോ സ്കൂൾ ജില്ലയുടേയോ അധികാരപരിധിയിലുള്ള സ്കൂളിലോ പരിസരത്തോ സ്കൂൾ പരിപാടികളുടെ ഇടയ്ക്കോ വെച്ച് മാരകമായ രീതിയില്ശാരീരികമായി മറ്റൊരാളെ മുറിവേല്്പിക്കുക.

## നിർവ്വചനങ്ങൾ

*നിയന്ത്രിത പദാർത്ഥങ്ങൾ* എന്നതുകൊണ്ടുദ്ദേശിക്കുന്നത് നിയന്ത്രിത പദാർത്ഥങ്ങളുടെ ചട്ടത്തിലെ (21 U.S.C. 812(c)) സെക്ഷൻ 202(c) യിലെ ഷെഡ്യൂളുകൾ I, II, III, IV, അല്ലെങ്കില് V പ്രകാരം തിരിച്ചറിഞ്ഞിട്ടുള്ള ഒരു ഡ്രഗോ മറ്റു പദാർത്ഥങ്ങളോ ആണ്.

*നിയമവിരുദ്ധമായ ലഹരിവസ്തു* എന്നുദ്ദേശിക്കുന്നത് ഒരു നിയന്ത്രിത പദാർത്ഥം ആണ്; എന്നാലിതില്നിയമപരമായി കൈവശം വെയ്ക്കുന്നതും ലൈസൻസ് ഉള്ള ഒരു ആരോഗ്യ വിദഗ്ദ്ധൻറെയോ ആ ചട്ടമോ ഫെഡറൽ നിയമപ്രകാരമോ അധികാരം ഉള്ള ആളുടേയോ മേല്നോട്ടത്തിൽ ഉപയോഗിക്കുന്നതുമായ നിയന്ത്രിത വസ്തുക്കൾ പെടുന്നതല്ല.

*മാരകമായ ശാരീരിക അപകടം* എന്നുദ്ദേശിക്കുന്നത് യുണൈറ്റഡ് സ്റ്റേറ്റ്സ് കോഡിലെ ടൈറ്റില്18 ലെ സെക്ഷൻ 1365 ലെ സബ്സെക്ഷൻ(h) ലെ (3) മാരകമായ ശാരീരിക അപകടം എന്ന പാരാഗ്രാഫിനടിയിലുള്ളതുപ്രകാരമാണ്. (അറ്റാച്ച്മെൻറ് A കാണുക.)

*ആയുധം* എന്നതുകൊണ്ടുദ്ദേശിക്കുന്നത് യുണൈറ്റഡ് സ്റ്റേറ്റ്സ് കോഡിലെ ടൈറ്റില്18 ലെ സെക്ഷൻ 930 ലെ സബ്സെക്ഷൻ(g) ലെ മാരകമായ ആയുധം എന്ന പാരാഗ്രാഫിനടിയിലുള്ളതു(2) പ്രകാരമാണ്. (അറ്റാച്ച്മെൻറ് A കാണുക.)

## വിജ്ഞാപനം

വിദ്യാർത്ഥികളുടെ അച്ചടക്കം ലംഘിച്ചതിന് കുട്ടിയെ നടപടിയുടെ ഭാഗമായി സ്ഥലം മാറ്റുവാൻ തീരുമാനിക്കുന്ന ദിവസം സ്കൂൾ ജില്ല ആ തീരുമാനത്തെപ്പറ്റി രക്ഷിതാക്കളെ അറിയിക്കുകയും സുരക്ഷാ മുൻകരുതലുകൾക്കുള്ള നടപടിക്രമങ്ങളുടെ നോട്ടീസ് കൊടുക്കുകയും വേണ്ടതാണ്.

## അച്ചടക്ക നടപടിയുടെ ഭാഗമായുള്ള സ്ഥലം മാറ്റലുകൾ

### 34 *CFR* §300.536

വൈകല്യമുള്ള ഒരു കുട്ടിയെ നിലവിലെ വിദ്യാഭ്യാസസ്ഥിതിയിൽ നിന്നും താഴെക്കൊടുത്തവ പ്രകാരം നീക്കം ചെയ്യുകയാണെങ്കിൽ അത് **സ്ഥലം മാറ്റം** ആയി പരിഗണിക്കും.

1. ഒറ്റയടിയ്ക്ക് 10 അദ്ധ്യയനദിവസങ്ങളിലും കൂടുതല്ദിവസത്തേയ്ക്കാണ് നീക്കം ചെയ്യുന്നതെങ്കില്; **അല്ലെങ്കില്**
2. കുട്ടി നിരന്തരമായി ഒരു ക്രമത്തില്നീക്കം ചെയ്യപ്പെടുന്നു, കാരണം:
    a. നിരന്തരമായി നീക്കം ചെയ്യലുകൾ ഒരു അദ്ധ്യയനവർഷത്തിലെ 10 അദ്ധ്യയനദിവസങ്ങളിലും കൂടുതല്;

b. കുട്ടിയുടെ പെരുമാറ്റം നീക്കം ചെയ്യലുകൾക്കിടയാക്കിയ മുമ്പത്തെ സംഭവങ്ങൾക്ക് വസ്തുതാപരമായി സമാനം; കൂടാതെ
c. ഒരോ നീക്കം ചെയ്യലിൻറേയും നീളം, കുട്ടി നീക്കം ചെയ്യപ്പെട്ട ആകെ സമയം, നീക്കം ചെയ്യലുകളുടെ സമാനത എന്നിങ്ങനെയുള്ള അധികവിവരങ്ങൾ.

കേസ് ബൈ കേസ് അടിസ്ഥാനത്തില്നിരന്തരമായ നീക്കം ചെയ്യലുകളുടെ ക്രമം മൂലം സ്ഥനമാറ്റം സ്കൂൾ ജില്ല നിർദ്ദേശിച്ചിട്ടും കോടതി മുഖാന്തിരം അത് ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടെങ്കില്.

## സംവിധാനത്തിൻറെ തീരുമാനം

**34 *CFR* §300.531**

*IEP* ടീം കുട്ടിയ്ക്കു വേണ്ട ഇടക്കാല മറ്റു വിദ്യാഭ്യാസ സംവിധാനം **സ്ഥലം മാറ്റം** വഴിയുള്ള നീക്കം ചെയ്യലുകൾ, **അധിക അധികാരം**, **പ്രത്യേക സാഹചര്യങ്ങൾ** എന്നീ തലക്കെട്ടുകളില്മുകളില്വിശദീകരിച്ചതു പ്രകാരമുള്ള നീക്കം ചെയ്യലുകൾ എന്നിവ നേരിട്ട കുട്ടികൾക്കായി ഒരുക്കേണ്ടതാണ്.

## അപ്പീല്

**34 *CFR* §300.532**

**പൊതുവായത്**

വൈകല്യമുള്ള ഒരു കുട്ടിയുടെ രക്ഷിതാവിന് മുറപ്രകാരമുള്ള വാദം കേൾക്കലിനായി മുറപ്രകാരമുള്ള പരാതി(മുകളില്കാണുക) കൊടുത്ത കാര്യങ്ങളില്അതൃപ്തിയുണ്ടെങ്കില്ഫയല്ചെയ്യാവുന്നതാണ്.

1. ഈ അച്ചടക്ക നടപടികളുടെ ഭാഗമായുള്ള സ്ഥലം മാറ്റം സംബന്ധിച്ച ഏതൊരു തീരുമാനവും; അല്ലെങ്കില്
2. മുകളില്വിശദീകരിച്ചതുപ്രകാരമുള്ള വൈകല്യങ്ങളുടെ ആവിർഭാവത്തിൻറെ തീരുമാനം.

കുട്ടിയുടെ നിലവിലെ വിദ്യാഭ്യാസസ്ഥിതി കുട്ടിയ്ക്കോ മറ്റാർക്കെങ്കിലുമോ അപകടം വരുത്തുമെന്ന് വിശ്വസിക്കുന്ന പക്ഷം സ്കൂൾ ജില്ലയ്ക്ക് മുറപ്രകാരമുള്ള വാദം കേൾക്കലിനായി മുറപ്രകാരമുള്ള പരാതി (മുകളില്നോക്കുക) നല്കാവുന്നതാണ്.

**അഡ്മിനിസ്ട്രേറ്റീവ് ലോ ജഡ്ജിയുടെ അധികാരം**

**നിഷ്പക്ഷ അഡ്മിനിസ്ട്രേറ്റീവ് ലോ ജഡ്ജി** എന്ന ഉപശീർഷകത്തിനകത്തു കൊടുത്തതു പ്രകാരമുള്ള ആവശ്യകതകൾ നിറവേറ്റിയ *ALJ* മുറപ്രകാരമുള്ള വാദം നടത്തുകയും ഒരു തീരുമാനമെടുക്കുകയും വേണം. *ALJ* യ്ക്ക്:

1. വൈകല്യമുള്ള ഒരു കുട്ടിയെ നീക്കം ചെയ്തത് **സ്കൂൾ അധികൃതരുടെ അധികാരം** എന്ന ശീർഷകത്തിനുതാഴെ കൊടുത്ത വ്യവസ്ഥകളുടെ ലംഘനമാണെന്നോ കുട്ടിയുടെ പെരുമാറ്റം കുട്ടിയുടെ വൈകല്യത്തിൻറെ ആവിർഭാവം ആണെന്നോ *ALJ* കണ്ടെത്തിയാല്കുട്ടിയെ മുമ്പുണ്ടായിരുന്ന നിലയില്തന്നെ തിരികെയെത്തിക്കാം.
2. കുട്ടിയുടെ നിലവിലുള്ള നില തുടരുന്നത് കുട്ടിയ്ക്കോ മറ്റുള്ളവർക്കോ അപകടം വരുത്തുമെന്ന് *ALJ* യ്ക്ക് ബോദ്ധ്യപ്പെട്ടാല്45 അദ്ധ്യയന ദിവസങ്ങൾക്കും അധികമല്ലാതെ ഇടക്കാല മറ്റു വിദ്യാഭ്യാസസംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനായി ഉത്തരവിടാം.

കുട്ടിയെ നിലവിലെ സ്ഥിതിയില്തുടരുന്നത് കുട്ടിയ്ക്കോ മറ്റുള്ളവർക്കോ അപകടം വരുത്തുമെന്ന് സ്കൂൾ ജില്ലയ്ക്ക് ബോദ്ധ്യമായാല്ഈ വാദം കേൾക്കല്പ്രക്രിയകൾ ആവർത്തിക്കപ്പെട്ടേക്കാം.

ഒരു രക്ഷിതാവോ സ്കൂൾ ജില്ലയോ മുറപ്രകാരമുള്ള വാദം കേൾക്കലിനായുള്ള പരാതി ഫയല്ചെയ്താല്താഴെ കൊടുത്തതു പ്രകാരമൊഴികെ **മുറപ്രകാരമുള്ള പരാതി**, **മുറപ്രകാരമുള്ള പരാതികളിലെ വാദം കേൾക്കല്** എന്നീ ശീർഷകങ്ങളുടെ കീഴെയുള്ള ആവശ്യകതകൾ നിറവേറ്റുന്ന തരത്തില്അത്തരം വാദം നടത്തേണ്ടതാണ്.

1. ധൃതി പിടിച്ച് മുറപ്രകാരമുള്ള വാദം കേൾക്കലിന് *MDE* ഏർപ്പാട് ചെയ്യുകയാണെങ്കില് ഹിയറിങ് ആവശ്യപ്പെട്ട് 20 അദ്ധ്യയനദിവസങ്ങൾക്കുള്ളില്വാദം കേൾക്കലും ശഷം 10 അദ്ധ്യയനദിവസങ്ങൾക്കുള്ളില്തീരുമാനവും എടുക്കണം.
2. രക്ഷിതാക്കളും സ്കൂൾ ജില്ലയും രേഖാമൂലം കാരണം കാണിക്കല്കൂടിക്കാഴ്ച ഒഴിവാക്കിയിട്ടില്ലെങ്കിലോ മദ്ധ്യസ്ഥത ഉപയോഗിക്കാൻ സമ്മതിച്ചിട്ടില്ലെങ്കിലോ മുറപ്രകാരമുള്ള പരാതിയ നോട്ടീസ് ലഭിച്ച് **ഏഴ്** കലണ്ടർ ദിവസങ്ങൾക്കകം കാരണം കാണിക്കല്കൂടിക്കാഴ്ച നടത്തേണ്ടതാണ്. മുറപ്രകാരമുള്ള പരാതി ലഭിച്ച് 15 കലണ്ടർ ദിവസങ്ങൾക്കകം രണ്ടു കക്ഷികൾക്കും തൃപ്തമായ രീതിയില്പരിഹരിച്ചില്ലെങ്കിൽ വാദം കേൾക്കല്മുന്നോട്ട് നീങ്ങും

വാദം കേൾക്കലില്ഉൾപ്പെട്ട കക്ഷി (നിങ്ങളോ നിങ്ങളുടെ സ്കൂൾ ജില്ലയോ) സിവില് ആക്ഷനുകളും ആ ആക്ഷനുകൾ ഫയല്ചെയ്യുന്നതിനുള്ള സമയക്രമങ്ങളും എന്ന ഭാഗത്ത്

കൊടുത്തതുപ്രകാരം സിവില്ആക്ഷൻ കൊണ്ടുവന്നില്ലെങ്കില് ത്വരിത ഗതിയിലുള്ള വാദം കേൾക്കലിൻറെ ഫലം അന്തിമമാകും.

## അപ്പീലിൻറെ സമയത്തെ കുട്ടിയുടെ സ്ഥാനം

**34 *CFR* §300.533**

മുകളില്കൊടുത്തതു പ്രകാരം രക്ഷിതാവോ സ്കൂൾ ജില്ലയോ അച്ചടക്കം സംബന്ധിച്ച കാര്യങ്ങളില് മുറപ്രകാരമുള്ള പരാതി ഫയല്ചെയ്താല്കുട്ടി ഹിയറിങ് ഓഫീസറുടെ തീരുമാനം ഉണ്ടാവുന്നതുവരെയോ സ്കൂൾ അധികൃതരുടെ അധികാരം എന്ന ശീർഷകത്തിലുള്ളതുപോലെ നീക്കം ചെയ്യലിൻറെ കാലാവധി കഴിയുന്നതു വരെയോ, ഏതാണ് ആദ്യമെന്ന ക്രമത്തില്ഇടക്കാല മറ്റു വിദ്യാഭ്യാസ സംവിധാനത്തില് (രക്ഷിതാവും *MDE* യോ സ്കൂൾ ജില്ലയോ സമ്മതിച്ചാല്) തുടരേണ്ടതാണ്.

## പ്രത്യേക വിദ്യാഭ്യാസത്തിനും അനുബന്ധ സേവനങ്ങൾക്കും ഇനിയും അർഹരായിട്ടില്ലാത്ത കുട്ടികളുടെ സംരക്ഷണം

**34 *CFR* §300.534**

### പൊതുവായത്

ഒരു കുട്ടി പ്രത്യേക വിദ്യാഭ്യാസത്തിനുള്ള അർഹത തെളിയിക്കാതിരിക്കുകയും പെരുമാറ്റച്ചട്ടം ലംഘിക്കുകയും എന്നാല്സ്കൂൾ ജില്ലയ്ക്ക് കുട്ടിയ്ക്ക് വൈകല്യമുണ്ടെന്ന് സംഭവം അതിനുമുമ്പ് അറിയുകയും ചെയ്യാമെങ്കില് (താഴെ ക്കൊടുത്തതു പോലെ) കുട്ടിയ്ക്ക് ഈ നോട്ടീസില്വിശദീകരിച്ച ഏതൊരു സംരക്ഷണത്തിനും അപേക്ഷിക്കാം.

### അച്ചടക്ക നടപടികളിലെ വിവരങ്ങളുടെ അടിസ്ഥാനം

അച്ചടക്ക നടപടിക്ക് കാരണമായ പെരുമാറ്റം നടക്കുന്നതിനു മുമ്പ് കുട്ടി ഒരു വൈകല്യമുള്ള കുട്ടിയാണെന്ന് സ്കൂൾ ജില്ലയ്ക്ക് ബോദ്ധ്യമുണ്ടായിരിക്കണം.

1. കുട്ടിയുടെ രക്ഷിതാവ് കുട്ടിയ്ക്ക് പ്രത്യേക വിദ്യാഭ്യാസവും അനുബന്ധ സേവനങ്ങളും ലഭ്യമാക്കണമെന്ന കരുതല്രേഖാമൂലം വിദ്യാഭ്യാസ ഏജൻസിയുടെ മേലധികാര അല്ലെങ്കില്ഭരണാധികാര അധികൃതരോടോ കുട്ടിയുടെ അദ്ധ്യാപകരോടോ പ്രകടിപ്പിച്ചിരിക്കണം;
2. *IDEA* യുടെ പാർട്ട് B പ്രകാരമുള്ള പ്രത്യേക വിദ്യാഭ്യാസത്തിനും അനുബന്ധസേവനങ്ങൾക്കും ഉള്ള യോഗ്യത തെളിയിക്കാനുള്ള മൂല്യനിർണ്ണയത്തിനായി അപേക്ഷിച്ചിരിക്കണം;

3. കുട്ടിയുടെ ടീച്ചറോ അല്ലെങ്കില്മറ്റു സ്കൂൾ ജില്ലാ അധികൃതരോ കുട്ടിയുടെ പെരുമാറ്റത്തിൻറെ ഒരു ക്രമം സംബന്ധിച്ച് പ്രത്യേക കരുതലുകൾ നേരിട്ട് സ്കൂൾ ജില്ലയുടെ പ്രത്യേക വിദ്യാഭ്യാസത്തിൻറെ ഡയറക്ടറോടോ മറ്റു മേലധികാരികളോടോ അറിയിച്ചിട്ടുണ്ടായിരിക്കണം.

**ആക്ഷേപങ്ങൾ**

താഴെക്കൊടുത്ത കാരണങ്ങളാൽ സ്കൂൾ ജില്ലയ്ക്ക് അത്തരം വിവരങ്ങളുണ്ടാവണമെന്നില്ല.

1. കുട്ടിയുടെ മൂല്യനിർണ്ണയത്തിനോ പ്രത്യേക വിദ്യാഭ്യാസ സേവനങ്ങൾക്കോ കുട്ടിയുടെ രക്ഷിതാവ് വിസമ്മതിച്ചുവെങ്കിൽ;
2. കുട്ടിയുടെ മൂല്യനിർണ്ണയം നടത്തുകയും *IDEA* യുടെ പാർട്ട് B പ്രകാരം കുട്ടിയ്ക്ക് വൈകല്യമില്ലെന്നും തീരുമാനിച്ചാൽ.

**അടിസ്ഥാനമായ വിവരങ്ങളില്ലെങ്കില്ബാധകമാവുന്ന നിബന്ധനകൾ**

കുട്ടിയ്ക്കെതിരെ അച്ചടക്കനടപടിയെടുക്കുന്നതിനു മുമ്പ് **അച്ചടക്ക നടപടികളിലെ വിവരങ്ങളുടെ അടിസ്ഥാനം, ആക്ഷേപങ്ങൾ** എന്നീ ഉപശീർഷകങ്ങളിലുള്ളതു പ്രകാരം കുട്ടി ഒരു വൈകല്യമുള്ള കുട്ടിയാണെന്ന ബോദ്ധ്യം സ്കൂൾ ജില്ലയ്ക്കില്ലെങ്കില്സമാനമായ പെരുമാറ്റം കാണിച്ച വൈകല്യമില്ലാത്ത കുട്ടികൾക്ക് ബാധകമായ അച്ചടക്ക നടപടികൾ നേരിടേണ്ടി വരും.

എങ്കിലും, കുട്ടി അച്ചടക്ക നടപടികൾ നേരിടുന്ന സമയത്ത് കുട്ടിയുടെ മൂല്യനിർണ്ണയത്തിനായി അപേക്ഷ കൊടുക്കുകയാണെങ്കില്ത്വരിതഗതിയിൽ മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

മൂല്യനിർണ്ണയം കഴിയുന്നതു വരെ കുട്ടി സ്കൂൾ അധികൃതർ നിർദ്ദേശിക്കുന്ന സസ്പെൻഷനോ പുറത്താക്കലോ ഉൾപ്പടെയുള്ള വിദ്യാഭ്യാസ നിലയില്തന്നെ തുടരേണ്ടതാണ്,

സ്കൂൾ ജില്ല നടത്തിയ മൂല്യനിർണ്ണയത്തിൻറെ വിവരങ്ങളും രക്ഷിതാവ് നല്കിയ വിവരങ്ങളും കണക്കിലെടുത്ത് കുട്ടി ഒരു വൈകല്യമുള്ള കുട്ടിയാണെന്ന് തീരുമാനിച്ചാല്മുകളില്വിശദീകരിച്ച അച്ചടക്കത്തിൻറെ ആവശ്യകതകളുൾപ്പടെ *IDEA* യിലെ പാർട്ട് B പ്രകാരമുള്ള പ്രത്യേക വിദ്യാഭ്യാസവും അനുബന്ധസേവനങ്ങളും സ്കൂൾ ജില്ല നൽകേണ്ടതാണ്.

## നിയമ നിർവ്വഹണ സമിതിയുടേയും നിയമ അധികൃതരുടേയും നടപടികളും തിരിച്ചയയ്ക്കലും

**34 *CFR* §300.535**
*IDEA* യിലെ പാർട്ട് B ചെയ്യാത്ത കാര്യങ്ങൾ:

1. വൈകല്യമുള്ള ഒരു കുട്ടി ചെയ്യുന്ന കുറ്റകൃത്യം ബന്ധപ്പെട്ട അധികർതർക്ക് റിപ്പോർട്ട് ചെയ്യുന്നതില്നിന്നും ഒരു ഏജൻസിയെ പിന്തിരിപ്പിക്കുക; അല്ലെങ്കില്
2. വൈകല്യമുള്ള ഒരു കുട്ടി ചെയ്ത കുറ്റകൃത്യവുമായി ബന്ധപ്പെട്ട ഫെഡറല്, സ്റ്റേറ്റ് നിയമപ്രകാരമുള്ള അപേക്ഷകളില്ഉത്തരവാദിത്തത്തോടെ മതിയായ നടപടികൾ എടുക്കുന്നതില്നിന്നും സ്റ്റേറ്റ് നിയമ നിർവ്വഹണ സമിതിയേയോ നിയമ അധികൃതരേയോ തടയുക.

### റെക്കോർഡുകൾ അയയ്ക്കല്

സ്കൂൾ ജില്ല വൈകല്യമുള്ള കുട്ട് നടത്തിയ കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുകയാണെങ്കില്സ്കൂൾ ജില്ല:

1. കുട്ടിയുടെ പ്രത്യേക വിദ്യാഭ്യാസം സംബന്ധിച്ച രേഖകളുടേയും അച്ചടക്ക നടപടിയുടേയും പകർപ്പുകൾ കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്ന അധികാരികൾക്ക് ഏജൻസി കൈമാറേണ്ടതാണ്;
2. *FERPA* പ്രകാരം അനുവദനീയമായ കുട്ടിയുടെ പ്രത്യേക വിദ്യാഭ്യാസം സംബന്ധിച്ച രേഖകളുടേയും അച്ചടക്ക നടപടിയുടേയും പകർപ്പുകൾ വിതരണം ചെയ്യാം.

## ഏകപക്ഷീയമായ കുട്ടിയെ പൊതു ചിലവില്സ്വകാര്യ സ്കൂളുകളില്ചേർക്കുന്നതിനുള്ള ആവശ്യകതകൾ

### പൊതുവായത്

**34 *CFR* §300.148**
വൈകല്യമുള്ള നിങ്ങളുടെ കുട്ടിയ്ക്ക് പ്രത്യേക വിദ്യാഭ്യാസവും അനുബന്ധ സേവനങ്ങളുമുൾപ്പടെയുള്ള വിദ്യാഭ്യാസത്തിൻറെ ചിലവോ, നിങ്ങളുടെ കുട്ടിയ്ക്ക് സ്കൂൾ ജില്ല *FAPE* ലഭ്യമാക്കുകയും നിങ്ങൾ കുട്ടിയെ സ്വകാര്യ സ്കൂളില്ചേർക്കാനുദ്ദേശിക്കുകയും ചെയ്തിട്ടുണ്ടെങ്കില് *IDEA* യുടെ പാർട്ട് B പ്രകാരം സ്കൂൾ ജില്ല നിങ്ങൾക്ക് നല്കേണ്ട ആവശ്യമില്ല. എന്നിരുന്നാലും നിങ്ങളുടെ കുട്ടി ചേർന്നിട്ടുള്ള സ്വകാര്യ സ്കൂൾ ഉൾപ്പെടുന്ന സ്കൂൾ ജില്ല നിങ്ങളുടെ കുട്ടിയെ 34 *CFR* §§300.131131 വഴി 300.144 .യുടെ പാർട്ട് B പ്രകാരമുള്ള പോപ്പുലേഷനില്ഉൾപ്പെടുത്തുകയും അപ്രകാരം തന്നെ പ്രത്യേക വിദ്യാഭ്യാസത്തിൻറെ ആവശ്യകതകൾ നിറവേറ്റേണ്ടതുമാണ്.

### സ്വകാര്യ സ്കൂളില്ചേരുവാൻ ചിലവായ പണം നല്കല്

ഒരു സ്കൂൾ ജില്ലയുടെ അധികാരത്തിനുകീഴില്നിങ്ങളുടെ കുട്ടിയ്ക്ക് പ്രത്യേക വിദ്യാഭ്യാസമോ അനുബന്ധസേവനങ്ങളോ ലഭിച്ചിട്ടുണ്ട്, നിങ്ങൾ നിങ്ങളുടെ കുട്ടിയെ ഒരു സ്വകാര്യ പ്രീ സ്കൂളിലോ എലമെൻററി സ്കൂളിലോ സെക്കൻററി സ്കൂളിലോ സ്കൂൾ ജില്ലയുടെ അനുവാദമോ ശുപാർശയോ കൂടാതെ ചേർത്തുന്നു, ഇവിടെ ഒരു കോടതിയ്ക്കോ *ALJ* യ്ക്കോ ഏജൻസി ശരിയായ രീതിയില് *FAPE* നിങ്ങളുടെ കുട്ടിയ്ക്ക് സമയപ്രദമായ രീതിയില്ലഭ്യമാക്കിയിട്ടില്ല എന്ന് കണ്ടെത്തിയാല് ചിലവ് തിരിച്ച് നിങ്ങൾക്ക് തരുവാൻ ഏജൻസിയോടാവശ്യപ്പെടാവുന്നതാണ്. *MDE* യോ സ്കൂൾ ജില്ലയോ നല്കുന്ന നിലവാരം ഇല്ലെങ്കില്പോലും *ALJ* യ്ക്കോ കോടതിയ്ക്കോ നിങ്ങളുടെ തീരുമാനം ശരി വെയ്ക്കാവുന്നതാണ്.

### ചിലവായ പണം നല്കുന്നതിനുള്ള പരിധി

മുകളിലെ പാരാഗ്രാഫില്കൊടുത്തതു പ്രകാരമുള്ള ചിലവായ പണത്തിൻറെ താഴെ പറയുന്ന കാരണങ്ങൾ കൊണ്ട് ചിലവ് കുറയ്ക്കുകയോ നിഷേധിക്കുകയോ ചെയ്യാം:

1. ഒന്നുകില്: (a) കുട്ടിയെ പബ്ലിക് സ്കൂളില്നിന്നും നീക്കം ചെയ്യുന്നതിനു മുമ്പ് നിങ്ങൾ പങ്കെടുത്ത ഏറ്റവുമടുത്ത *IEP* കൂടിക്കാഴ്ചയില് *IEP* ടീമിനോട് നിങ്ങൾ സ്കൂൾ ജില്ല *FAPE* നല്കുന്നതിനാവശ്യമായ നിയമനം നിരസിക്കുകയാണെന്നും പൊതു ചിലവില് കുട്ടിയെ സ്വകാര്യ സ്കൂളില്ചേർക്കുന്നതിനുള്ള നിങ്ങളുടെ കുട്ടിയെ

ചേർക്കുകയാണെന്നുമുള്ള വിവരം മറച്ചുവെച്ചു; അല്ലെങ്കില്(b) കുട്ടിയെ പബ്ലിക് സ്കൂളില്നിന്നും നീക്കുന്നതിന് 10 പ്രവൃത്തി ദിനങ്ങളെങ്കിലും മുമ്പ് (പ്രവൃത്തി ദിവസങ്ങളിലുൾപ്പെടുന്ന അവധി ദിവസങ്ങളുൾപ്പടെ) സ്കൂൾ ജില്ലയ്ക്ക് ആ വിവരം കാണിച്ച് രേഖാമൂലമുള്ള നോട്ടീസ് കൊടുത്തിട്ടില്ലെങ്കില്;

2. നിങ്ങളുടെ കുട്ടിയെ പബ്ലിക് സ്കൂളില്നിന്നും നീക്കം ചെയ്യുന്നതിനും മുമ്പ് സ്കൂൾ ജില്ല നിങ്ങളുടെ കുട്ടിയെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള ഉദ്ദേശം കാണിച്ച് നിങ്ങൾക്ക് മുൻകൂർ നോട്ടീസ് നല്കിയിട്ടും (യുക്തമായ മൂല്യനിർണ്ണയത്തിൻറെ ഉദ്ദേശമുൾക്കൊള്ളുന്ന പ്രസ്താവനയുൾപ്പടെ) നിങ്ങൾ നിങ്ങളുടെ കുട്ടിയെ മൂല്യനിർണ്ണയത്തിന് എത്തിക്കാതിരുന്നാല്; **അല്ലെങ്കില്**
3. നിങ്ങലുടെ നടപടികൾ യുക്തിരഹിതമാണെന്ന് ഒരു കോടതി കണ്ടെത്തിയാല്.

എന്നിരുന്നാലും ചിലവായ തുക:

1. ഇനി പറയുന്ന കാരണങ്ങളാല്കുറയ്ക്കുവാനോ തടയുവാനോ നോട്ടീ നല്കാതിരിക്കുവാനോ പാടുള്ളതല്ല. (a) നിങ്ങുടെ സ്കൂൾ നോട്ടീസ് നല്കുന്നതില്നിന്നും നിങ്ങളെ തടഞ്ഞു; (b) മുകളില്വിശദീകരിച്ചതുപ്രകാരം നിങ്ങൾ നല്കേണ്ട നോട്ടീസ് നിങ്ങൾക്ക് ലഭിച്ചില്ല; അല്ലെങ്കില് (c) മുകളില്കൊടുത്ത ആവശ്യകതകൾ നിറവേറ്റുന്നത് നിങ്ങളുടെ കുട്ടിയ്ക്ക് ശാരീരികമായി അപകടങ്ങളുണ്ടാക്കാനിടയാക്കും; കൂടാതെ
2. കോടതിയുടേയോ *ALJ* യുടേയോ വിവേചനാധികാരപ്രകാരം രക്ഷിതാക്കൾ കൊടുക്കേണ്ട നോട്ടീസ് നല്കിയില്ലെങ്കില്കുറയ്ക്കുവാനോ നിഷേധിക്കുവാനോ ഇനി പറയുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തില്പാടില്ല: (a) രക്ഷിതാവ് വിദ്യഭ്യാസമില്ലാത്തയാളും ഇംഗ്ലീഷ് എഴുതാനറിയാത്തയാളും(b) മുകളില്കൊടുത്ത ആവശ്യകതകൾ നിറവേറ്റുന്നത് നിങ്ങളുടെ കുട്ടിയ്ക്ക് കാര്യമായ മാനസികപ്രശ്നങ്ങളുണ്ടാക്കും.

## പ്രായപൂർത്തിയാകുമ്പോൾ രക്ഷിതാവിൻറെ അവകാശം കൈമാറുന്നത്

### 34 *CFR* §300.520

വൈകല്യമുള്ള ഒരു കുട്ടി പ്രായപൂർത്തിയാവുകയാണെങ്കില് (മിഷിഗണില്18 വയസ്സ്, കോടതി നിയമപ്രകാരം ഒരു രക്ഷിതാവിനെ നിയമിച്ചിട്ടില്ലെങ്കില്) പബ്ലിക് ഏജൻസി കുട്ടിയ്ക്കും രക്ഷിതാവിനും *IDEA* യിലെ പാർട്ട് B പ്രകാരം രക്ഷിതാവിനുള്ള എല്ലാ അവകാശങ്ങളും കുട്ടിയ്ക്ക് കൈമാറുകയാണെന്ന് കാണിച്ച് *IDEA* യിലെ പാർട്ട് B പ്രകാരമുള്ള എല്ലാ നോട്ടീസും നല്കേണ്ടതാണ്. ഫെഡറല്, സ്റ്റേറ്റ് ജുവനൈല് ഹോമുകളിലോ ജയിലുകളിലോ മറ്റോ പാർപ്പിച്ചിട്ടുള്ള ഏതൊരു വിദ്യാർത്ഥിയുടേയും രക്ഷിതാവില്നിക്ഷിപ്തമായ അവകാശങ്ങൾ പ്രായപൂർത്തിയായാല് വിദ്യാർത്ഥിക്കു തന്നെ ലഭിക്കുന്നതാണ്.

## അനുബന്ധം A- ഫെഡറല്നിർവ്വചനങ്ങൾ

### മാരകമായ ശാരീരിക പരിക്ക്

**18** USC 1365(h)

3. മാരകമായ ശാരീരിക പരിക്ക് എന്നതുകൊണ്ടുദ്ദേശിക്കുന്നത് താഴെപ്പറയുന്നപ്രകാരമുള്ള പരിക്കുകളാണ്-
   - (A) മരണത്തിനു കാരണമായേക്കാവുന്ന;
   - (B) കഠിനമായ ശരീര വേദനയുളവാക്കുന്ന;
   - (C) നീണ്ടു നില്ക്കുന്ന വൈരൂപ്യത്തിന് കാണമായേക്കാവുന്ന; അല്ലെങ്കില്
   - (D) ഏതെങ്കിലും ശരീര അവയവത്തിനോ മാനസികനിലയ്ക്കോ നീണ്ടു നില്ക്കുന്ന ക്ഷതമേല്പ്പിക്കുന്ന; കൂടാതെ
4. ശാരീരികമായ പരിക്ക് എന്നുദ്ദേശിക്കുന്നത്
   - (A) മുറിവോ പൊള്ളലോ പോറലോ വൈരൂപ്യമോ;
   - (B) ശാരീരികമായ വേദന;
   - (C) അസുഖം;
   - (D) ഏതെങ്കിലും ശരീര അവയവത്തിനോ മാനസികനിലയ്ക്കോ ക്ഷതമേല്പ്പിക്കുന്ന; അല്ലെങ്കില്
   - (E) എത്ര താത്കാലികമായാലും ഏറ്റ മറ്റു പരിക്കുകൾ.

### ആയുധം

18 USC 930(g)

(2) “അപകടകരമായ ആയുധം” എന്നുദ്ദേശിക്കുന്നത് കൊല്ലുവാനോ മാരകമായി മുറിവേല്പ്പിക്കുവാനോ കഴിവുള്ള ഒരു ആയുധമോ, ഉപകരണമോ, സാമഗ്രിയോ വസ്തുവോ, പദാർത്ഥമോ ജീവനുള്ളതോ ഇല്ലാത്തതോ ആയ വസ്തുക്കളോ ആണ്. ഇതില് 2 1/2 ഇഞ്ചില് താഴെയുള്ള പേനാക്കത്തി ഉൾപ്പെടുന്നതല്ല.